# ബജറ്റ് പ്രസംഗം

## 2013 - 2014

**ശ്രീമതി ഭദ്ര ബി.**

**ഡെപ്യൂട്ടി മേയർ**

**2013 മാർച്ച് 23**

**കൊച്ചി നഗരസഭ**

# ഉള്ളടക്കം


| | | പേജ് നമ്പർ |
|---|---|---|
| 1. | ആമുഖം | 9 |
| 2. | 2012-2013 ലെ പുതുക്കിയ ബജറ്റും 2013-2014 ലെ ബജറ്റ് നിർദ്ദേശവും | 15 |
| 3. | ഗതാഗതരംഗത്ത് നൂതന കാൽവെപ്പുകൾ | 15 |
| 4. | റോഡുകളുടെ നവീകരണം | 16 |
| 5. | മെട്രോ കൊച്ചിൻ ട്രാൻസ്പോർട്ട് കോർപ്പറേഷൻ (MCTC) | 18 |
| 6. | ട്രാഫിക്ക് മാസ്റ്റർ പ്ലാൻ | 19 |
| 7. | പെഡസ്ട്രിയൻ മാസ്റ്റർപ്ലാൻ ആന്റ് പെഡസ്ട്രിയൻ റൂട്ട്സ് | 20 |
| 8. | സൗത്ത്-മറൈൻ ഡ്രൈവ് പെഡസ്ട്രിയൻ വാക്ക് വേ | 20 |
| 9. | വാട്ടർ എഡ്ജ് വാക് വേ | 21 |
| 10. | 30 ജംഗ്ഷനുകൾ മാതൃകാ ജംഗ്ഷൻ നിലവാരത്തിലേക്കുയർത്തും | 22 |
| 11. | മ്യൂസിക് സ്കൈവാക്ക് | 22 |
| 12. | പൊതുഗതാഗത സംവിധാനങ്ങൾ | 23 |
| 13. | കൂടുതൽ ബസ്സ് സർവ്വീസുകൾ | 23 |
| 14. | ഷെയർ ഓട്ടോ | 23 |
| 15. | കോൾ ടാക്സി | 24 |
| 16. | പ്രീ പെയ്ഡ് ഓട്ടോ സ്റ്റാന്റുകൾ | 24 |
| 17. | കൂടുതൽ ഓട്ടോറിക്ഷകൾക്ക് സിറ്റി പെർമിറ്റ് | 25 |
| 18. | സൈക്കിൾ ട്രാക്ക് | 25 |
| 19. | മെട്രോ റെയിലുമായി ബന്ധപ്പെട്ട് നഗരത്തിൽ ഒരുക്കേണ്ട അടിസ്ഥാന സൗകര്യങ്ങൾ | 26 |

| | | |
|---|---|---|
| 20. | ഫീഡർ സിസ്റ്റം | 27 |
| 21. | മെട്രോ സ്റ്റേഷൻ പാർക്കിംഗ് | 27 |
| 22. | ഫ്ളൈ ഓവറുകൾ | 28 |
| 23. | റെയിൽവേ ഓവർബ്രിഡ്ജുകൾ | 29 |
| 24. | ജലഗതാഗതം | 29 |
| 25. | പ്രൈവറ്റ് ബോട്ടുകൾ | 30 |
| 26. | ചരക്കുനീക്കത്തിന് ജലഗതാഗതം | 30 |
| 27. | വെയർഹൗസുകളും ഗോഡൗണുകളും തിരക്കൊഴിഞ്ഞ സ്ഥലങ്ങളിലേക്ക് | 31 |
| 28. | പശ്ചിമകൊച്ചിക്കായി പ്രത്യേക പാക്കേജ് | 31 |
| 29. | ഇടക്കൊച്ചി സുസ്ഥിര വികസന പദ്ധതി | 33 |
| 30. | നഗരസഭ ആസ്ഥാന മന്ദിരം | 33 |
| 31. | പൊതുകെട്ടിടങ്ങളുടെ ആധുനികവൽക്കരണം | 34 |
| 32. | ഇടപ്പള്ളി ഇൻഫർമേഷൻ ടെക്നോളജി സമുച്ചയം | 34 |
| 33. | കൽവത്തി കമ്മ്യൂണിറ്റി ഹാൾ | 35 |
| 34. | പള്ളുരുത്തി കച്ചേരിപ്പടിയിൽ കമ്യൂണിറ്റി ഹാൾ | 35 |
| 35. | ചക്കാമടത്ത് മിനിഹാൾ | 35 |
| 36. | പുതിയ സ്ഥാപനങ്ങൾ | 35 |
| 37. | സബല | 36 |
| 38. | സൗജന്യ ചികിത്സയും വിദ്യാഭ്യാസവും | 36 |
| 39. | നവജാതശിശുക്കൾക്കായി പദ്ധതി | 36 |
| 40. | വിമൺസ് ലോഡ്ജ് | 37 |
| 41. | കുടുംബശ്രീ വനിതാബസ്സ് | 37 |
| 42. | കൗൺസലിംഗ് സെഷൻ | 37 |
| 43. | ബോധവൽക്കരണ ക്ലാസ്സുകൾ | 38 |

| | | |
|---|---|---|
| 44. | സാനിട്ടറി നാപ്കിൻ ഡിസ്പോസർ | 39 |
| 45. | സുരക്ഷാ പരിശീലന ക്ലബ്ബുകൾ | 39 |
| 46. | സ്ത്രീസുരക്ഷാ സമിതി | 39 |
| 47. | രാത്രി സുരക്ഷ | 40 |
| 48. | ശിശുസൗഹാർദ്ദ നഗരം | 40 |
| 49. | ഖരമാലിന്യ സംസ്ക്കരണം | 40 |
| 50. | ബ്രഹ്മപുരം പ്ലാന്റ് | 41 |
| 51. | ഇ-വേസ്റ്റിന് പുതിയ പ്ലാന്റ് | 41 |
| 52. | പ്ലാസ്റ്റിക്കിൽ നിന്നും ഇന്ധനം | 42 |
| 53. | ബ്രഹ്മപുരത്ത് കർമ്മസമിതി | 42 |
| 54. | മാലിന്യനീക്കത്തിന് പുതിയ കവചിത വാഹനങ്ങൾ | 43 |
| 55. | ശുചീകരണവും മാലിന്യനീക്കവും രാത്രിയിലേക്ക് | 43 |
| 56. | ജൈവവളം വിൽപ്പനക്ക് | 43 |
| 57. | വികേന്ദ്രീകൃത മാലിന്യ സംസ്കരണ പദ്ധതി | 43 |
| 58. | നന്മ അവാർഡ് | 44 |
| 59. | കൊതുകു നിവാരണ പ്രവർത്തനങ്ങൾ | 44 |
| 60. | പ്ലാസ്റ്റിക് ഫ്രീ കൊച്ചിൻ | 45 |
| 61. | സെൻട്രലൈസ്ഡ് സ്ലോട്ടർ ഹൗസ് | 45 |
| 62. | കൊച്ചിൻ സിറ്റി സാനിറ്റേഷൻ പ്ലാൻ | 46 |
| 63. | ഐലന്റിൽ പുതിയ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് | 47 |
| 64. | ബൗണ്ടറി കനാൽ നെറ്റ് കെട്ടി സംരക്ഷിക്കും | 47 |
| 65. | സ്വീവേജ് പദ്ധതി | 47 |
| 66. | കുടിവെള്ളം | 48 |
| 67. | പുതിയ കുടിവെള്ള പദ്ധതി | 48 |
| 68. | ആലുവ ശുദ്ധീകരണ ശാലയുടെ നവീകരണം പൂർത്തിയാക്കും | 48 |

| | | |
|---|---|---|
| 69. | ജലവിതരണ ശൃംഖല മെച്ചപ്പെടുത്തും | 49 |
| 70. | ടാങ്കർകുടിവെള്ളത്തിന്റെ ശുദ്ധത ഉറപ്പുവരുത്താൻ ലാബുകൾ | 49 |
| 71. | വെള്ളക്കെട്ട് നിവാരണ പദ്ധതി | 50 |
| 72. | കനാൽ ശുദ്ധീകരണം | 51 |
| 73. | വിദ്യാഭ്യാസം | 51 |
| 74. | സ്ക്കൂളുകളിൽ അടിസ്ഥാന സൗകര്യവികസനം | 52 |
| 75. | കൊച്ചിൻ ജോബ് ഫെയർ | 52 |
| 76. | അംഗനവാടികൾ | 53 |
| 77. | അന്യസംസ്ഥാനതൊഴിലാളികളുടെ കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസ സൗകര്യങ്ങൾ | 53 |
| 78. | കായികം | 54 |
| 79. | പള്ളുരുത്തിയിൽ ആധുനിക ക്രിക്കറ്റ്-ഫുട്ബോൾ ഗ്രൗണ്ട് | 54 |
| 80. | ഫോർട്ടുകൊച്ചി വെളിയിൽ ട്രാക്ക് ആന്റ് ഫീൽഡ് കം ഫുട്ബോൾ ഗ്രൗണ്ട് | 55 |
| 81. | എളമക്കര പ്ലേ ഗ്രൗണ്ട് നവീകരണം | 55 |
| 82. | എളംകുളം വെസ്റ്റ് യു.പി സ്ക്കൂൾ സ്പോർട്സ് ട്രെയിനിംഗ് സെന്ററാക്കും | 55 |
| 83. | വാലുമ്മേൽ സ്റ്റേഡിയം | 56 |
| 84. | ഗ്രീൻ സിറ്റി കൊച്ചിൻ | 56 |
| 85. | ക്വീൻ സിറ്റി - ഗാർഡൻ സിറ്റി | 57 |
| 86. | സോളാർ സിറ്റി പ്രൊജക്റ്റ് | 58 |
| 87. | ഗ്രീൻ ബിൽഡിംഗുകൾ | 58 |
| 88. | ഗ്രീൻ സോൺ | 58 |
| 89. | സ്ക്കൂളുകളിൽ ഗ്രീൻ കോർണർ | 59 |
| 90. | വീടുകളിൽ ഔഷധസസ്യ പരിപാലനം | 59 |

| | | |
|---|---|---|
| 91. | റെയിൻ വാട്ടർ ഹാർവെസ്റ്റിംഗ് | 60 |
| 92. | കാലാവസ്ഥാ വ്യതിയാനം | 60 |
| 93. | ഡ്യുവൽ ഫ്ളഷ് ടോയിലറ്റുകൾ നിർബന്ധമാക്കും | 61 |
| 94. | ദൃശ്യമലിനീകരണ നിയന്ത്രണ പദ്ധതി (വിഷ്വൽ പൊലൂഷ്യൻ കൺട്രോൾ) | 61 |
| 95. | ടൂറിസം | 62 |
| 96. | ടൂറിസം മേള | 62 |
| 97. | Annual Cochin Regatta | 63 |
| 98. | നഗരസന്ധ്യ | 63 |
| 99. | വെണ്ടുരുത്തി പഴയപാലത്തിൽ മാർക്കറ്റ് | 64 |
| 100. | മട്ടാഞ്ചേരി സ്പൈസ് മ്യൂസിയം | 64 |
| 101. | മൈക്രോ ലെവൽ ടൂറിസം | 64 |
| 102. | സ്വപ്ന തീരം | 65 |
| 103. | സാംസ്ക്കാരിക രംഗം | 65 |
| 104. | പി.ജെ ആന്റണി മെമ്മോറിയൽ സെന്റർ ഫോർ പെർഫോർമിംഗ് ആർട്സ് ആന്റ് റിസർച്ച് | 66 |
| 105. | ജി സ്മാരക സാംസ്ക്കാരിക സമുച്ചയം | 66 |
| 106. | ഭാഷാ സാംസ്ക്കാരിക വൈവിധ്യങ്ങൾ പരിപാലിക്കുന്നതിനായി ബൃഹത് പദ്ധതി | 67 |
| 107. | പൈതൃക പദ്ധതികൾ | 68 |
| 108. | ലൈബ്രറികൾ | 68 |
| 109. | വിദേശ നഗരങ്ങളുമായുള്ള സഹകരണം | 69 |
| 110. | സാമൂഹ്യ സുരക്ഷാ പദ്ധതികൾ | 70 |
| 111. | എല്ലാ ജനങ്ങൾക്കും അപകടമരണ ഇൻഷ്വറൻസ് | 70 |
| 112. | പട്ടികജാതി വികസനം | 70 |
| 113. | ഇതെന്റെ വീട് | 70 |

| | | |
|---|---|---|
| 114. | കമ്മ്യൂണിറ്റി ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് | 71 |
| 115. | വയോജനങ്ങൾക്കായി പകൽവീടുകളും വയോക്ലബ്ബുകളും | 71 |
| 116. | ആധുനിക മത്സ്യ വിപണന കേന്ദ്രങ്ങൾ | 72 |
| 117. | തൊഴിലധിഷ്ഠിത പരിശീലനം | 72 |
| 118. | നഗരസഭ സ്നേഹഭവനങ്ങൾ | 72 |
| 119. | കെന്നൽ - ശ്വാനസംരക്ഷണ കേന്ദ്രം | 73 |
| 120. | ചേരി വികസനം - രാജീവ് ഗാന്ധി ആവാസ് യോജന | 73 |
| 121. | പച്ചാളം ശാന്തി കുടീരം | 74 |
| 122. | ഇടപ്പള്ളി സ്മൃതിവനം | 74 |
| 123. | മറ്റു പൊതു ശ്മശാനങ്ങളുടെ നവീകരണം | 74 |
| 124. | ഇ-ഗവേർണൻസ് | 74 |
| 125. | CDP പരിഷ്ക്കരണം | 75 |
| 126. | SME രജിസ്ട്രേഷൻ വേഗത്തിലാക്കാൻ ഏകജാലക സംവിധാനം | 75 |
| 127. | Retirees for the Benefit of Cochin (റിട്ടയേർഡ് ഉദ്യോഗസ്ഥരുടെ സേവനം നഗരവികസനത്തിന്) | 76 |
| 128. | NRC (Non Resident Cochiites) For the Benefit of Cochin | 77 |
| 129. | ഡിസാസ്റ്റർ മാനേജ്മെന്റ് സെൽ | 77 |
| 130. | വരുമാന വർദ്ധനവ് | 78 |
| 131. | വാണിജ്യസ്ഥാപനങ്ങളിൽ നിന്നുള്ള മാലിന്യശേഖരണത്തിന് ഫീസ് | 78 |
| 132. | ഉപസംഹാരം | 79 |

ആരാധ്യനായ മേയർ, ബഹുമാന്യരായ സഭാംഗങ്ങളെ, മാധ്യമ പ്രതിനിധി കളെ, ഉദ്യോഗസ്ഥരെ, സുഹൃത്തുക്കളെ,

1. ലോകത്താകമാനം പാരമ്പര്യവികസന സങ്കല്പങ്ങൾ മാറി മറിയുകയും ശാസ്ത്രീയമായ പുതിയരീതികൾ നിലവിൽ വരികയും ചെയ്തുകൊണ്ടിരിക്കുന്നു. ഈ മാറ്റങ്ങളോട് മുഖം തിരിച്ചു നിൽക്കാതെ വികസനരംഗങ്ങളിൽ പുതിയ കാലത്തിന്റെ സ്പന്ദനങ്ങൾ കൊച്ചി നഗരവും ഏറ്റെടുത്തു തുടങ്ങി. അതിരുകൾക്കപ്പുറം വളർന്നു നിൽക്കുന്ന നഗരമായി കൊച്ചി മാറി. വാണിജ്യ വ്യാപാര സാംസ്ക്കാരിക വിനിമയങ്ങളിലൂടെ പുറംലോകമറിഞ്ഞ കൊച്ചി എന്ന നാമം ഇന്ന് വിവരസാങ്കേതികവിദ്യയിലധിഷ്ഠിതമായ ഗ്ലോബൽ സിറ്റിയായി മാറാനൊരുങ്ങി നിൽക്കുന്നു. ഈ വികസനക്കുതിപ്പ് തുടരുമ്പോൾ തദനുസൃതമായുള്ള പശ്ചാത്തലസൗകര്യങ്ങൾ ഒട്ടനവധി പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് നാം ഒരുക്കേണ്ടതുണ്ട്.

2. ഭാരതത്തിന്റെ വളർച്ചാഗതിയിൽ നഗരങ്ങൾ വഹിക്കുന്ന പങ്ക് വളരെ വലുതാണ്. 2001 ലെ സെൻസസിൽ 28.53 ശതമാനമായിരുന്നു നഗരങ്ങളിലെ ജനസംഖ്യാനുപാതം. 2011 ലെ സെൻസസ് പ്രകാരം അത് 31.16 ശതമാനത്തിലെത്തി നിൽക്കുന്നു. U.N ലോകജനസംഖ്യാ റിപ്പോർട്ട് പ്രകാരം 2030-ഓടെ ഭാരതത്തിലെ ജനസംഖ്യയുടെ 40.76 ശതമാനവും നഗരകേന്ദ്രീകൃതമാകുമെന്നാണ് റിപ്പോർട്ട്. എന്നാൽ കേരളത്തിൽ നഗരവൽക്കരണത്തിന്റെ നിരക്ക് 2011 സെൻസസ് പ്രകാരം ഇപ്പോൾത്തന്നെ 47.72 ആണ്. കേരളത്തിൽ ഏറ്റവും കൂടുതൽ നഗരവൽക്കരിക്കപ്പെട്ട ജില്ല 68.07 ശതമാനമുള്ള എറണാകുളമാണ്. ഈ പശ്ചാത്തലത്തിൽ വിശാലമായ ഒരു കാഴ്ചപ്പാടിൽ നിന്നുകൊണ്ടു വേണം കൊച്ചിയുടെ വികസനത്തെ നാം നോക്കിക്കാണേണ്ടത്.

3. കൊച്ചി തുറമുഖം, വല്ലാർപ്പാടം ഇന്റർനാഷണൽ ട്രാൻസ്ഷിപ്പ്മെന്റ് കണ്ടെയ്നർ ടെർമിനൽ, നേവൽബേസ്, ഇൻഫോപാർക്ക്, കൊച്ചി റിഫൈനറി തുടങ്ങിയ സ്ഥാപനങ്ങൾ നമ്മുടെ നഗരത്തിന്റെ മാത്രമല്ല കേരളത്തിന്റെ കൂടി അഭിമാനമാണ്. കൊച്ചി മെട്രോ റെയിൽ, സ്മാർട്ട് സിറ്റി, എൽ.എൻ.ജി.

ടെർമിനൽ എന്നിവ കൂടി പ്രവർത്തനമാരംഭിക്കുന്നതോടെ നഗരത്തിന് കൂടുതൽ അടിസ്ഥാനസൗകര്യങ്ങൾ ആവശ്യമായി വരും. പൊതു സ്വകാര്യമേഖലകളിൽ കേരളത്തിൽ ഏറ്റവും കൂടുതൽ തൊഴിലവസരം സൃഷ്ടിക്കുന്ന നഗരവും നമ്മുടേതാണ്. കൊച്ചിയുടെ വികസനം കേരളത്തിന്റെ വികസനത്തിന്റെ ഗതിവേഗം വർദ്ധിപ്പിക്കും എന്ന കാര്യത്തിൽ സംശയമില്ല. ഈ പശ്ചാത്തലത്തിൽ കൊച്ചിയുടെ വരുംകാല വികസനാവശ്യങ്ങൾ കൂടി സമന്വയിപ്പിക്കുന്ന പ്രവർത്തനങ്ങളുമായാണ് നഗരസഭ മുന്നോട്ടു പോകുന്നത്.

4. കൊച്ചിയെ ഇന്ത്യയിലെ പ്രധാന നഗരങ്ങളുടെ ശ്രേണിയിലേക്ക് ഉയർത്തുന്നതിനാവശ്യമായ വിവിധ പദ്ധതികൾ ബഹുമാനപ്പെട്ട കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അനുവദിക്കുന്നതിലുള്ള നന്ദി ഈ അവസരത്തിൽ ഞാൻ രേഖപ്പെടുത്തുന്നു. അടിസ്ഥാന സൗകര്യങ്ങളായ ഗതാഗതം, ജലവിതരണം, മാലിന്യനിർമ്മാർജ്ജനം എന്നിവ കൂടുതൽ മെച്ചപ്പെടുത്തുക, കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ചിരുന്നതും നിലവിൽ തുടരുന്നതുമായ പദ്ധതികൾ വിജയകരമായും സമയബന്ധിതമായും പൂർത്തീകരിക്കുക എന്നതിനുമാണ് ഈ ബജറ്റ് കൂടുതൽ ശ്രദ്ധചെലുത്തുന്നത്.

5. 2012-2013 ബജറ്റിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതികളെല്ലാം തന്നെ ഒരു സാമ്പത്തികവർഷത്തിനുള്ളിൽ പൂർത്തീകരിക്കാവുന്നയായിരുന്നില്ല. ബജറ്റിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് ആത്മാർത്ഥമായ ശ്രമങ്ങൾ ഈ കൗൺസിൽ നടത്തിയിട്ടുണ്ട്. കഴിഞ്ഞ ബജറ്റിന്റെ തുടർച്ചയായ പ്രവർത്തനങ്ങളാണ് ഈ ബജറ്റ് ലക്ഷ്യമിടുന്നത്. കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതികളുടെ തുടർപ്രവർത്തനങ്ങൾ ഈ സാമ്പത്തികവർഷവും നടക്കുന്നതായിരിക്കും.

6. ബജറ്റ് അവതരിപ്പിക്കുകയും പിന്നീട് അതിൽ തുടർ പ്രവർത്തനങ്ങളില്ലാതെ വിസ്മരിക്കുകയും ചെയ്യുക എന്ന രീതിയിൽ നിന്നും വിഭിന്നമായി ബജറ്റിലെ ഓരോ പദ്ധതികളും പ്രത്യേകമായി റിവ്യൂ ചെയ്യുന്ന സമ്പ്രദായം ആദ്യമായി ഏർപ്പെടുത്തുക വഴി വലിയൊരു മാറ്റത്തിന് തുടക്കം കുറിച്ചു എന്ന വസ്തുത അഭിമാനപൂർവ്വം ഞാൻ നിങ്ങളുടെ മുന്നിൽ അവതരിപ്പി

ക്കട്ടെ. ഓരോ വകുപ്പുമേധാവിയും ക്രമമായ ഇടവേളകളിൽ ഓരോ പദ്ധതിയുടേയും നിലവിലെ സ്ഥിതി വിവരിക്കുക, അത് വിശകലനത്തിന് വിധേയമാക്കുക എന്നിങ്ങനെയുള്ള ബജറ്റ് റിവ്യൂ പ്രവർത്തനങ്ങൾ തുടർച്ചയായി നടത്തുകയുണ്ടായി. മാത്രമല്ല വിവിധ വകുപ്പുകളുടെ പ്രവർത്തന നിലവാരവും പുരോഗതിയും ശാസ്ത്രീയമായി കണക്കാക്കി വിശകലനം ചെയ്യുകയും ചെയ്തു. അതിന്റെ ഫലമായി കഴിഞ്ഞ സാമ്പത്തിക വർഷം പ്രഖ്യാപിക്കപ്പെട്ട പദ്ധതികളിൽ 80 ശതമാനത്തിനുമേൽ പദ്ധതികൾക്കും തുടക്കം കുറിക്കാൻ സാധിച്ചു എന്നത് അഭിമാനാർഹമായ നേട്ടമാണ്. കൊച്ചി നഗരസഭയുടെ സമീപകാല ചരിത്രങ്ങളിലൊന്നും ഇത്രയും ഉയർന്ന ശതമാനം പദ്ധതികൾക്ക് തുടക്കം കുറിച്ചതായി കാണാനാവില്ല.

7. നഗരത്തിൽ പുതുതായി നിർമ്മിക്കപ്പെടുന്ന റോഡുകൾ പോലും പെട്ടെന്ന് തകരുകയോ ആയുസ്സ് കുറയുകയോ ചെയ്യുന്ന അവസ്ഥയിലായിരുന്നു. ഇതിന്റെ കാരണം കണ്ടെത്താനും ശാസ്ത്രീയമായ മാർഗ്ഗങ്ങൾ അവലംബിച്ച് പരിഹാരം കണ്ടെത്തുവാനും ഈ വിഷയത്തിലെ വിദഗ്ദ്ധരെ പങ്കെടുപ്പിച്ചു കൊണ്ട് ഒരു 'റോഡ് കോൺക്ലേവ്' സംഘടിപ്പിക്കുകയും അതിൽ ഉയർന്നു വന്ന ആശയങ്ങളായ BM & BC, കോൺക്രീറ്റ് റോഡ്, ഇന്റർ ലോക്കിംഗ് ടൈൽസ് എന്നീ രീതികൾ നടപ്പിൽ വരുത്തുകയും ചെയ്തു. കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ആദ്യമായി സംസ്ഥാന പ്ലാൻ ഫണ്ട് ഉപയോഗിച്ചുകൊണ്ട് BM & BC രീതിയിൽ 5 വർഷ ഗ്യാരന്റിയോടെ റോഡുകൾ നിർമ്മിക്കപ്പെട്ടത് കൊച്ചിയിലാണ്. ഇത്തരം തീരുമാനങ്ങളുടെ ഫലമായി ചരിത്രത്തിലാദ്യമായി നഗരത്തിലെ മുഴുവൻ റോഡുകളും ഒരേസമയം സഞ്ചാരയോഗ്യമായ കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്. സംസ്ഥാന പൊതുമരാമത്ത് വകുപ്പ്, കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് എന്നിവരുടെ സഹായത്തോടെ നഗരത്തിലെ 70 ലധികം റോഡുകൾ സഞ്ചാരയോഗ്യമായതോടെ നഗരത്തിലെ ഗതാഗതം സുഗമമായി. നോർത്ത് ഓവർബ്രിഡ്ജ്, KSRTC ബസ് സ്റ്റാന്റിന് സമീപത്തുകൂടിയുള്ള റെയിൽവേ ഓവർബ്രിഡ്ജ് എന്നിവ പൂർത്തീകരിക്കുന്നതോടെ നഗരഗതാഗതം കൂടുതൽ മെച്ചപ്പെട്ടതാകും.

8. കേരളത്തിലെ പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും മാലിന്യശേഖരണവും മാലിന്യസംസ്ക്കരണവുമായി ബന്ധപ്പെട്ട് പലവിധ പ്രശ്നങ്ങൾ സംജാതമായപ്പോഴും കൊച്ചിയിൽ ഈ മേഖലയിൽ പ്രതിസന്ധി ഉണ്ടായില്ല എന്നത് ഈ ഭരണസമിതിയുടെ ഇച്ഛാശക്തിയുടെ ഫലമാണ്. മാലിന്യസംസ്ക്കരണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രഥമവും പ്രധാനവുമായ കടമയാണ് എന്ന തിരിച്ചറിവാണ് മാലിന്യ സംസ്ക്കരണരംഗത്ത് മാതൃകാപരമായ പ്രവർത്തനങ്ങൾ കാഴ്ചവെക്കാൻ നമ്മെ പ്രാപ്തമാക്കിയത്. ഇന്ന് സമീപ മുനിസിപ്പാലിറ്റികളിൽ നിന്നുപോലും മാലിന്യം ശേഖരിച്ച് സംസ്ക്കരിക്കുന്ന തരത്തിൽ ബ്രഹ്മപുരത്തെ പ്ലാന്റിനെ മാറ്റിയെടുത്തു എന്നത് അഭിമാനാർഹമായ നേട്ടമാണ്. വർഷങ്ങളായി സംസ്ക്കരിക്കാതെ കിടന്നിരുന്ന മുഴുവൻ ജൈവമാലിന്യവും സംസ്ക്കരിക്കുകയും പ്ലാസ്റ്റിക് മാലിന്യം സർക്കാർ അംഗീകരിച്ച സയന്റിഫിക് ക്യാപ്പിംഗ് പോലുള്ള ശാസ്ത്രീയ മാർഗ്ഗങ്ങൾ ഉപയോഗിച്ച് സംസ്ക്കരിക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിക്കുകയും ചെയ്തു. എങ്കിൽപ്പോലും മാലിന്യ സംസ്ക്കരണരംഗത്ത് ഇനിയും നാം ബഹുദൂരം മുന്നേറേണ്ടതുണ്ട്.

9. ദാരിദ്ര്യ ലഘൂകരണം, ഭവനം, കുടുംബശ്രീ പ്രവർത്തനങ്ങൾ, കുടിവെള്ളം, സാമൂഹ്യക്ഷേമം, ഗതാഗത വികസനം എന്നിവയുൾപ്പെടെ അടിസ്ഥാന വികസനരംഗങ്ങളിൽ കാര്യമായ ഇടപെടലുകളാണ് കഴിഞ്ഞവർഷം നടത്തപ്പെട്ടത്. സേവനങ്ങളുടെ 24 X 7 എന്ന ലക്ഷ്യത്തിലേക്കുള്ള ഇ-ഗവേർണൻസ് പ്രാവർത്തികമാക്കാനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്. ജീവനക്കാരുടെ സമയക്ലിപ്തത ഉറപ്പുവരുത്താൻ ബയോമെട്രിക് പഞ്ചിംഗ് സിസ്റ്റം ഏർപ്പെടുത്തിയ കേരളത്തിലെ ആദ്യത്തെ തദ്ദേശസ്വയംഭരണ സ്ഥാപനമായി കൊച്ചി മാറി. തേവര-പേരണ്ടൂർ കനാൽ ഉൾപ്പെടെ ഒട്ടനവധി കനാലുകളിലെ തടസ്സം നീക്കി വൃത്തിയാക്കുക വഴി കനാലുകളുടെ നീരൊഴുക്ക് സുഗമമാക്കാൻ ഈ കൗൺസിലിന് സാധിച്ചു. 'കൊച്ചിൻ ഫസ്റ്റ് എന്ന പദ്ധതിയിലൂടെ രവിപുരം ശ്മശാനം ആധുനികവൽക്കരിച്ചു. കൊച്ചി നഗരത്തിന്റെ വിവിധ ഗതാഗത മാർഗ്ഗങ്ങൾ ഒരു കുടക്കീഴിലാക്കാനുള്ള യൂണിഫൈഡ് മെട്രോപ്പൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി (യു.എം.ടി.എ.)

രൂപീകരണവുമായി ബന്ധപ്പെട്ടുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടത്തി. ശുചിത്വം ഉറപ്പാക്കിക്കൊണ്ടുള്ള ഹൈജീനിക് തട്ടുകടകൾ, സ്ക്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ് റൂമുകൾ, മാലിന്യം വലിച്ചെറിയുന്നവരെ കണ്ടെത്താൻ സർവൈലെൻസ് ക്യാമറകൾ എന്നിങ്ങനെയുള്ള നൂതന പദ്ധതികൾ ഏറ്റെടുത്ത് നടത്തുവാൻ സാധിച്ചു എന്നത് ഈ ഭരണസമിതിയുടെ നേട്ടങ്ങളിൽ ചിലത് മാത്രമാണ്.

10. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് വരുമാനമാർഗ്ഗങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് പരസ്യനികുതി. പരസ്യനികുതി പിരിക്കുവാനുള്ള കരാർ ഏജൻസികൾക്ക് കുത്തക നൽകുകയായിരുന്നു മുൻകാലങ്ങളിൽ സ്വീകരിച്ചിരുന്ന രീതി. ഇതിൽനിന്നും വിഭിന്നമായി നഗരസഭ നേരിട്ട് പരസ്യനികുതി പിരിക്കണം എന്ന ദൃഢമായ തീരുമാനം ഈ കൗൺസിൽ എടുത്തതോടെ നഗരസഭക്ക് വരുമാനത്തിൽ വൻ വർദ്ധനവാണുണ്ടായത്. 2008-09 കാലയളവിൽ 35 ലക്ഷവും 2009-10 ൽ 41 ലക്ഷവും 2010-11 ൽ 42 ലക്ഷവും 2011-12 ൽ 82 ലക്ഷവും നഗരസഭക്ക് ലഭിച്ച സ്ഥാനത്ത് 2012-2013 സാമ്പത്തിക വർഷത്തിൽ ഈ നീക്കത്തിലൂടെ ഇതുവരെ രണ്ട് കോടിയിലധികം രൂപ സമാഹരിക്കാൻ സാധിച്ചു എന്നത് കൊച്ചി നഗരസഭയുടെ ചരിത്രത്തിൽ മാത്രമല്ല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചരിത്രത്തിൽത്തന്നെ വിപ്ലവകരമായ നേട്ടമാണ്. ഇത്തരുണത്തിൽ സാധാരണക്കാർക്ക് നികുതി ഭാരം അടിച്ചേൽപ്പിക്കാതെ നികുതിചോർച്ചകൾ കുറച്ചുകൊണ്ടും കുടിശ്ശിക ഇനത്തിൽ ലഭിക്കേണ്ട വരുമാനം പിരിച്ചുകൊണ്ടും ഓണർഷിപ്പ് റീ അസസ്സ്മെന്റ്, സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ എന്നിവ നിർബന്ധമാക്കിക്കൊണ്ടും കൂടുതൽ വരുമാനം നഗരസഭ ലക്ഷ്യം വെക്കുന്നു.

11. നഗരസഭയുടെ തനത് വരുമാനം കൊണ്ടുമാത്രം വികസനപ്രവർത്തനങ്ങൾ യഥാവിധം നടപ്പിലാക്കാൻ സാധിക്കുകയില്ല എന്നത് യാഥാർത്ഥ്യമാണ്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് പദ്ധതി ചെലവിന്റെ 20 ശതമാനം തുക നഗരസഭ കണ്ടെത്തേണ്ടതുണ്ട്. വികസന പ്രവർത്തനങ്ങൾക്കായി ഏറ്റെടുക്കേണ്ട ഭൂമിയുടെ ഭാരിച്ച വിലയും ടെണ്ടർ എക്സസും നഗരസഭയുടെ സാമ്പത്തികനിലയെ താളംതെറ്റിക്കുന്നുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളി

ലൂടെയും സംസ്ഥാന സർക്കാരിൽനിന്നും കൂടുതൽ സാമ്പത്തികസഹായം ലഭ്യമാക്കിക്കൊണ്ടും കൂടുതൽ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതാണ്. കഴിഞ്ഞ വർഷങ്ങളിൽ പ്രാവർത്തികമാക്കിയ പബ്ലിക് പ്രൈവറ്റ് പാർട്ട്ണർഷിപ്പ് മോഡലുകൾ തെരെഞ്ഞെടുക്കപ്പെടുന്ന പദ്ധതികൾക്കായി ഉപയോഗിച്ചുകൊണ്ട് കൂടുതൽ വികസനം സാധ്യമാക്കും. ഈ വർഷം മുതൽ പൊതുമേഖലാ സ്ഥാപനങ്ങൾക്കും കോർപ്പറേറ്റ് സ്ഥാപനങ്ങൾക്കും കേന്ദ്രസർക്കാർ നിയമംമൂലം നിർബന്ധമാക്കിയ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ട് നഗരത്തിന്റെ വികസനത്തിനായി ലഭ്യമാക്കും. കൂടാതെ ആന്യൂറ്റി സ്കീം, ഡെപ്പോസിറ്റ് വർക്ക് എന്നീ മാർഗ്ഗങ്ങൾ പദ്ധതി നിർവ്വഹണത്തിനായി തുടർന്നും ഉപയോഗപ്പെടുത്തും. നമ്മുടെ നഗരത്തിന്റെ വികസന കാര്യങ്ങളിൽ യാതൊരു വിട്ടുവീഴ്ചയ്ക്കും ഈ കൗൺസിൽ തയ്യാറല്ല എന്ന് അസന്നിഗ്ദമായി പ്രഖ്യാപിക്കട്ടെ.

12. റോഡുകൾ വാഹനങ്ങൾക്ക് വേണ്ടി മാത്രം എന്ന നമ്മുടെ മുൻവിധിക്കെതിരെ കാൽനടയാത്രികരുടെ പക്ഷം ചേരുന്ന പ്രവർത്തനങ്ങൾ ഈ ബജറ്റിലുൾപ്പെടുത്തിയിട്ടുണ്ട്. അതുപോലെ ജനങ്ങളുടെ ആരോഗ്യം, കുട്ടികളുടെ വിദ്യാഭ്യാസം എന്നീ മേഖലകളിലും ഈ ബജറ്റ് പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നു. നഗരത്തിലെ റോഡുകളും കെട്ടിടങ്ങളും മാത്രമല്ല വികസിക്കേണ്ടത് അതോടൊപ്പം ജനങ്ങളുടെ ജീവിത സാഹചര്യങ്ങളും ജീവിതശൈലിയും മനോഭാവവും വികസിക്കേണ്ടതുണ്ട് എന്ന യാഥാർത്ഥ്യത്തെ അടുത്തറിയുന്ന രീതിയിലാണ് ഈ ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്.

13. സ്ത്രീകളുടെ സുരക്ഷക്ക് ഈ ബജറ്റ് പ്രഥമ പരിഗണന നൽകുന്നു. കൊച്ചിയെ ഇന്ത്യയിലെ ആദ്യത്തെ സ്ത്രീ സൗഹാർദ്ദ നഗരമാക്കി മാറ്റാനുള്ള നിർദ്ദേശങ്ങൾ ഉൾപ്പെട്ട സ്ത്രീപക്ഷ ബജറ്റാണിത്. കൊച്ചിയുടെ പൊതുസ്ഥലങ്ങളെ സംരക്ഷിക്കുന്ന പ്രവർത്തനങ്ങളും നഗരവൽക്കരണത്തിനിടയിൽ നഷ്ടപ്പെട്ടു പോകുന്ന പച്ചപ്പിനെ തിരികെ കൊണ്ടുവരാനുള്ള ശ്രമങ്ങളും ഈ ബജറ്റിലുണ്ടാകും. കൊച്ചിയെ ഗ്രീൻ സിറ്റിയായി ഉയർത്തുവാനുള്ള നടപടികൾ ഈ ബജറ്റ് വിഭാവനം ചെയ്യുന്നു. പ്രകൃതിയും സ്ത്രീയും അമ്മ

യാണ് എന്ന് തിരിച്ചറിഞ്ഞ് അവയെ സംരക്ഷിക്കാനുള്ള കൊച്ചിയുടെ ശ്രമമാണ് ഈ ബജറ്റ്.

14. ഈ നഗരത്തിന്റെ ഭാവി വികസനത്തിനുതകുന്ന ശാസ്ത്രീയവും ദീർഘവീക്ഷണത്തോടെയുമുള്ള ബജറ്റാണ് നിങ്ങളുടെ മുമ്പാകെ അവതരിപ്പിക്കുന്നത്. കൊച്ചിയുടെ വികസനത്തിന് രാഷ്ട്രീയവും സങ്കുചിതവുമായ ചിന്താഗതികൾക്കതീതമായുള്ള സഹകരണം അഭ്യർത്ഥിച്ചു കൊണ്ട് 2013-2014 സാമ്പത്തിക വർഷത്തെ ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് വേണ്ടി ബഹുമാനപ്പെട്ട കൗൺസിൽ മുമ്പാകെ അവതരിപ്പിക്കുന്നു.

## 2012-2013 ലെ പുതുക്കിയ ബജറ്റും 2013-2014 ലെ ബജറ്റ് നിർദ്ദേശവും

15. 2012-2013 ലെ 332,34,68,108/- രൂപ വരവും 295,75,34,850/- രൂപ ചെലവും 31,33,73,758/- രൂപ നീക്കിബാക്കിയും പ്രതീക്ഷിക്കുന്ന പുതുക്കിയ ബജറ്റും

16. 2013-2014 ലേക്ക് 877,97,65,245/- രൂപ വരവും 849,86,67,850/- രൂപ ചെലവും 18,56,62,395/- രൂപ നീക്കിബാക്കിയും പ്രതീക്ഷിക്കുന്ന ബജറ്റ് എസ്റ്റിമേറ്റ് കൗൺസിലിന്റെ ചർച്ചയ്ക്കും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

## ഗതാഗതരംഗത്ത് നൂതന കാൽവെപ്പുകൾ

17. കേരളത്തിൽ ഏറ്റവും വാഹനസാന്ദ്രത കൂടിയ നഗരം കൊച്ചിയാണ്. ദിനംപ്രതി നൂറുകണക്കിന് വാഹനങ്ങളാണ് കൊച്ചിയുടെ നിരത്തിലിറങ്ങുന്നത്. പക്ഷേ ഈ വാഹനപ്പെരുപ്പത്തിനനുസരിച്ച് നമ്മുടെ റോഡുകൾ വികസിച്ചിട്ടില്ല എന്നത് യാഥാർത്ഥ്യമാണ്. സ്ഥല ലഭ്യതയും ഭൂമിയുടെ കൂടിയ മൂല്യവുമാണ് ഏറ്റവും വലിയ വെല്ലുവിളികൾ. കൊച്ചിയുടെ ഗതാഗതപ്രശ്നങ്ങളെക്കുറിച്ച് നിരവധി പഠനങ്ങൾ നടത്തിയിട്ടുണ്ടെങ്കിലും കാലോചിതമായ മാറ്റങ്ങൾ നടപ്പിൽ വരുത്താൻ വിവിധ വകുപ്പുകൾക്ക് സാധിച്ചിട്ടില്ല. റോഡ് വഴിയുള്ള ഗതാഗതമാർഗ്ഗങ്ങൾ മാത്രമല്ല, പകരം കൊച്ചിക്ക് അനുയോജ്യമായ ജലഗതാഗത മാർഗ്ഗങ്ങൾ നാം കൂടുതലായി ഉപയോഗിക്കേണ്ടതുണ്ട്. കൊച്ചിയുടെ പ്രധാനഭാഗങ്ങളെല്ലാം ജലപാതകളാൽ സമ്പുഷ്ടമാണ്.

ജലഗതാഗത മാർഗ്ഗങ്ങൾ കൂടുതൽ മെച്ചപ്പെടുത്താനുള്ള നടപടികൾ നഗര സഭയുടെ ഭാഗത്തുനിന്നുണ്ടാകും.

18. കൊച്ചി നിവാസികളുടെ സ്വപ്നപദ്ധതിയായ കൊച്ചി മെട്രോ റെയിലിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. നഗരത്തിന്റെ വളർച്ചയെ മെട്രോ റെയിൽ കൂടുതൽ ഉയരങ്ങളിലേക്കെത്തിക്കുമെന്ന കാര്യത്തിൽ സംശയ മില്ല.

## റോഡുകളുടെ നവീകരണം

19. കുണ്ടും കുഴിയും നിറഞ്ഞ റോഡുകൾ പഴങ്കഥകൾ മാത്രമായി മാറി. നഗര ത്തിലെ റോഡുകളെല്ലാം ഇന്ന് ഉന്നത നിലവാരത്തിലുള്ളവയാണ്. ദേശീയ സംസ്ഥാന പാതകൾക്കൊപ്പം നഗരസഭാ റോഡുകളും BM & BC രീതി യിൽ ടാർ ചെയ്ത് മികച്ച രീതിയിൽ നിലനിൽക്കുന്നു. കാലാകാലങ്ങളായി പിന്തുടർന്നിരുന്ന പി.ഡബ്ല്യു.ഡി. മാനുവലിൽ നിന്നും മാറി ആധുനികമായ മാർഗ്ഗങ്ങളുപയോഗിച്ച് റോഡുകൾ നിർമ്മിക്കാൻ ആരംഭിച്ചു. അതുവഴി നഗരത്തിലെ റോഡുകൾ ദീർഘകാലം നിലനിൽക്കുന്നവയായി രൂപപ്പെട്ടു.

20. പുതുതായി നിർമ്മിക്കുന്ന റോഡുകളും അതാത് പ്രദേശത്തിന് അനുയോ ജ്യമായ രീതിയിൽ ആധുനിക മാർഗ്ഗങ്ങളുപയോഗിച്ച് നിർമ്മിക്കും. നഗര ത്തിലെ റോഡുകൾ ഇന്റർലോക്കിംഗ് ടൈൽസ് ഉപയോഗിച്ച് നിർമ്മിക്കണ മെന്ന ആശയം ബഹു. കൗൺസിൽ അംഗം ശ്രീ. കെ.ജെ. ജേക്കബ് മുന്നോട്ടു വെക്കുകയുണ്ടായി. പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിയ ഇന്റർലോ ക്കിംഗ് റോഡുകൾ വിജയകരമാണെന്ന് കണ്ടതിനെത്തുടർന്ന് കൂടുതൽ റോഡുകൾ ഈ രീതിയിൽ നിർമ്മിക്കുന്നതാണ്. അതുപോലെ കഴിഞ്ഞ വർഷം അഞ്ച് വർഷം ഗ്യാരന്റിയോടെ നിർമ്മിക്കപ്പെട്ട റോഡുകളുടെ മാ തൃക പിന്തുടർന്ന് കൂടുതൽ റോഡുകൾ അഞ്ച് വർഷം ഗ്യാരന്റിയോടെ നിർമ്മിക്കും. കൂടാതെ ദേശീയപാതകളിലെ കാന നിർമ്മാണ മാതൃകയിൽ നഗരത്തിലെ കാന നിർമ്മാണത്തിന് പ്രീ കാസ്റ്റിംഗ് സാങ്കേതികവിദ്യ ഉചി തമായ സ്ഥലങ്ങളിൽ ഉപയോഗപ്പെടുത്തും.

21. ചിറ്റൂർ റോഡിലെ ബഹുഭൂരിപക്ഷം ഭാഗങ്ങളും കൊച്ചി മെട്രോ റെയിൽ അനുബന്ധപ്രവർത്തനങ്ങളിലുൾപ്പെടുത്തി പൂർത്തീകരിച്ചിട്ടുണ്ട്. ഇതിൽ ഉൾപ്പെടാത്ത വടുതല മുതൽ കാട്ടുങ്കൽ അമ്പലം വരെയുള്ള ഭാഗവും രാജാജി റോഡ് മുതൽ വളഞ്ഞമ്പലം വരെയുള്ള ഭാഗവും BM & BC രീതിയിൽ ടാർചെയ്ത് നവീകരിക്കും.

22. കെ.പി വള്ളോൻ റോഡ്, സുഭാഷ് ചന്ദ്രബോസ് റോഡ്, പണ്ഢിറ്റ് കറുപ്പൻ റോഡ്, വാസ്ക്കോഡഗാമ സ്ക്വയർ മുതൽ നെഹ്റു പാർക്ക് വരെയുള്ള ബീച്ച് റോഡ്, വാസ്ക്കോഡഗാമ സ്ക്വയർ മുതൽ ഡച്ച് സെമിത്തേരി വരെയുള്ള ഡച്ച് റോഡ് എന്നീ റോഡുകളും BM & BC രീതിയിൽ ടാർ ചെയ്ത് ഈ സാമ്പത്തികവർഷം നവീകരിക്കും.

23. എം.ജി റോഡിൽ നിന്നും ദേശീയപാത 47 ലേക്ക് നേരിട്ട് എത്തുവാനുള്ള തമ്മനം-പുല്ലേപ്പടി റോഡിന്റെ എളംകുളം, എറണാകുളം വില്ലേജുകളിലെ സ്ഥലമേറ്റെടുപ്പ് അന്തിമഘട്ടത്തിലാണ്. സ്ഥലമേറ്റെടുപ്പ് ഏപ്രിൽ മാസത്തോടെ പൂർത്തീകരിക്കും. ഈ റോഡ് സീ പോർട്ട് എയർപോർട്ട് റോഡുമായി ബന്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തും.

24. എസ്.എ. റോഡ് വെസ്റ്റ് എക്സ്റ്റൻഷൻ പദ്ധതിയുടെ ഭാഗമായി പള്ളിമുക്ക് മുതൽ ഫൈൻ ആർട്സ് വരെയുള്ള ഭാഗത്ത് 22 മീറ്റർ വീതിയായി റോഡ് വികസിപ്പിക്കുന്നതിനുള്ള അനുമതിക്കായി സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ആകെ 7.78 ആർ ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്. നിർദ്ദിഷ്ട പദ്ധതി കേരള റോഡ് ഫണ്ട് ബോർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കണമെന്ന് ബഹു. കേരള സർക്കാരിനോട് അഭ്യർത്ഥിക്കും.

25. ഗോശ്രീ മുതൽ അഞ്ചുമന വഴി ബൈപാസിലെത്തുന്ന പുതിയ റോഡിന്റെ ഗോശ്രീ മുതൽ പൊറ്റക്കുഴി വരെയുള്ള ഒന്നാം ഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി സമർപ്പിച്ച പ്ലാനിൽ നിർദ്ദേശിക്കപ്പെട്ട ചില മാറ്റങ്ങൾ വരുത്തുവാനും റിവൈസ്ഡ് അലൈൻമെന്റ് ചെയ്യുവാനും കിറ്റ്കോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

26. പശ്ചിമകൊച്ചിയിലെ ഏറ്റവും പ്രധാന റോഡുകളിലൊന്നായ പള്ളുരുത്തി 40 അടി റോഡ് ഇടക്കൊച്ചി വരെ നീട്ടും.

27. ഉദയാനഗർ റോഡ് ആധുനിക രീതിയിൽ ഡിസൈൻഡ് റോഡ് ആക്കി പുതുക്കിപ്പണിയും.

28. നോർത്ത്–സൗത്ത് കോറിഡോർ റോഡ് വീതികൂട്ടി 10 മീറ്ററിൽ നിർമ്മിക്കുന്നതിനുള്ള അലൈൻമന്റ് സ്കെച്ച് തയ്യാറായിട്ടുണ്ട്. ഹൈക്കോർട്ട് ജംഗ്ഷൻ മുതൽ ചേംബർ ജംഗ്ഷൻ വരെയുള്ള ഷണ്മുഖം റോഡിനെ മോഡൽ റോഡായി വികസിപ്പിക്കുന്നതിനുള്ള പദ്ധതിയുടെ ഡീറ്റെൽഡ് പ്രൊജക്ട് പ്രൊപ്പോസൽ തയ്യാറാക്കപ്പെട്ടിട്ടുണ്ട്. ഈ റോഡുകളുടെ നിർമ്മാണം പി.പി.പി. മോഡലിൽ ഏറ്റെടുത്ത് നടത്തുതിന് കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രിയും കേരള ചേംബർ ഓഫ് കോമേഴ്സ് ആന്റ് ഇൻഡസ്ട്രിയും മുന്നോട്ടു വന്നിട്ടുണ്ട്.

29. കൂടാതെ കഴിഞ്ഞ സാമ്പത്തിക വർഷത്തെ ബജറ്റിൽ പ്രഖ്യാപിക്കപ്പെട്ടിരുന്നതും ഇപ്പോൾ തുടരുന്നതുമായ മുഴുവൻ റോഡ് നിർമ്മാണ പ്രവർത്തനങ്ങൾക്കും പ്രത്യേക പരിഗണന നൽകി സമയബന്ധിതമായി പൂർത്തിയാക്കും.

30. റോഡുകളുടെ നവീകരണത്തിനും മെയിന്റനൻസിനും മറ്റ് പ്രവർത്തനങ്ങൾക്കുമായി ഈ ബജറ്റിൽ 30 കോടി രൂപ വകയിരുത്തുന്നു.

## മെട്രോ കൊച്ചിൻ ട്രാൻസ്പോർട്ട് കോർപ്പറേഷൻ (MCTC)

31. നഗരത്തിലെ പൊതുഗതാഗത സൗകര്യവികസനത്തിനായി കൊച്ചി നഗരസഭയുടെ നേതൃത്വത്തിൽ സ്വന്തമായി ബസ്സ്–ബോട്ട് സർവ്വീസുകൾ ആരംഭിക്കുന്നതിനായി മെട്രോ കൊച്ചിൻ ട്രാൻസ്പോർട്ട് കോർപ്പറേഷൻ രൂപീകരിക്കും. ബഹു. കേന്ദ്രസർക്കാരിന്റെ ജവഹർലാൽ നെഹ്റു നാഷണൽ അർബൻ റിന്യൂവൽ മിഷൻ (JnNURM) പദ്ധതി പ്രകാരം കൊച്ചിക്ക് ലഭ്യമായിട്ടുള്ള എ.സി, നോൺ എ.സി ലോ ഫ്ളോർ ബസ്സുകളുടെ നടത്തിപ്പിന്

കേന്ദ്രസർക്കാർ നിർദ്ദേശ പ്രകാരമുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) രൂപീകരിക്കേണ്ടത് അത്യാവശ്യമാണ്. മെട്രോ കൊച്ചിൻ ട്രാൻസ് പോർട്ട് കോർപ്പറേഷൻ കൊച്ചിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി പ്രവർത്തിക്കും.

32. MCTC രൂപീകരിക്കുന്നതിലൂടെ കൊച്ചിയിലെയും സമീപ പ്രദേശങ്ങളിലേയും യാത്രാക്ലേശം പരിഹരിക്കുന്നതിന് അനുവദിക്കപ്പെട്ട ബസ്സുകൾ മറ്റാവശ്യ ങ്ങൾക്കുപയോഗിക്കുന്നത് തടയാനാകും. ഇപ്പോൾ പൊതുഗതാഗത സൗ കര്യങ്ങൾ ലഭ്യമല്ലാത്തതും കുറവുള്ളതുമായ പ്രദേശങ്ങളെ കണ്ടെത്തി കൂടുതൽ സർവ്വീസുകൾ നടത്തുവാൻ ഇതിലൂടെ സാധിക്കും. നിലവിൽ വലിയബസ്സുകൾ കടന്നുചെല്ലാത്തതും യാത്രക്കാർ കൂടുതലുള്ളതുമായ റൂട്ടുകളിൽ നഗരസഭയുടെ നേതൃത്വത്തിൽ മിനി ബസ്സുകൾ വാങ്ങിച്ചുകൊ ണ്ട് സർവ്വീസ് നടത്തുവാനും MCTC രൂപീകരിക്കുന്നതോടെ സാധിക്കും. MCTC യുടെ രൂപീകരണവുമായി ബന്ധപ്പെട്ട പ്രാരംഭ പ്രവർത്തനങ്ങൾ ക്കായി ഈ ബജറ്റിൽ 1 കോടി രൂപ നീക്കി വെക്കുന്നു.

## ട്രാഫിക്ക് മാസ്റ്റർ പ്ലാൻ

33. നഗരത്തിലെ ഗതാഗത പരിഷ്ക്കാരങ്ങൾ പലതും അശാസ്ത്രീയമായ രീതി യിലാണ് നടക്കുന്നത്. വിവിധ വകുപ്പുകളുടെ ഏകീകരണമില്ലായ്മ ഇതി നൊരു പ്രധാന ഘടകമാണ്. പലപ്പോഴും ഉദ്യോഗസ്ഥർ മാറുന്നതിനനുസ രിച്ച് നഗരഗതാഗതസംവിധാനത്തിൽ മാറ്റങ്ങൾ വരുത്താറുണ്ട്. വാഹനങ്ങ ളുടേയും യാത്രക്കാരുടേയും കൃത്യമായ സ്ഥിതിവിവരക്കണക്കുകളുടെ അടി സ്ഥാനത്തിലല്ല ഗതാഗത പരിഷ്ക്കാരങ്ങൾ പ്രാവർത്തികമാക്കുന്നത്. ഇതി നൊരു പരിഹാരമെന്ന നിലയിൽ കൊച്ചിക്കായി ട്രാഫിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് നഗരസഭ മുൻകൈ എടുക്കും. നഗരത്തിലെ മുഴുവൻ റോഡുകളുടേയും കൃത്യമായ വിവരങ്ങൾ, നിലവിലെ വീതി, വീതി വർദ്ധി പ്പിക്കാൻ പറ്റുമോ ഇല്ലയോ എന്നുള്ള വിവരം, വാഹനങ്ങളുടെ കണക്കു വിവരങ്ങൾ, യാത്രക്കാരുടെ എണ്ണം, ബസ്സ് റൂട്ടുകൾ, റോഡിന് അനുയോ ജ്യമായ ട്രാഫിക് സിസ്റ്റം എന്നിവ മാസ്റ്റർ പ്ലാനിൽ വിശദമായി ഉൾക്കൊ

ള്ളിക്കും. മെട്രോ റെയിൽ ഗതാഗതം കൂടി ഉൾക്കൊള്ളിച്ചുകൊണ്ട് 20 വർഷം മുന്നിൽ കണ്ടുകൊണ്ടായിരിക്കും ട്രാഫിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുക. യൂണിഫൈഡ് മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി രൂപീകരണവുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾക്കും ഇത്തരമൊരു ട്രാഫിക് മാസ്റ്റർ പ്ലാൻ സഹായകരമാകും.

ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി ബജറ്റിൽ 10 ലക്ഷം രൂപ നീക്കി വെക്കുന്നു.

## പെഡസ്ട്രിയൻ മാസ്റ്റർപ്ലാൻ ആന്റ് പെഡസ്ട്രിയൻ റൂട്ട്സ്

34. റോഡിലൂടെയുള്ള കാൽനടയാത്ര ഒരു ഭാഗ്യപരീക്ഷണമായി മാറിക്കൊണ്ടിരിക്കുകയാണ്. പല രാജ്യങ്ങളിലും കാൽനടയാത്രികന് റോഡിൽ പ്രഥമ പരിഗണന ലഭിക്കുമ്പോൾ ഇന്ത്യയിൽ കാൽനടയാത്രികന് അവസാന പരിഗണന മാത്രമാണ് നൽകുന്നത്. നഗരവൽക്കരണം അതിവേഗം നടക്കുന്ന നഗരമെന്ന നിലയിൽ കൊച്ചിയിലെ നിരത്തുകൾ വാഹനങ്ങളാൽ നിറയുകയാണ്. ഇതിനിടയിൽ കാൽനടയാത്രികർ അവഗണിക്കപ്പെടുന്നു. പലയിടത്തും കാൽനടയാത്രികർക്ക് സഞ്ചരിക്കാൻ നടപ്പാത ഇല്ല എന്ന അവസ്ഥ നിർഭാഗ്യവശാൽ ഇന്നും നിലനിൽക്കുന്നു. ഇതിനൊരു പരിഹാരമായി നഗരത്തിൽ മുഴുവൻ റോഡുകളിലും നടപ്പാതകൾ നിർമ്മിക്കുന്നതിന് മുന്നോടിയായി ഒരു പെഡസ്ട്രിയൻ മാസ്റ്റർ പ്ലാൻ തയ്യാറാക്കും. അതനുസരിച്ച് പെഡസ്ട്രിയൻ റൂട്ട് കണ്ടെത്തുകയും വാഹനത്തിരക്കുകളിൽ പെടാതെ കാൽനടയാത്രികർക്ക് നഗരത്തിലൂടെ സഞ്ചരിക്കാൻ പറ്റുന്ന സ്ഥിതിയൊരുക്കുകയും ചെയ്യും.

ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി ബജറ്റിൽ 5 ലക്ഷം രൂപ വകയിരുത്തുന്നു.

## സൗത്ത്–മറൈൻ ഡ്രൈവ് പെഡസ്ട്രിയൻ വാക്ക് വേ

35. എറണാകുളം സൗത്തിൽനിന്നും മറൈൻഡ്രൈവ് വരെയുള്ള പ്രദേശം പരിസ്ഥിതി–പൈതൃക സമ്പത്തുകളാൽ ശ്രദ്ധേയമാണ്. ഇവ ആസ്വദിച്ചുകൊണ്ട് വാഹനങ്ങളുടെ ശല്യമില്ലാതെ കാൽനടയാത്രികർക്ക് റോഡരികിലൂടെ

നടന്നുപോകുന്നതിനുള്ള സൗത്ത്-മറൈൻ ഡ്രൈവ് പെഡസ്ട്രിയൻ വാക്ക് വേ നിർമ്മിക്കും. നഗരത്തിലേക്ക് സായാഹ്നം ആസ്വദിക്കാൻ ഏറ്റവുമധികം ജനങ്ങൾ എത്തുന്ന സ്ഥലം കൊച്ചിക്കായലിനോട് ചേർന്നുള്ള പ്രദേശങ്ങളാണ്. ഈ പ്രദേശത്തുകൂടെ സ്വസ്ഥമായി നടക്കാൻ പറ്റുന്ന അവസരം ഇതിലൂടെ കൈവരും. ടൈൽ പാകി മനോഹരമാക്കിയ നടപ്പാതകൾക്ക് കൈവരികളും, ഇരിപ്പിടങ്ങളും സജ്ജീകരിക്കും. കൂടാതെ റൂഫുകൾ, ഫോൺ ബൂത്ത്, മൊബൈൽ ചാർജിംഗ് യൂണിറ്റുകൾ, ദിശാസൂചകങ്ങൾ എന്നിവ ഇതിന്റെ ഭാഗമാക്കും.

36. ഗോശ്രീ പാലം മുതൽ എം.ജി റോഡുവഴി തേവര പാലം വരെയും, പള്ളുരുത്തി വെളി, നോർത്ത് റെയിൽവേ സ്റ്റേഷൻ കിഴക്കേ കവാടം മുതൽ കലൂർ വരെയും പെഡസ്ട്രിയൻ വാക്ക് വേ നിർമ്മിക്കാനുള്ള നടപടികൾ ആരംഭിക്കും.

പി.പി.പി മോഡലിൽ ഈ പദ്ധതി ഈ സാമ്പത്തിക വർഷം തന്നെ ആരംഭിക്കുന്നതാണ്.

## വാട്ടർ എഡ്ജ് വാക് വേ

37. കായലോരവുമായി ബന്ധപ്പെട്ട നിരവധി പ്രദേശങ്ങൾ നമുക്ക് സ്വന്തമായുണ്ട്. പല വിദേശരാജ്യങ്ങളും കൃത്രിമതടാകങ്ങൾ കെട്ടിയുണ്ടാക്കി അതിനുചുറ്റും വാക് വേ നിർമ്മിക്കുമ്പോൾ ജലാശയങ്ങളാൽ നിറഞ്ഞ കൊച്ചിയിൽ അത്തരമൊരു പദ്ധതി ഇല്ല എന്നത് നിരാശാജനകമാണ്. കായലിനോടും ജലാശയങ്ങളോടും ചേർന്ന് അനുയോജ്യമായ സ്ഥലങ്ങളിലെല്ലാം വാട്ടർ എഡ്ജ് വാക് വേ നിർമ്മിക്കാനുള്ള പദ്ധതിക്ക് ഈ ബജറ്റ് തുടക്കം കുറിക്കുന്നു.

38. തോപ്പുംപടി മുതൽ കമാലക്കടവ് ജെട്ടി വരെയുള്ള കായൽ തീരത്തിന് സമീപത്ത് വാട്ടർ എഡ്ജ് വാക് വേ നിർമ്മിക്കും. ടൂറിസം വകുപ്പിന്റെ സഹായത്തോടെയാണ് ഈ പദ്ധതി പൂർത്തീകരിക്കുക. ഇതിന്റെ പദ്ധതി രേഖ തയ്യാറാക്കുന്നതിന് 5 ലക്ഷം രൂപ നീക്കി വെക്കുന്നു.

## 30 ജംഗ്ഷനുകൾ മാതൃകാ ജംഗ്ഷൻ നിലവാരത്തിലേക്കുയർത്തും

39. നഗരത്തിലെ പ്രധാന ജംഗ്ഷനുകൾ പലതും പലവിധ അസൗകര്യങ്ങളാൽ വീർപ്പ് മുട്ടുന്ന അവസ്ഥ നിലവിലുണ്ട്. അതിനൊരു പരിഹാരമെന്ന നിലയിൽ പ്രധാന 30 ജംഗ്ഷനുകളെ മാതൃകാ ജംഗ്ഷൻ നിലവാരത്തിലേക്കുയർത്തും.

40. ഇടപ്പള്ളി സിഗ്നൽ ജംഗ്ഷൻ, പാലാരിവട്ടം ബൈപ്പാസ് ജംഗ്ഷൻ, പാലാരിവട്ടം ജംഗ്ഷൻ, കലൂർ, കച്ചേരിപ്പടി, ഹൈക്കോർട്ട് ജംഗ്ഷൻ, പത്മ, ഷേണായീസ് ജംഗ്ഷൻ, പള്ളിമുക്ക്, രവിപുരം, തേവര, വൈറ്റില, കടവന്ത്ര, തോപ്പുംപടി, കുമ്പളങ്ങി വഴി, കപ്പലണ്ടിമുക്ക്, തമ്മനം ജംഗ്ഷൻ, കതൃക്കടവ്, സൗത്ത് റെയിൽവേ സ്റ്റേഷൻ ജംഗ്ഷൻ, നോർത്ത് ജംഗ്ഷൻ എന്നിവയുൾപ്പെടെ തെരെഞ്ഞെടുക്കപ്പെടുന്ന 30 ജംഗ്ഷനുകൾ മാതൃകാ ജംഗ്ഷൻ നിലവാരത്തിലേക്കുയർത്തും.

പി.പി.പി മോഡലിൽ പദ്ധതി നടപ്പിലാക്കും.

## മ്യൂസിക് സ്കൈവാക്ക്

41. ഏറ്റവും കൂടുതൽപേർ വിനോദ സഞ്ചാരത്തിനും ഷോപ്പിംഗിനുമായി എത്തുന്ന സ്ഥലമാണ് ഷണ്മുഖം റോഡ് ഭാഗം. ഒരുവശത്ത് കായൽ സൗന്ദര്യവും മറൈൻഡ്രൈവും വിനോദസഞ്ചാരികളെ ആകർഷിക്കുമ്പോൾ മറുവശത്ത് ഷോപ്പിംഗിന്റെ എല്ലാ സാധ്യതകളും തുറന്നുകൊണ്ട് ബ്രോഡ് വേ, മാർക്കറ്റ് പ്രദേശങ്ങളും. കേരളത്തിൽത്തന്നെ ഏറ്റവും കാൽനടയാത്രികർ റോഡ് മുറിച്ച് കടക്കുന്ന സ്ഥലങ്ങളിലൊന്നും മേനക ജംഗ്ഷൻ ആണ്.

42. ഇതിന്റെ പ്രാധാന്യം മനസ്സിലാക്കി ഷണ്മുഖം റോഡിൽ മേനക ജംഗ്ഷനിൽ എസ്കലേറ്റർ സംവിധാനമുള്ള മ്യൂസിക് സ്കൈ വാക്ക് സംവിധാനം ഏർപ്പെടുത്തുന്നതാണ്. വാക്ക് വേയിൽ മ്യൂസിക്, പ്രധാന വാർത്തകൾ അറിയുന്നതിനുള്ള ഇലക്ട്രോണിക് സ്ക്രോളിംഗ് ഡിസ്പ്ലേ എന്നിവയുണ്ടാകും.

പി.പി.പി മോഡലിൽ ആയിരിക്കും സ്കൈവാക്ക് നിർമ്മിക്കുന്നത്.

## പൊതുഗതാഗത സംവിധാനങ്ങൾ

43. കൊച്ചി നിവാസികളുടെ വാഹനങ്ങൾ മുഴുവൻ നിരത്തിലിറങ്ങിയാൽ നിലവിലെ റോഡുകൾക്ക് അവയെ ഉൾക്കൊള്ളാനാവാത്ത സ്ഥിതി വരും എന്നത് അതിശയോക്തിയല്ല. ഏതൊരു നഗരത്തിന്റേയും നട്ടെല്ല് അവിടുത്തെ പൊതുഗതാഗത യാത്രാമാർഗ്ഗങ്ങളാണ്. കൊച്ചിയുടെ കാര്യത്തിൽ നിലവിലെ പൊതുഗതാഗത സൗകര്യങ്ങൾ നമ്മുടെ യാത്രാവശ്യങ്ങൾ പരിഹരിക്കുവാൻ അപര്യാപ്തമാണ് എന്നതിൽ സംശയമില്ല. ദശാബ്ദങ്ങളായി തുടരുന്ന റൂട്ടുകളിൽ മാത്രമാണ് ഇന്നും നമുക്ക് ബസ് സർവ്വീസുള്ളത്. ജനവാസകേന്ദ്രങ്ങളിൽ പൊതുഗതാഗത സൗകര്യങ്ങൾ ഇല്ലാത്തതു മൂലം പലരും സ്വകാര്യവാഹനങ്ങളുപയോഗിക്കാൻ നിർബന്ധിതരാകുന്നു.

## കൂടുതൽ ബസ്സ് സർവ്വീസുകൾ

44. കാലാകാലങ്ങളായി തുടരുന്ന ബസ്സ് സർവ്വീസുകൾ പരിഷ്ക്കരിക്കുന്നതിന് ജില്ലാ ഭരണകൂടം, കെ.എസ്.ആർ.ടി.സി, ആർ.ടി.ഒ. എന്നിവരുമായി സഹകരിച്ച് പ്രവർത്തിക്കും. കലൂർ-കടവന്ത്ര റോഡ്, സുഭാഷ് ചന്ദ്രബോസ് റോഡ്, എം.ജി റോഡ്-പുല്ലേപ്പടി-തമ്മനം റോഡ്, ഹൈക്കോർട്ട്-ഗോശ്രീ-വൈപ്പിൻ റോഡ്, കണ്ടൈനർ റോഡ്, പച്ചാളം-പി.ജെ ആന്റണി റോഡ്, പൊറ്റക്കുഴി റോഡ്, തൃപ്പൂണിത്തുറ-കുണ്ടന്നൂർ-തോപ്പുംപടി, കോന്തുരുത്തി റോഡ്, മുണ്ടംവേലി, ദേശാഭിമാനി റോഡ്, കൊച്ചുപള്ളി-പ്യാരി ജംഗ്ഷൻ റോഡ്, പെരുമ്പടപ്പ്, വെണ്ണല-പാലച്ചുവട്-കാക്കനാട് റോഡ്, എന്നിങ്ങനെയുള്ള നിരവധി ജനവാസകേന്ദ്രങ്ങളിൽ ഇപ്പോഴും പൊതുഗതാഗത സൗകര്യങ്ങൾ അപര്യാപ്തമാണ്. ഇത്തരം റൂട്ടുകളിലെ യാത്രാക്ലേശം പരിഹരിക്കാൻ കൂടുതൽ ബസ്സുകൾ അനുവദിപ്പിക്കാൻ നഗരസഭ മുൻകൈ എടുക്കും.

## ഷെയർ ഓട്ടോ

45. നഗരത്തിലെ ജനവാസ കേന്ദ്രങ്ങളിൽ പൊതുഗതാഗത സൗകര്യങ്ങൾ ഏർപ്പെടുത്താൻ അനുഭവപ്പെടുന്ന ബുദ്ധിമുട്ടിന് കാരണം റോഡുകളുടെ

വീതിക്കുറവാണ്. അത്തരം ചെറിയ റോഡുകളിൽ ഷെയർ ഓട്ടോ സംവിധാനം ഏർപ്പെടുത്തുന്നതിന് മുൻകൈ എടുക്കും.

46. ചെന്നൈ ഉൾപ്പെടെയുള്ള ഇന്ത്യയിലെ പല നഗരങ്ങളിലും ഷെയർ ഓട്ടോകൾ വിജയകരമാണെന്ന് തെളിയിച്ചിട്ടുണ്ട്. ആ മാതൃകകൾ ഉൾക്കൊണ്ട് കൊച്ചിയിലെ ഗതാഗത പ്രശ്നങ്ങൾക്ക് പരിഹാരമായി ഷെയർ ഓട്ടോകൾ ഏർപ്പെടുത്തും. ബന്ധപ്പെട്ട വകുപ്പുകളുമായി ആലോചിച്ച് പദ്ധതി നടപ്പിലാക്കും. ഷെയർ ഓട്ടോകൾ വിജയകരമായി ഏർപ്പെടുത്താവുന്ന റൂട്ടുകൾ ഏതൊക്കെ, ചാർജ് നിരക്ക് എന്നിവ പഠനത്തിലൂടെ തീരുമാനിക്കും.

## കോൾ ടാക്സി

47. നഗരപ്രദേശത്തിലെ സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന കുടുംബങ്ങളിലെ ചെറുപ്പക്കാർക്ക് വൈദഗ്ദ്ധ്യ പരിശീലനത്തിന് ശേഷം തൊഴിൽ സംരംഭങ്ങൾ ഏറ്റെടുത്ത് നടപ്പിൽ വരുത്തുന്നതിന് ആവശ്യമായ ബാങ്ക് ലോൺ സബ്സിഡിയോടുകൂടി ലഭ്യമാക്കും. 10 ലക്ഷം രൂപ വരെ വരുന്ന പ്രോജക്റ്റുകൾക്ക് 3 ലക്ഷം രൂപ വരെ കെ.എസ്.യു.ഡി.പി. പദ്ധതി പ്രകാരം സബ്സിഡി ഇനത്തിൽ നൽകും. ഇതിന്റെ ഭാഗമായി കോൾ ടാക്സി പ്രൊജക്ട് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. ഈ പദ്ധതി ഉടൻ നടപ്പിൽ വരുത്തും.

## പ്രീ പെയ്ഡ് ഓട്ടോ സ്റ്റാന്റുകൾ

48. നഗരത്തിൽ റെയിൽവെ സ്റ്റേഷനുകൾ, മൊബിലിറ്റി ഹബ്ബ് എന്നിവ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന പ്രീപെയ്ഡ് ഓട്ടോറിക്ഷകൾ പൊതുജനങ്ങൾക്ക് സ്വീകാര്യമാണ്. ഈ മാതൃക പിന്തുടർന്നുകൊണ്ട് യാത്രക്കാർക്ക് സൗകര്യപ്രദമായും മിതമായ നിരക്കിലും ഓട്ടോറിക്ഷയിൽ യാത്ര ചെയ്യുന്നതിനായി കൂടുതൽ പ്രീ പെയ്ഡ് ഓട്ടോ സ്റ്റാന്റുകൾ ഏർപ്പെടുത്തും. തേവര, പള്ളിമുക്ക് കലൂർ, കടവന്ത്ര, മേനക, പാലാരിവട്ടം, പള്ളുരുത്തി, തോപ്പുംപടി, മട്ടാഞ്ചേരി, ഫോർട്ടുകൊച്ചി എന്നിവിടങ്ങളിൽ ആദ്യഘട്ടമായി ഈ സൗകര്യം ഏർപ്പെടുത്തും. ഇതിനായി 10 ലക്ഷം രൂപ നീക്കി വെക്കുന്നു.

## കൂടുതൽ ഓട്ടോറിക്ഷകൾക്ക് സിറ്റി പെർമിറ്റ്

49. വർഷങ്ങൾക്ക് മുമ്പ് പെർമിറ്റ് നൽകിയ 4000 ഓട്ടോറിക്ഷകൾക്കാണ് നഗരത്തിൽ ഇപ്പോഴും സർവ്വീസ് നടത്താൻ അനുവാദമുള്ളത്. പക്ഷേ യാത്രക്കാരുടെ എണ്ണത്തിൽ വൻ വർദ്ധനവാണുണ്ടായിട്ടുള്ളത്. അതിനാൽ പെർമിറ്റ് ഇല്ലാത്ത ഓട്ടോറിക്ഷകളും നഗരത്തിന് പുറത്തുള്ള ഓട്ടോറിക്ഷകളും അനധികൃതമായി നഗരത്തിൽ സർവ്വീസ് നടത്താറുണ്ട്. ഓട്ടോറിക്ഷകളുടെ കുറവ് നികത്താനായി 3000 പുതിയ ഓട്ടോറിക്ഷകൾക്ക് കൂടി സിറ്റി സർവ്വീസ് നൽകി നഗരത്തിലെ ഓട്ടോറിക്ഷകളുടെ എണ്ണത്തെ 7000 ആയി ഉയർത്തും. നിലവിലെ 4000 ഓട്ടോറിക്ഷകളുടെ കണക്കെടുക്കുകയും അവയിൽ സർവ്വീസ് നടത്താതെയുള്ളവരുടെ പെർമിറ്റ് റദ്ദാക്കി പകരം പുതിയവയ്ക്ക് പെർമിറ്റ് നൽകും.

50. ട്രാഫിക് പോലീസ്, ആർ.ടി.ഒ. എന്നിവരുടെ സഹകരണത്തോടെ ഓട്ടോറിക്ഷകളിൽ ഉടമയുടേയും ഡ്രൈവറുടേയും പൂർണ്ണമായ വിവരങ്ങൾ ഫോൺ നമ്പർ സഹിതം യാത്രക്കാരന് കാണാനാകും വിധം പതിക്കുക, ഫെയർ മീറ്റർ എന്നിവ നിർബന്ധമാക്കുന്നതാണ്.

## സൈക്കിൾ ട്രാക്ക്

51. നഗരത്തിലെ ബ്ലോക്കിൽപ്പെട്ട് ആയിരക്കണക്കിന് ലിറ്റർ ഇന്ധനമാണ് പ്രതിദിനം കത്തി തീരുന്നത്. പുന:സ്ഥാപിക്കാൻ സാധിക്കാത്ത പെട്രോൾ, ഡീസൽ എന്നിവ ചെറിയ ദൂരത്തിനായി ബ്ലോക്കിൽ കത്തിച്ചുകളയേണ്ട അവസ്ഥയാണ് നിലവിലുള്ളത്. ചെറിയ ദൂരം സഞ്ചരിക്കാൻ ഏറ്റവും അനുയോജ്യമായ മാർഗ്ഗം സൈക്കിളാണ് എന്ന് ബോധവാന്മാരാണെങ്കിലും അസൗകര്യം നിമിത്തം സൈക്കിളിൽ സഞ്ചരിക്കുവാൻ ആരുംതന്നെ താത്പര്യം കാണിക്കുന്നില്ല. അന്തരീക്ഷ മലിനീകരണം കുറക്കുന്നതിനും ആരോഗ്യം മെച്ചപ്പെടുത്തുന്നതിനും മികച്ച മാർഗ്ഗമാണ് സൈക്ലിംഗ്. സൈക്കിൾ നമ്മുടെ ആരോഗ്യത്തേയും പരിസ്ഥിതിയേയും ഒരു പോലെ സംരക്ഷിക്കും എന്ന സന്ദേശം ഉയർത്തി നഗരത്തിൽ സൈക്കിൾ സവാരി പ്രോത്സാഹിപ്പിക്കും.

52. നഗരത്തിരക്കിൽ യാത്ര ചെയ്യുവാനുള്ള ബുദ്ധിമുട്ടാണ് സൈക്കിൾ യാത്ര ദുഷ്കരമാക്കുന്നത്. ഇതിനൊരു പരിഹാരമായി നഗരത്തിൽ അനുയോജ്യമായ സ്ഥലങ്ങൾക്കിടയിൽ സൈക്കിൾ ഗതാഗതത്തിനു മാത്രമായി സൈക്കിൾ ട്രാക്ക് സ്ഥാപിക്കും. ടൂറിസം മേഖലയായ ഫോർട്ടുകൊച്ചി, മട്ടാഞ്ചേരി എന്നീ മേഖലകൾക്കിടയിൽ സൈക്കിൾ ട്രാക്ക് നിർമ്മിക്കുന്നതിനെപ്പറ്റി പഠനം നടത്തും. ബസ് സ്റ്റോപ്പുകൾ കേന്ദ്രീകരിച്ച് സൈക്കിൾ പാർക്കിംഗ് സൗകര്യം ലഭ്യമാക്കും. ഇതിന്റെ പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി 3 ലക്ഷം രൂപ നീക്കി വെക്കുന്നു.

## മെട്രോ റെയിലുമായി ബന്ധപ്പെട്ട് നഗരത്തിൽ ഒരുക്കേണ്ട അടിസ്ഥാന സൗകര്യങ്ങൾ

53. മലയാളികളുടെ ചിരകാലാഭിലാഷമായിരുന്ന കൊച്ചി മെട്രോ റെയിൽ പദ്ധതിക്ക് ബഹു. കേന്ദ്രസർക്കാർ അനുമതി നൽകുകയും മെട്രോയുടെ പ്രവർത്തനങ്ങൾ കൊച്ചിയിൽ ആരംഭിക്കുകയും ചെയ്തു. ബഹു. കേരള മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി ഈ പദ്ധതി പ്രാവർത്തികമാക്കുന്നതിൽ കാണിച്ച നിശ്ചയദാർഢ്യം നഗരസഭ നന്ദിയോടെ സ്മരിക്കുന്നു. നമ്മുടെ എം.പി. യും ബഹു. കേന്ദ്ര ഭക്ഷ്യ പൊതുവിതരണ വകുപ്പു മന്ത്രിയുമായ പ്രൊഫ. കെ.വി. തോമസ് അടക്കമുള്ള കേരളത്തിൽനിന്നുള്ള കേന്ദ്രമന്ത്രിമാരുടെയും സംസ്ഥാന മന്ത്രിമാരുടെയും മറ്റു ജനപ്രതിനിധികളുടെയും നിസ്തുലമായ പങ്ക് ഇത്തരുണത്തിൽ നന്ദിയോടെ സ്മരിക്കട്ടെ. കൊച്ചി മെട്രോയുമായി ബന്ധപ്പെട്ടുണ്ടായ പ്രതിസന്ധി മറികടക്കുന്നതിന് നഗരസഭ ജനങ്ങളോടൊപ്പം നിന്ന് പ്രവർത്തിക്കുകയുണ്ടായി. ബഹു. പ്രധാന മന്ത്രി, ബഹു. കേന്ദ്ര നഗരവികസന മന്ത്രി എന്നിവരുമായി നിരന്തരം ബന്ധപ്പെട്ട് മെട്രോറെയിൽ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് നഗരസഭ തനതായ പങ്ക് വഹിച്ചിട്ടുണ്ട്.

54. കൊച്ചി മെട്രോയുടെ അനുബന്ധപ്രവർത്തനങ്ങളായി റോഡ് നിർമ്മാണം, മേൽപ്പാലങ്ങൾ എന്നിവ ഡി.എം.ആർ.സി. ഏറ്റെടുത്ത് നടത്തിക്കൊണ്ടിരിക്കുന്നു. കൊച്ചി മെട്രോ റെയിൽ എന്ന വലിയ യാഥാർത്ഥ്യത്തിനു വേണ്ടി നിർമ്മാണ കാലയളവിലെ ഗതാഗത തടസ്സങ്ങളോടും ബുദ്ധിമുട്ടുകളോടും

സഹകരിക്കാൻ നാം ഓരോരുത്തരും സ്വമനസ്സാലെ തയ്യാറാകേണ്ടതുണ്ട്. അടുത്ത മൂന്ന് വർഷത്തിനുള്ളിൽ കൊച്ചിയിലൂടെ ആദ്യത്തെ മെട്രോ ഓടിത്തുടങ്ങുമെന്ന കാര്യത്തിൽ സംശയമില്ല.

55. മെട്രോ യാഥാർത്ഥ്യമാകുന്നതോടൊപ്പം നമ്മുടെ നഗരവും അതിനനുസരിച്ചുള്ള തയ്യാറെടുപ്പുകൾ നടത്തേണ്ടതുണ്ട്. ദീർഘവീക്ഷണത്തോടെ മെട്രോ റെയിലിന്റെ മുന്നൊരുക്കങ്ങൾ ചെയ്തില്ലെങ്കിൽ പൊതുജനങ്ങൾക്ക് വളരെയേറെ ബുദ്ധിമുട്ടുകൾ നേരിടേണ്ടി വരും.

## ഫീഡർ സിസ്റ്റം

56. ഒരു മെട്രോ റെയിൽ സിസ്റ്റം വിജയിക്കുന്നത് മികവുറ്റതും ഗുണപരവുമായ ഫീഡർ സിസ്റ്റത്തിന്റെ സാന്നിദ്ധ്യത്താലാണ്. വീട്ടിൽനിന്നും മെട്രോ റെയിൽ സ്റ്റേഷനിലേക്കും സ്റ്റേഷനിൽ നിന്നും ലക്ഷ്യത്തിലേക്കും തിരിച്ചും പോകുവാൻ മതിയായ ഫീഡർ സിസ്റ്റം ലഭ്യമായിരിക്കണം. നഗരത്തിലെ ജനവാസ കേന്ദ്രങ്ങളിൽ നിന്നും മെട്രോ സ്റ്റേഷനുകളിലേക്ക് ബസ്സ്, മിനി ബസ്സ്, ഷെയർ ഓട്ടോ തുടങ്ങിയ ഫീഡർ സർവ്വീസുകൾ ഏർപ്പെടുത്തുന്നതാണ്. നിലവിലുള്ള ബസ്സ് റൂട്ടുകളെപ്പറ്റിയും മെട്രോയുടെ ഫീഡർ സിസ്റ്റം എങ്ങനെയായിരിക്കണം എന്നതിന്റേയും വിശദമായ ഒരു 'ഫീഡർ സിസ്റ്റം ഫോർ കോമെറ്റ്' എന്ന പ്രൊജക്ട് ഈ മേഖലയിൽ വിദഗ്ധരായ ഏജൻസികളെക്കൊണ്ട് തയ്യാറാക്കും.

## മെട്രോ സ്റ്റേഷൻ പാർക്കിംഗ്

57. പ്രധാന ജംഗ്ഷനുകളിൽ മെട്രോ സ്റ്റേഷൻ നിലവിൽവരുമ്പോൾ സ്റ്റേഷൻ കേന്ദ്രീകരിച്ച് പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തേണ്ടി വരും. നിലവിൽ പാർക്കിംഗ് അസൗകര്യം അനുഭവപ്പെടുന്ന നഗരത്തിൽ കൂടുതൽ പാർക്കിംഗ് ഏരിയ കണ്ടെത്തുക എന്നത് വെല്ലുവിളിയാണ്. കെ.എം.ആർ.എൽ.നു വേണ്ടി കൊച്ചിൻ യൂണിവേഴ്സിറ്റി ഈ മേഖലയിൽ ഒരു പഠനം നടത്തിയിട്ടുണ്ട്. ആ റിപ്പോർട്ട് പരിശോധിച്ച് കൊച്ചി മെട്രോ റെയിലുമായി സഹകരിച്ച് ആവശ്യമായ മാറ്റങ്ങൾ നിർദ്ദേശിക്കും. കൂടുതൽ പാർക്കിംഗ്

ഏരിയകൾ കണ്ടെത്തുന്നതിന് നഗരസഭ കൊച്ചി മെട്രോ റെയിലുമായി സഹകരിച്ച് പ്രവർത്തിക്കും.

## ഫ്ളൈ ഓവറുകൾ

58. കൊച്ചിയിലൂടെ കടന്നുപോകുന്ന പ്രധാന ദേശീയപാതയാണ് എൻ.എച്ച്. 47. നാറ്റ്പാക്കിന്റെ (NATPAC) പഠനമനുസരിച്ച് കേരളത്തിലെ ദേശീയപാതകളിൽ ഏറ്റവും വാഹനസാന്ദ്രത കൂടിയ പ്രദേശമാണ് ഇടപ്പള്ളി-അരൂർ കോറിഡോർ. ചെറിയദൂരമാണെങ്കിലും ഈ ഭാഗം കടന്നു കിട്ടാൻ കൂടുതൽ സമയം ചെലവഴിക്കേണ്ട അവസ്ഥയാണുള്ളത്. ഇടപ്പള്ളി, പാലാരിവട്ടം, വൈറ്റില, കുണ്ടന്നൂർ എന്നീ പ്രധാന ജംഗ്ഷനുകളിൽ ഗതാഗതത്തിരക്ക് നിമിത്തം വാഹനങ്ങളുടെ നീണ്ടനിര പലപ്പോഴും പ്രത്യക്ഷപ്പെടുന്നു. ഇതിന് പരിഹാരം കണ്ടെത്തുവാൻ ദീർഘകാലങ്ങളായി കേന്ദ്ര സംസ്ഥാന സർക്കാറുകൾക്ക് മുന്നിൽ സമ്മർദ്ദം ചെലുത്തി വരികയാണ്. വിവിധ മാധ്യമ സ്ഥാപനങ്ങളും സംഘടനകളും ഈ പ്രശ്നം ഏറ്റെടുത്ത് മുഖ്യശ്രദ്ധയിൽ കൊണ്ടു വരുന്നതിനെ അനുമോദിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുന്നു.

59. പ്രധാനമായും രണ്ട് നിർദ്ദേശങ്ങളാണ് ദേശീയപാതയിലെ ഈ നാല് ജംഗ്ഷനുകളുടെ കുരുക്കഴിക്കാൻ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. നാലു ജംഗ്ഷനുകളിലും നാല് ഫ്ളൈ ഓവറുകൾ നിർമ്മിക്കുക എന്നതാണ് ഒന്ന്. ഈ ജംഗ്ഷനുകൾ തമ്മിലുള്ള ദൂരം കുറവായതിനാൽ ഇടപ്പള്ളിയിൽ തുടങ്ങി കുണ്ടന്നൂരിൽ അവസാനിക്കുന്ന തരത്തിൽ ഒരു എലിവേറ്റഡ് ഹൈവേ നിലവിലുള്ള ദേശീയപാതക്ക് സമാന്തരമായി മുകളിലൂടെ നിർമ്മിക്കുക എന്നതാണ് മറ്റൊന്ന്. ഇതിൽ ഏതാണ് അനുയോജ്യം എന്ന് പഠിച്ചുകൊണ്ട് എത്രയും വേഗം രൂക്ഷമായ ഈ ഗതാഗതപ്രശ്നത്തിന് പരിഹാരം കാണാൻ കേന്ദ്ര സംസ്ഥാന സർക്കാറുകളോട് ആവശ്യപ്പെടും. കൊച്ചി നഗരത്തിന്റെ വികസനത്തിന് ആക്കം കൂട്ടുന്ന ഈ ഫ്ളൈ ഓവറുകളുടെ നിർമ്മാണത്തിന് വേണ്ടി മുഴുവൻ രാഷ്ട്രീയ കക്ഷികളും സംഘടനകളും മാധ്യമങ്ങളും നിലകൊള്ളണമെന്ന് അഭ്യർത്ഥിക്കുന്നു.

## റെയിൽവേ ഓവർബ്രിഡ്ജുകൾ

60. എറണാകുളം നഗരത്തിന്റെ മധ്യഭാഗത്തുകൂടിയാണ് റെയിൽവേ പാത കടന്നു പോകുന്നത്. ഇതിനെ മുറിച്ചു കടക്കാൻ മൂന്ന് ഓവർബ്രിഡ്ജുകളാണ് നിലവിലുള്ളത്.

61. കൊച്ചി മെട്രോ അനുബന്ധപ്രവർത്തനങ്ങളുടെ ഭാഗമായി നിർമ്മിക്കുന്ന KSRTC ബസ് സ്റ്റാന്റിന് സമീപമുള്ള ഓവർബ്രിഡ്ജ് നിർമ്മാണം പൂർത്തിയാകാറായി. പൊന്നുരുന്നി ആർ.ഒ.ബി. യുടെ നിർമ്മാണപ്രവർത്തനങ്ങളും അവസാനഘട്ടത്തിലാണ്. ഇവ വേഗത്തിൽ പൂർത്തീകരിക്കുന്നതിന് നടപടികളെടുക്കും. അറ്റ്ലാന്റിസ് ഓവർബ്രിഡ്ജ് നിർമ്മാണവുമായി ബന്ധപ്പെട്ടുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ ത്വരിതപ്പെടുത്തും. പച്ചാളം ആർ.ഒ.ബി സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ടുണ്ടായ പ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ അലൈൻമെന്റ് സ്കെച്ചിൽ മാറ്റം വരുത്തിയിട്ടുണ്ട്. കാലതാമസമില്ലാതെ റെയിൽവേ ഓവർബ്രിഡ്ജുകൾ പൂർത്തീകരിക്കുന്നതിന് ബഹു. കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തും.

62. 3 റെയിൽവേ മേൽപാലങ്ങളുടെയും റോഡുകളുടേയും നിർമ്മാണത്തിനായി JnNURM പദ്ധതിയിലുൾപ്പെടുത്തി 83.69 കോടി രൂപ ഉപയോഗപ്പെടുത്തും.

## ജലഗതാഗതം

63. ദേശീയജലപാതയും നഗരപ്രദേശങ്ങളെ ബന്ധിപ്പിച്ചു കൊണ്ടുള്ള ഉൾനാടൻ ജലപാതകളും കൊണ്ട് സമ്പുഷ്ടമാണ് നമ്മുടെ നഗരം. ചെലവുകുറഞ്ഞതും കൊച്ചിക്ക് ഏറ്റവും അനുയോജ്യവുമായ ജലഗതാഗത യാത്രാമാർഗ്ഗത്തിന് ആവശ്യമായ ബോട്ടുസർവ്വീസുകളും ആധുനിക സൗകര്യങ്ങളും ദൗർഭാഗ്യവശാൽ ഇന്ന് ലഭ്യമല്ല. ജലഗതാഗതരംഗത്ത് കൊച്ചിയുടെ അനന്ത സാധ്യത കളെ പൂർണ്ണമായും പ്രയോജനപ്പെടുത്തുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കാനാണ് ഈ കൗൺസിൽ ഊന്നൽ നൽകുന്നത്.

64. മൊബിലിറ്റി ഹബ്ബ് കേന്ദ്രീകരിച്ച് നഗരത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് ബോട്ട് സർവ്വീസുകൾ ആരംഭിക്കുന്നതിന് മൊബിലിറ്റി ഹബ്ബ് സൊസൈറ്റി,

കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്, വാട്ടർ ട്രാൻസ്പോർട്ട് അതോറിറ്റി എന്നിവരുമായി ചേർന്ന് മുൻകൈ എടുക്കും. ജലഗതാഗതത്തിനായുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും ബോട്ട് സർവ്വീസ് നടത്തുന്നതിനുമായി നഗരസഭയുടെ നേതൃത്വത്തിൽ ഒരു കമ്പനി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. ഇത് MCTC യുടെ അനുബന്ധ സ്ഥാപനമായി പ്രവർത്തിക്കും. കൂടുതൽ ആധുനികമായ ബോട്ടുകളും അടിസ്ഥാന സൗകര്യങ്ങളോടു കൂടിയ ബോട്ടുജെട്ടികളും ആരംഭിക്കും.

## പ്രൈവറ്റ് ബോട്ടുകൾ

65. നഗരത്തിലെ റോഡ് ഗതാഗതത്തിൽ സ്വകാര്യബസ്സുകൾ വലിയ പങ്ക് വഹിക്കുന്നുണ്ട്. ഈ മാതൃക പിന്തുടർന്നുകൊണ്ട് യാത്രക്കാരുടെ എണ്ണത്തിനനുസരിച്ച് നഗരസഭ നിശ്ചയിക്കുന്ന റൂട്ടിൽ സ്വകാര്യ ബോട്ട് സർവ്വീസുകൾ നടപ്പിലാക്കുന്നതിന്റെ നിയമവശങ്ങൾ പരിശോധിച്ച് സർക്കാറിന്റെ അനുമതി തേടും. ആർ.ടി.ഒ. പെർമിറ്റനുസരിച്ച് സ്വകാര്യ ബസ്സുകൾ സർവ്വീസ് നടത്തുന്ന രീതിയിൽ സ്വകാര്യബോട്ടുകൾക്കും പെർമിറ്റ് നൽകും. ബോട്ടുകളിലെ സുരക്ഷക്ക് പ്രഥമ പരിഗണന നൽകും.

## ചരക്കുനീക്കത്തിന് ജലഗതാഗതം

66. ജലഗതാഗതം താരതമ്യേന ചെലവു കുറഞ്ഞ മാർഗ്ഗമാണ്. പഴയകാലത്ത് ചരക്കുനീക്കങ്ങൾ കൂടുതലായും നടന്നിരുന്നത് ജലമാർഗ്ഗത്തിലൂടെയായിരുന്നു. കൊച്ചിയിലെ വിവിധ പ്രദേശങ്ങളെ ബന്ധപ്പെടുത്തി ജലപാതകൾ നിലവിലുണ്ട്. പ്രധാന വാണിജ്യകേന്ദ്രമായ ബ്രോഡ് വേ, മാർക്കറ്റ് പ്രദേശങ്ങൾ ജലഗതാഗതത്തിന് അനുയോജ്യമായ പ്രദേശത്താണ് സ്ഥിതി ചെയ്യുന്നത്. ഈ സൗകര്യം ഉപയോഗപ്പെടുത്തി ചരക്കുനീക്കത്തിന് ജലഗതാഗതം ഉപയോഗപ്പെടുത്തുന്നതിനുള്ള സാധ്യത ഒരുക്കും. ഇതിനായുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

## വെയർഹൗസുകളും ഗോഡൗണുകളും തിരക്കൊഴിഞ്ഞ സ്ഥലങ്ങളിലേക്ക്

67. നഗരത്തിലെ സെൻട്രൽ ബിസിനസ്സ് ഡിസ്ട്രിക്ട് (CBD) ഏരിയയിൽ പ്രവർത്തിക്കുന്ന വെയർഹൗസുകളും ഗോഡൗണുകളും പുറത്തേക്ക് മാറ്റണമെന്ന ആവശ്യം ദീർഘനാളായി ചർച്ച ചെയ്യുന്ന ഒന്നാണ്. CBD ഏരിയയിൽ അനുഭവപ്പെടുന്ന രൂക്ഷമായ ഗതാഗതക്കുരുക്കിന് ഈ നടപടി ഒരളവിൽ പരിഹാരമാകും. ഇതിന്റെ അടിസ്ഥാനത്തിൽ Trading to be Retained & Stocking to be Shifted എന്ന പദ്ധതി ഈ ബജറ്റ് പ്രഖ്യാപിക്കുന്നു. നഗരത്തിലെ വാണിജ്യ കേന്ദ്രങ്ങൾ അതാത് സ്ഥലത്ത് തന്നെ നിലനിർത്തുകയും എറണാകുളം സെൻട്രൽ ബിസിനസ്സ് ഡിസ്ട്രിക്ടിൽ (CBD) സ്ഥിതി ചെയ്യുന്ന സ്റ്റോക്ക് കേന്ദ്രങ്ങളായ വെയർഹൗസുകളും ഗോഡൗണുകളും പുറത്തേക്ക് മാറ്റുവാൻ നിർദ്ദേശിക്കുകയും ചെയ്യും. സിമന്റ് കമ്പി ഗോഡൗണുകൾ, പച്ചക്കറി പലചരക്ക് മൊത്തവിതരണ സ്ഥാപനങ്ങൾ എന്നിങ്ങനെയുള്ള എല്ലാത്തരം സ്റ്റോക്ക് കേന്ദ്രങ്ങളും CBD ഏരിയയിൽ നിന്നും പുറത്തേക്ക് മാറ്റുന്നതായിരിക്കും. അതുവഴി വലിയ ചരക്കുവാഹനങ്ങൾ നഗരത്തിലേക്ക് പ്രവേശിക്കുന്നത് ഒഴിവാക്കാൻ സാധിക്കും.

68. ഇതിനായി നഗരസഭയുടെ നേതൃത്വത്തിൽ സിറ്റി പോലീസ്, ട്രാഫിക് പോലീസ്, വ്യാപാരിവ്യവസായി പ്രതിനിധികൾ, ഗതാഗത വിദഗ്ധർ എന്നിവരുടെ നേതൃത്വത്തിൽ ഒരു കോർ കമ്മിറ്റി രൂപീകരിച്ച് ഉടനടി പ്രവർത്തനമാരംഭിക്കും.

## പശ്ചിമകൊച്ചിക്കായി പ്രത്യേക പാക്കേജ്

69. കൊച്ചിയെ ദേശാന്തരങ്ങൾക്കപ്പുറത്തേക്ക് അറിയപ്പെടുന്ന നഗരമാക്കി മാറ്റിയ പ്രദേശം ഇന്നത്തെ പശ്ചിമ കൊച്ചിയാണ്. മട്ടാഞ്ചേരി പാലസ് റോഡ് ഇന്നത്തെ എം.ജി. റോഡിന് സമാനമാം വിധം കൊച്ചിയുടെ വാണിജ്യ സിരാകേന്ദ്രവുമായിരുന്നു. വിദേശീയർ കപ്പലിറങ്ങിയതും കച്ചവടം നടത്തിയതും താമസിച്ചതുമെല്ലാം ഈ പ്രദേശങ്ങൾ കേന്ദ്രീകരിച്ചായിരുന്നു. അന്ന് കൊച്ചി

ഇവയുൾപ്പെട്ട പ്രദേശങ്ങൾ മാത്രമായിരുന്നു. ഗസൽ ആദ്യം പാടിക്കേട്ടതും കൊച്ചിയിൽ നിന്നായിരുന്നു. കൊച്ചിയെ ഇഷ്ടപ്പെട്ട് അന്യദേശക്കാർ ഇവിടം താമസസ്ഥലമാക്കിയപ്പോൾ കൊച്ചി നിവാസികൾ അവർക്ക് ആതിഥേയത്വമരുളി. കപ്പലുകളും നൗകയും ചീനവലകളും കൊച്ചിയുടെ സ്വന്തമായി മാറി. പലവിധ സംസ്ക്കാരങ്ങൾ കൊച്ചിയുടെ മണ്ണിൽ ഇഴുകിച്ചേർന്നു.

70. പിന്നീട് വികസനം കൊച്ചിയിൽ നിന്നും പൂർവ്വദിക്കിലേക്ക് നീങ്ങിത്തുടങ്ങിയപ്പോൾ പതുക്കെ പതുക്കെ യഥാർത്ഥ കൊച്ചി അവഗണിക്കപ്പെടാൻ തുടങ്ങി. ചരിത്ര പാരമ്പര്യ മേഖലകൾ മാത്രമായി കൊച്ചി ചുരുങ്ങി. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പശ്ചിമകൊച്ചിയുടെ പ്രദേശങ്ങളിൽ കുടിവെള്ളമുൾപ്പെടെ വിവിധ വിഷയങ്ങൾ ഇനിയും മെച്ചപ്പെടേണ്ടതുണ്ട്. പശ്ചിമ കൊച്ചിയുടെ സമഗ്ര വികസനം യാഥാർത്ഥ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി പ്രത്യേക പാക്കേജ് ഈ ബജറ്റിലൂടെ പ്രഖ്യാപിക്കുന്നു. പ്രത്യേക ഭവനപദ്ധതി, സാനിറ്റേഷൻ പദ്ധതി, കുടിവെള്ള പദ്ധതി, വെള്ളക്കെട്ട് നിവാരണ പദ്ധതി, മാലിന്യസംസ്ക്കരണ പദ്ധതി എന്നിവ ഇതിൽ ഉൾപ്പെടുന്നതാണ്.

71. ഇതിന്റെ ആദ്യപടിയായി പശ്ചിമകൊച്ചിയിലെ വെള്ളക്കെട്ടുമായി ബന്ധപ്പെട്ട് വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നതിന് FIT യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

72. പശ്ചിമ കൊച്ചിയിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തി സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതാണ്. മലിനജലം കായലിലേക്കും കനാലിലേക്കും തുറന്നുവിടുന്നത് കർശനമായും നിയന്ത്രിക്കും.

73. ബ്രിസ്റ്റോ റോഡുമുതൽ മട്ടാഞ്ചേരി പാലത്തിന്റെ കിഴക്കേയറ്റം വരെയുള്ള കാലഹരണപ്പെട്ട പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിയ്ക്കും.

74. പശ്ചിമകൊച്ചിയുടെ വികസനത്തിനായുള്ള പ്രത്യേക പാക്കേജിനായി 10 കോടി രൂപ നീക്കി വെക്കുന്നു.

## ഇടക്കൊച്ചി സുസ്ഥിര വികസന പദ്ധതി

75. ഒരിടയ്ക്ക് വളരെയേറെ ചർച്ച ചെയ്യുകയും എന്നാൽ പ്രവർത്തന തലത്തിൽ എത്താതെ പോകുകയും ചെയ്ത പദ്ധതിയാണ് ഇടക്കൊച്ചി സുസ്ഥിര വികസന പദ്ധതി. ഇടക്കൊച്ചി പ്രദേശത്തിന്റെ സമഗ്രമായ വികസനം മുന്നിൽ ക്കണ്ടുകൊണ്ട് വിഭാവനം ചെയ്യുന്നതാണ് ഇടക്കൊച്ചി സുസ്ഥിര വികസന പദ്ധതി. ഇടക്കൊച്ചി പ്രദേശത്ത് 30 ഏക്കറോളം ഭൂമി കണ്ടെത്തി കേരള മുനിസിപ്പൽ കെട്ടിട നിർമ്മാണ നിയമങ്ങളിൽ ഇളവു വരുത്തി സാന്ദ്രത കൂടിയ പ്രദേശമാക്കി മാറ്റുകയും ഉയരം കൂടിയ കെട്ടിട സമുച്ചയങ്ങളുടെ ശൃംഖല നിർമ്മിക്കാൻ അനുവദിക്കുകയും ഇത് കേന്ദ്രീകരിച്ച് ടൗൺഷിപ്പ് നിർമ്മിക്കുകയും ചെയ്യും. ഇതുവഴി നിക്ഷേപങ്ങളെ ഈ പ്രദേശത്ത് ആകർഷിക്കുവാൻ സാധിക്കും. ഇതുവഴി കിട്ടുന്ന ആദായത്തിന്റെ ഒരു പങ്ക് ഈ പ്രദേശത്തിന്റെ വികസനത്തിന് വേണ്ടി ഉപയോഗിക്കും. കുടിവെള്ളം, സാനിറ്റേഷൻ, മാലിന്യനിർമ്മാർജ്ജനം, റോഡ്, തെരുവു വിളക്കുകൾ, എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആധുനികവത്ക്കരിക്കുകയും വ്യവസായം, തൊഴിൽ എന്നീ മേഖലകൾക്ക് പുത്തൻ ഉണർവ് ഈ പദ്ധതിയിലൂടെ ലഭ്യമാവുകയും ചെയ്യും. പി.പി.പി മോഡലിൽ ഇൻകെൽ പോലുള്ള സ്ഥാപനങ്ങളുടെ പിന്തുണയോടെയും ഈ പദ്ധതി നടപ്പിലാക്കും.

ഈ പദ്ധതിയുടെ വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നതിന് 10 ലക്ഷം രൂപ നീക്കി വെക്കുന്നു.

## നഗരസഭ ആസ്ഥാന മന്ദിരം

76. മറൈൻ ഡ്രൈവിൽ നഗരസഭയുടെ പുതിയ ആസ്ഥാനമന്ദിരം സാങ്കേതിക കാരണങ്ങളാൽ വർഷങ്ങളായി പൂർത്തീകരിക്കപ്പെടാതെ കിടക്കുകയാണ്. നിലവിലുള്ള പ്ലാനിൽ കെട്ടിട നിർമ്മാണ ചട്ടത്തിൽ അനുവദനീയമായ FAR പൂർണ്ണമായും ഉപയോഗപ്പെടുത്തിയിട്ടില്ല. ആയതിന്റെ അടിസ്ഥാനത്തിൽ FAR പൂർണ്ണമായും ഉപയോഗപ്പെടുത്തി നിലവിലുള്ള പ്ലാനിലുള്ളതിനേക്കാൾ കൂടുതൽ നിലകൾ പണിയുന്നതാണ്. കൂടുതലായി പണിയുന്ന നിലകളിൽ നിന്നും വരുമാനം ആർജ്ജിച്ച് നഗരസഭക്ക് സാമ്പത്തിക ബാധ്യത

വരാത്ത രീതിയിലാണ് കെട്ടിടത്തിന്റെ നിർമ്മാണം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

## പൊതുകെട്ടിടങ്ങളുടെ ആധുനികവൽക്കരണം

77. പശ്ചിമകൊച്ചിയിലെ ജനങ്ങൾക്ക് കലാ സാംസ്ക്കാരിക പരിപാടികൾ സംഘടിപ്പിക്കുവാനും കല്യാണ ആവശ്യങ്ങൾക്കും മറ്റുമായി ഉപയോഗിക്കാനും പറ്റുന്ന രീതിയിലുള്ള മികച്ച കെട്ടിടമാണ് മട്ടാഞ്ചേരി ടൗൺഹാൾ. പക്ഷേ തുടർച്ചയായ ഉപയോഗം കൊണ്ടും പഴമകൊണ്ടും മട്ടാഞ്ചേരി ടൗൺഹാളിന് കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. മട്ടാഞ്ചേരി ടൗൺഹാളിന്റെ കേടുപാടുകൾ തീർത്ത് ഉടനടി ആധുനികവൽക്കരിക്കുന്നതാണ്.

78. നഗരഹൃദയത്തിൽ സ്ഥിതിചെയ്യുന്ന എറണാകുളം ടൗൺ ഹാളിന് സാംസ്ക്കാരികപരമായി ശ്രദ്ധേയമായ സ്ഥാനമുണ്ട്. കാലാകാലങ്ങളായി വിവിധ പരിപാടികൾക്കും സമ്മേളനങ്ങൾക്കും ടൗൺഹാൾ വേദിയാകാറുണ്ട്. കൊച്ചിയുടെ സാംസ്ക്കാരിക മുഖമുദ്രയായി ഇന്ന് ടൗൺഹാൾ മാറിയിട്ടുമുണ്ട്. കാലോചിതമായ പരിഷ്ക്കാരങ്ങൾ ടൗൺഹാളിൽ വരുത്തേണ്ടത് അത്യാവശ്യമാണ്. കൂടുതൽ ആധുനികമായ സേവനങ്ങൾ ഉൾപ്പെടുത്തി ടൗൺ ഹാൾ നവീകരിക്കുന്നതാണ്.

79. നഗരസഭ മുഖ്യകെട്ടിടത്തിന് സമീപം സ്ഥിതിചെയ്യുന്ന യാത്ര ഓഡിറ്റോറിയവും ആധുനികരീതിയിൽ നവീകരിച്ച് മികവുറ്റതാക്കും.

80. കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച് പ്രവർത്തനമാരംഭിച്ച ബൃഹത് പദ്ധതിയുടെ ഭാഗമായി ഈ പ്രവർത്തനങ്ങൾ ഉടനടി ആരംഭിക്കുന്നതാണ്.

മേൽ വിവരിച്ച പദ്ധതികൾക്കായി 4 കോടി രൂപ നീക്കിവെക്കുന്നു.

## ഇടപ്പള്ളി ഇൻഫർമേഷൻ ടെക്നോളജി സമുച്ചയം

81. നഗരസഭയുടെ ഇടപ്പള്ളിയിലുള്ള സോണൽ ഓഫീസിനോടനുബന്ധിച്ചുള്ള ഒരേക്കറോളം വരുന്ന സ്ഥലത്ത് ഇൻഫർമേഷൻ ടെക്നോളജി

സമുച്ചയംസ്ഥാപിക്കും. ഇതിനായി ബഹു. തൃക്കാക്കര എം.എൽ.എ. ശ്രീ. ബെന്നി ബഹന്നാന്റെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും തുക ലഭ്യ മാക്കും.

## കൽവത്തി കമ്മ്യൂണിറ്റി ഹാൾ

82. ഫോർട്ടുകൊച്ചി കൽവത്തി കമ്മ്യൂണിറ്റി ഹാളിൽ മിനിഹാൾ, കംഫർട്ട് ഹാൾ, ചുറ്റുമതിൽ എന്നിവ നിർമ്മിക്കുന്നതാണ്.

ഇതിനായി 25 ലക്ഷം രൂപ നീക്കി വെക്കുന്നു.

## പള്ളുരുത്തി കച്ചേരിപ്പടിയിൽ കമ്യൂണിറ്റി ഹാൾ

83. പള്ളുരുത്തി കച്ചേരിപ്പടിയിൽ പുതിയ കമ്യൂണിറ്റിഹാൾ നിർമ്മിക്കും. ഇതിനായി ബഹു. തുറമുഖ എക്സൈസ് വകുപ്പ് മന്ത്രി ശ്രീ. കെ. ബാബു വിന്റെ ഫണ്ടിൽ നിന്നും 50 ലക്ഷം രൂപ ഉപയോഗപ്പെടുത്തും.

## ചക്കാമടത്ത് മിനിഹാൾ

84. മട്ടാഞ്ചേരി ചക്കാമടം മാവേലിസ്റ്റോർ കോമ്പൗണ്ടിൽ മിനിഹാൾ നിർമ്മി ക്കും. മിനിഹാളിന് ചുറ്റുമതിൽ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ പണിത് സംരക്ഷിക്കും.

ഇതിനായി 10 ലക്ഷം രൂപ നീക്കി വെക്കുന്നു.

## പുതിയ സ്ഥാപനങ്ങൾ

85. കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിക്കപ്പെട്ട കച്ചേരിപ്പടി ഐ.ടി. ഹബ്ബ്, പടിയാത്തു കുളം വാണിജ്യകേന്ദ്രം, പരമാര വിവിധോദ്ദേശ കെട്ടിട സമുച്ചയം, പർവ്വാന ടൂറിസം ഫെസിലിറ്റി സെന്റർ, കൊച്ചിൻ ട്രേഡ് സെന്റർ എന്നിവയുമായി ബന്ധപ്പെട്ടുള്ള പ്രാഥമിക സർവ്വേ റിപ്പോർട്ട് ഇൻകെൽ തയ്യാറാക്കിയിട്ടുണ്ട്. ഈ പദ്ധതികൾക്കുള്ള പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കുന്ന നടപടി ഊർജ്ജി തപ്പെടുത്തി തുടർപ്രവർത്തനങ്ങളുമായി മുന്നോട്ടു പോകും.

## സബല

86. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നതിൽ ഞാൻ അതിയായ ഉത്കണ്ഠ രേഖപ്പെടുത്തുന്നു. പെണ്ണായി പിറന്നവൾക്ക് മറ്റുള്ള വരെപ്പോലെ തന്നെ ഈ ഭൂമിയിൽ ജീവിക്കാനുള്ള അവകാശമുണ്ട്. 'ന: സ്ത്രീ സ്വാതന്ത്ര്യമർഹതി' അഥവാ സ്ത്രീ എങ്ങും സ്വതന്ത്രയല്ല, അവൾ അബലയാണ് എന്ന രീതിയിലുള്ള വാദങ്ങൾ ഈ ആധുനികകാലത്തിൽ പ്രസക്തമല്ല. പുരുഷനോടൊപ്പം എല്ലാ മേഖലയിലും പ്രവർത്തിച്ച് സ്ത്രീ കൾ കഴിവു തെളിയിച്ചു കഴിഞ്ഞു. സ്ത്രീ അബലയല്ല, സബലയാണ് എന്ന് നാം തിരിച്ചറിയേണ്ടതുണ്ട്. സ്ത്രീശക്തിയെ തിരിച്ചറിയുവാനും അവൾക്ക് വേണ്ട സുരക്ഷിതത്വം ഒരുക്കുവാനും വേണ്ടി ഈ ബജറ്റിൽ 'സബല' എന്ന പദ്ധതി തയ്യാറാക്കുന്നു. അതിലൂടെ ഇന്ത്യയിലെ തന്നെ ആദ്യത്തെ സ്ത്രീ സൗഹാർദ്ദ നഗരമായി കൊച്ചിയെ മാറ്റിയെടുക്കും.

## സൗജന്യ ചികിത്സയും വിദ്യാഭ്യാസവും

87. സ്ത്രീകൾ മാത്രമുള്ളതും ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്നതുമായ വീടു കളിലെ കുടുംബാംഗങ്ങളുടെ, തെരെഞ്ഞെടുക്കപ്പെടുന്ന ആശുപത്രികളു മായി ബന്ധപ്പെട്ടുണ്ടാകുന്ന മുഴുവൻ ചികിത്സാ ചെലവുകളും നഗരസഭ വഹിക്കുന്നതായിരിക്കും.

ഇതിനായി 10 ലക്ഷം രൂപ വകയിരുത്തുന്നു.

## നവജാതശിശുക്കൾക്കായി പദ്ധതി

88. നവജാതശിശുക്കളിലുണ്ടാകുന്ന വൈകല്യങ്ങൾ തിരിച്ചറിയുവാൻ സംവി ധാനങ്ങളുണ്ട്. പക്ഷേ ഉയർന്ന നിരക്കും അജ്ഞതയും കാരണം സാധാ രണക്കാർക്ക് ഈ സൗകര്യം ലഭ്യമാകാറില്ല. യഥാസമയം വൈകല്യങ്ങളെ തിരിച്ചറിയുവാൻ സാധിച്ചാൽ ശരിയായ ചികിത്സയിലൂടെ പരിഹരിക്കാൻ സാധിക്കും. പള്ളുരുത്തി താലൂക്ക് ആശുപത്രിയിൽ അടക്കം നഗരസഭ

യുടെ ചിലവിൽ നവജാതശിശുവിന്റെ വൈകല്യങ്ങൾ തിരിച്ചറിയുന്നതിനുള്ള ആധുനിക മെഷീനുകൾ സ്ഥാപിക്കുന്നതാണ്.

ഇതിനായി 10 ലക്ഷം രൂപ നീക്കി വെക്കുന്നു.

## വിമൺസ് ലോഡ്ജ്

89. നഗരത്തിൽ വിവിധ ആവശ്യങ്ങൾക്കായി വരുന്ന സ്ത്രീകൾക്ക് സുരക്ഷിതമായി താമസിക്കുവാൻ മികച്ച സൗകര്യങ്ങളുള്ള വിമൺസ് ലോഡ്ജ് ആരംഭിക്കും. ഈ ലോഡ്ജിലെ മുഴുവൻ ജീവനക്കാരും സ്ത്രീകൾ മാത്രമായിരിക്കും. ക്രമേണ നഗരത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ ഇത്തരം വനിതാ ലോഡ്ജുകളുടെ ശൃംഖല സ്ഥാപിക്കും. ഓൺലൈൻ റിസർവ്വേഷൻ, ടാക്സി സൗകര്യങ്ങൾ എന്നിവ അടക്കമുള്ള ആധുനികസൗകര്യങ്ങൾ വിമൺസ് ലോഡ്ജിൽ ഉണ്ടായിരിക്കുന്നതായിരിക്കും. സംസ്ഥാന സർക്കാരിന്റെ സഹകരണത്തോടെയായിരിക്കും പദ്ധതി നടപ്പിലാക്കുക. വിമൺസ് ലോഡ്ജിന്റെ പ്രാരംഭപ്രവർത്തനങ്ങൾ ഈ വർഷം തന്നെ ആരംഭിക്കുന്നതാണ്.

## കുടുംബശ്രീ വനിതാബസ്സ്

90. നഗരസഭയുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന മെട്രോ കൊച്ചിൻ ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ (MCTC) കീഴിൽ കുടുംബശ്രീയുമായി സഹകരിച്ചുകൊണ്ട് വനിതകൾക്കായി ബസ്സ് സർവ്വീസ് ഏർപ്പെടുത്തും. ബസ്സിലെ മുഴുവൻ ജീവനക്കാരും വനിതകളായിരിക്കും. ആദ്യ ബസ്സ് സർവ്വീസ് ഈ വർഷം തന്നെ ആരംഭിക്കും.

91. ഇതിനാവശ്യമായ തുക സംസ്ഥാന പ്ലാൻ ഫണ്ടിലൂടെയും കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ടിലൂടെയും കണ്ടെത്തും.

## കൗൺസലിംഗ് സെഷൻ

92. കുട്ടികൾക്ക് നേരേ നടക്കുന്ന അതിക്രമങ്ങൾ പുറത്തുവരുന്നത് കൗൺസലിംഗിലൂടെയാണ്. എല്ലാ സ്കൂളുകളിലും കോളേജുകളിലും വിദ്യാർത്ഥി

നികൾക്കായി സ്ത്രീകൾ നേതൃത്വം നൽകുന്ന കൗൺസിലിംഗ് സെഷൻ നടപ്പിലാക്കും. കൗൺസിലിംഗ് നടത്തുന്നതിന് ഒരോ സ്ക്കൂളിൽനിന്നും മൂന്ന് അദ്ധ്യാപികമാർ അടങ്ങുന്ന സമിതി വിദഗ്ദ്ധരുടെ നേതൃത്വത്തിൽ രൂപീകരിക്കും. ബന്ധുക്കളിൽ നിന്നും അയൽവാസികളിൽ നിന്നും അപരിചിതരിൽനിന്നും നേരിടുന്ന പീഡനങ്ങൾ കൗൺസിലിംഗിൽ ശ്രദ്ധിക്കപ്പെട്ടാൽ നിയമപരമായി കുറ്റക്കാരെ ശിക്ഷിക്കാനുള്ള നടപടികൾ പോലീസിന്റെയും സ്ക്കൂൾ അധികൃതരുടേയും ഭാഗത്ത് നിന്നും ഉറപ്പാക്കും. ഒരു മാസത്തിൽ ഒരുതവണ കൗൺസലിംഗ് നടത്തുന്ന തരത്തിൽ പ്രവർത്തനങ്ങൾ ക്രമീകരിക്കും.

## ബോധവൽക്കരണ ക്ലാസ്സുകൾ

93. നഗരസഭയുടെ നേതൃത്വത്തിൽ സ്ക്കൂൾ-കോളേജ് വിദ്യാർത്ഥിനികൾക്കായി ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കും. മൊബൈൽ, ടെലിവിഷൻ, ഇന്റർനെറ്റ്, സോഷ്യൽമീഡിയ എന്നിവയുടെ അതിപ്രസരണത്തോടെ വിദ്യാർത്ഥിനികൾ ചൂഷണം ചെയ്യപ്പെടുന്ന അവസ്ഥ നിലവിലുണ്ട്. കേവലം കൗതുകത്തിന് വേണ്ടി തുടങ്ങുന്ന പല ബന്ധങ്ങളും പിന്നീട് കുട്ടികളുടെ ജീവിതത്തെത്തന്നെ ബാധിക്കുന്ന തരത്തിൽ എത്തിച്ചേരാറുണ്ട്. വ്യക്തമായ ഉപദേശമോ മാർഗ്ഗനിർദ്ദേശമോ ബോധവൽക്കരണമോ കിട്ടിയാൽ ഇത്തരം സാഹചര്യത്തിൽ നിന്നും ഒരു പക്ഷേ വിദ്യാർത്ഥിനികൾ രക്ഷപെട്ടേക്കാം.

94. പലപ്പോഴും ഇന്റർനെറ്റ്, മൊബൈൽ അടക്കമുള്ള സാങ്കേതികവിദ്യകളിലെ ചതിക്കുഴികളെപ്പറ്റി കുട്ടികൾ ബോധവാന്മാരായിരിക്കില്ല. ഈ സാഹചര്യത്തിൽ നഗരസഭയുടെ നേതൃത്വത്തിൽ കുട്ടികൾക്കായി ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കും. മൊബൈൽ, ഇന്റർനെറ്റ് എന്നിവ ഉപയോഗിക്കുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകളെക്കുറിച്ചും സൈബർനിയമങ്ങളെക്കുറിച്ചും ക്ലാസ്സിൽ പ്രതിപാദിക്കും. ഇതിനായി വിവിധ വിഷയങ്ങളിലെ പ്രഗത്ഭരെ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള പാനൽ തയ്യാറാക്കും.

## സാനിട്ടറി നാപ്കിൻ ഡിസ്പോസർ

95. സ്ക്കൂളുകളിൽ സാനിട്ടറി നാപ്കിൻ ഡിസ്പോസലിനായി ആധുനിക രീതിയിലുള്ള മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള പ്രൊജക്ട് പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. ഉപയോഗിക്കപ്പെട്ട സാനിട്ടറി നാപ്കിൻസ് യന്ത്രസഹായത്താൽ നശിപ്പിക്കാനുള്ള പദ്ധതി നഗരത്തിലെ മുഴുവൻ സ്ക്കൂളുകളിലും സ്വകാര്യ സ്ഥാപനങ്ങളുടെ സഹായത്തോടെ നടപ്പിലാക്കും.

## സുരക്ഷാ പരിശീലന ക്ലബ്ബുകൾ

96. അത്യാവശ്യഘട്ടങ്ങളിൽ സ്വയംസുരക്ഷക്കായി സ്ത്രീകൾക്ക് പരിശീലനം നൽകുന്നതിനായി വനിതാ ക്ലബ്ബുകളുമായി സഹകരിച്ച് സുരക്ഷാ പരിശീലന ക്ലബ്ബുകൾ രൂപവൽക്കരിക്കും. വിവിധ ആയോധനകലകൾ ഇത്തരം സുരക്ഷാ പരിശീലന ക്ലബ്ബുകളിലൂടെ പരിശീലിപ്പിക്കും. ഇതിനായി വിദഗ്ധരുടെ സേവനം ലഭ്യമാക്കും.

97. സുരക്ഷാ പരിശീലന ക്ലബ്ബുകളിൽ നിന്നും പരിശീലനം നേടിയ സ്ത്രീകൾ തങ്ങളുടെ റെസിഡൻസ് അസോസിയേഷനുകളും ഫ്ളാറ്റുകളും കേന്ദ്രീകരിച്ച് കൂടുതൽ പേർക്ക് പരിശീലനം നൽകും. വനിതാ പോലീസ് വിഭാഗവുമായി ഇവരെ ബന്ധപ്പെടുത്താനുള്ള നടപടികൾ എടുക്കും.

## സ്ത്രീസുരക്ഷാ സമിതി

98. കൊച്ചി നഗരസഭയുടെ ആഭിമുഖ്യത്തിൽ തെരെഞ്ഞെടുക്കപ്പെടുന്ന വനിതാ കൗൺസിലർമാരെ ഉൾപ്പെടുത്തി സ്ത്രീസുരക്ഷാ സമിതി രൂപീകരിക്കും. നഗരത്തിലെ തൊഴിലിടങ്ങളിലും പൊതുസ്ഥലങ്ങളിലും വിദ്യാലയങ്ങളിലും ഗാർഹിക ഇടങ്ങളിലും സ്ത്രീകൾ അനുഭവിക്കുന്ന പ്രശ്നങ്ങളും പീഡനങ്ങളും ഈ സമിതിയിൽ അറിയിക്കാം. ബന്ധപ്പെട്ട വകുപ്പുകളുമായി ബന്ധപ്പെട്ട് പ്രശ്നത്തിനുള്ള പരിഹാരം സ്ത്രീസുരക്ഷാ സമിതി കണ്ടെത്തുന്നതാണ്.

## രാത്രി സുരക്ഷ

99. സാക്ഷരതയിൽ കേരളം മുൻപന്തിയിലെത്തി നിൽക്കുമ്പോഴും സന്ധ്യ കഴിഞ്ഞാൽ സ്ത്രീകൾ ഇന്നും പൊതു ഇടങ്ങളിൽ സുരക്ഷിതരല്ല. ഐ.ടി, ബി.പി.ഒ എന്നിങ്ങനെയുള്ള വിവിധ നൈറ്റ് ഷിഫ്റ്റ് ജോലികളിൽ സ്ത്രീകൾ സജീവമായിരിക്കുന്ന കൊച്ചിയിൽപ്പോലും ഈ സ്ഥിതിക്ക് മാറ്റമില്ല. സ്ത്രീകൾക്ക് രാത്രിയിലും സുരക്ഷിതമായി യാത്രചെയ്യാനുള്ള നഗരമാക്കി കൊച്ചിയെ മാറ്റാനുള്ള പ്രവർത്തനങ്ങൾ നഗരസഭ ഏറ്റെടുക്കും. ഇതിനായി ജില്ലാ ഭരണകൂടം, പോലീസ് എന്നിവരുമായി സഹകരിച്ച് നൈറ്റ് പെട്രോളിംഗ്, ഷാഡോ പോലീസ്, ക്യാമറകൾ എന്നിവ നഗരത്തിൽ ഉറപ്പുവരുത്തും.

## ശിശുസൗഹാർദ്ദ നഗരം

100. കൊച്ചിയെ ശിശു സൗഹാർദ്ദ നഗരമാക്കി മാറ്റാനുള്ള ഒരു ബൃഹത് പദ്ധതിക്ക് യുനിസെഫിന്റെ (UNICEF) സഹായത്തോടെ തുടക്കം കുറിക്കും. നമ്മുടെ നഗരത്തെ ശിശുസൗഹാർദ്ദ നഗരമാക്കുന്നതിന് യുണിസെഫ് നിഷ്ക്കർഷിക്കുന്ന എല്ലാ മാർഗ്ഗനിർദ്ദേശങ്ങളും പാലിച്ചുകൊണ്ടായിരിക്കും പദ്ധതി നടപ്പിലാക്കുക. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ഇതിനകം തന്നെ ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ പ്രോജക്ട് ഓഫീസ് ഉടനടി തന്നെ നഗരത്തിൽ ആരംഭിക്കും. ഇതിന്റെ തുടർ പ്രവർത്തനങ്ങൾക്കായി 20 ലക്ഷം രൂപ നീക്കി വെക്കുന്നു.

## ഖരമാലിന്യ സംസ്ക്കരണം

101. ഖരമാലിന്യ സംസ്ക്കരണം ഇന്ന് ഇന്ത്യയിലെ നഗരങ്ങൾ അഭിമുഖീരിക്കുന്ന പ്രധാന പ്രശ്നമാണ്. മാലിന്യശേഖരണത്തിലും സംസ്ക്കരണത്തിലും മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മാതൃകയാക്കാവുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് കൊച്ചി നഗരസഭ കാഴ്ചവെക്കുന്നത്.

## ബ്രഹ്മപുരം പ്ലാന്റ്

102. ബ്രഹ്മപുരത്ത് പുതിയ പ്ലാന്റ് നിർമ്മിക്കുന്നതിന് സർക്കാർ തലത്തിൽ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. പ്ലാന്റ് നിർമ്മാണ പ്രവർത്തനം നിർദ്ദിഷ്ട ഏജൻസിയെ ഏൽപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നുമുണ്ട്. ആധുനിക സൗകര്യങ്ങളുള്ള പുതിയ പ്ലാന്റ് നിലവിൽ വരുന്നതോടെ മാലിന്യസംസ്ക്കരണ രംഗത്തുള്ള പ്രശ്നങ്ങൾക്ക് പരിഹാരമാകും. പുതിയ പ്ലാന്റ് എത്രയും വേഗം നിർമ്മാണം ആരംഭിക്കാൻ സർക്കാറിൽ സമ്മർദ്ദം ശക്തമാക്കും.

103. ബ്രഹ്മപുരം പ്ലാന്റിന്റെ ചുറ്റുമതിലും പ്ലാന്റിന്റെ വിവിധ ഭാഗങ്ങളിലേക്കുള്ള റോഡുകളും ഇപ്പോഴും പൂർണ്ണമല്ല. ഈ പോരായ്മകൾ പരിഹരിച്ച് ചുറ്റുമതിലും റോഡുകളും ഈ സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കും. ഖരമാലിന്യ നിർമ്മാർജ്ജനത്തിനായി പ്ലാന്റിനോട് ചേർന്ന് കൊച്ചി നഗരസഭ എറ്റെടുത്ത 100 ഏക്കറിനുമേൽ വരുന്ന സ്ഥലം ചുറ്റുമതിൽ കെട്ടി മരങ്ങൾ വെച്ചു പിടിപ്പിച്ച് കെ.എസ്.യു.ഡി.പി. JnNURM ഫണ്ടുപയോഗിച്ച് ഗ്രീൻ ബെൽറ്റ് സ്ഥാപിക്കും.

104. ബ്രഹ്മപുരം പ്ലാന്റിൽ കൂടുതൽ വിളക്കുകൾ ഏർപ്പെടുത്തും. മുഴുവൻ വിളക്കുകളും സൗരോർജ്ജത്താൽ പ്രവർത്തിക്കുന്നവയായിരിക്കും.

## ഇ-വേസ്റ്റിന് പുതിയ പ്ലാന്റ്

105. ഇലക്ട്രോണിക് ഉപകരണങ്ങൾ കൂടുതൽ വ്യാപകമായ കാലഘട്ടത്തിലൂടെയാണ് നാം കടന്നു പോയിക്കൊണ്ടിരിക്കുന്നത്. ഉപയോഗശൂന്യമായ ഇലക്ട്രോണിക് ഉപകരണങ്ങളുടെ ഒരു കൂമ്പാരം തന്നെ ഇന്ന് ലോകത്ത് നിലവിലുണ്ട്. ഐ.ടി. സിറ്റിയായ കൊച്ചിയുടെ നിലയും ഇതിൽ നിന്നും ഒട്ടും വ്യത്യസ്തമല്ല. വർദ്ധിച്ചു വരുന്ന ഇ-മാലിന്യം പരിസ്ഥിതിക്ക് ഭീഷണി സൃഷ്ടിക്കുന്നുണ്ട് എന്നതിൽ സംശയമില്ല. ഈ മേഖലയിൽ ശാസ്ത്രീയമായ ആസൂത്രണം നടത്തി മുന്നേറിയാൽ മാത്രമേ ഭാവിയിൽ നമ്മുടെ നഗരത്തെ

വൻ വിപത്തിൽ നിന്നും സംരക്ഷിക്കാനാവുകയുള്ളു. ഈ സാഹചര്യം മുൻനിർത്തി ഇ-വേസ്റ്റ് ശാസ്ത്രീയമായ രീതിയിൽ സംസ്ക്കരിക്കുന്നതിനുള്ള ഒരു പ്ലാന്റ് സ്വകാര്യ സ്ഥാപനങ്ങളുടേയും വിവിധ സംഘടനകളുടേയും സഹകരണത്തോടുകൂടി ബ്രഹ്മപുരത്ത് സ്ഥാപിക്കുന്നതാണ്. ആയതിന്റെ പദ്ധതിരേഖ തയ്യാറാക്കുന്നതിന് വേണ്ടി 20 ലക്ഷം രൂപ വകയിരുത്തുന്നു.

## പ്ലാസ്റ്റിക്കിൽ നിന്നും ഇന്ധനം

106. പ്ലാസ്റ്റിക്കിൽ നിന്നും ഇന്ധനം ഉത്പാദിപ്പിക്കുന്ന സാങ്കേതിക വിദ്യ ഇന്ന് ലോകത്താകമാനം പ്രചുരപ്രചാരം നേടിക്കൊണ്ടിരിക്കുകയാണ്. ബ്രഹ്മപുരത്ത് പ്ലാസ്റ്റിക്കിൽ നിന്നും ഇന്ധനം ഉത്പാദിപ്പിക്കുന്ന ഒരു പ്ലാന്റ് ബി.ഒ.ടി അടിസ്ഥാനത്തിൽ സ്ഥാപിക്കുന്നതാണ്. ആയതിനുള്ള പ്രാരംഭപ്രവർത്തനങ്ങൾക്കായി 20 ലക്ഷം രൂപ നീക്കി വെക്കുന്നു.

## ബ്രഹ്മപുരത്ത് കർമ്മസമിതി

107. കൊച്ചി നഗരത്തിൽ നിന്നും മാലിന്യം നിക്ഷേപിക്കുന്ന പ്രദേശമായ ബ്രഹ്മപുരത്തെ ജനങ്ങളുടെ സുരക്ഷയ്ക്ക് ഈ ബജറ്റ് മികച്ച പരിഗണന നൽകുന്നു. ബ്രഹ്മപുരത്ത് അടുത്തിടെയുണ്ടായ തീപിടുത്തവുമായി ബന്ധപ്പെട്ട് പ്രദേശവാസികൾക്കുണ്ടായ ബുദ്ധിമുട്ടുകൾ നഗരസഭ മനസ്സിലാക്കുന്നു. ഭാവിയിൽ അത്തരം അപകടങ്ങളുണ്ടാകാതെ നാം ശ്രദ്ധിക്കേണ്ടതുണ്ട്. അതിനായി ബ്രഹ്മപുരത്ത് മേയർ ചെയർമാനായി ഒരു കർമ്മ സമിതി രൂപീകരിക്കും. ജനപ്രതിനിധികൾ, നഗരസഭ ഹെൽത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, നഗരസഭ പ്രൊജക്ട് ഓഫീസർ, ഹെൽത്ത് ഓഫീസർ, പുത്തൻകുരിശ് പഞ്ചായത്ത് പ്രതിനിധികൾ, വാർഡ് മെമ്പർമാർ എന്നിവരെ ഉൾപ്പെടുത്തി രൂപീകരിക്കുന്ന കർമ്മ സമിതി ക്രമമായ ഇടവേളകളിൽ യോഗം ചേരുകയും ആരോഗ്യ-സുരക്ഷാ കാര്യങ്ങൾ തീരുമാനിക്കുകയും ചെയ്യും.

108. കർമ്മ സമിതി നിർദ്ദേശിക്കുന്ന കാര്യങ്ങൾ കൗൺസിൽ തീരുമാനത്തിന് വിധേയമായി നടപ്പിലാക്കുന്നതാണ്.

## മാലിന്യനീക്കത്തിന് പുതിയ കവചിത വാഹനങ്ങൾ

109. വീടുകളിൽനിന്നും മാലിന്യം ശേഖരണം മുതൽ പ്ലാന്റിലേക്കുള്ള മാലിന്യ നീക്കം വരെയുള്ള പ്രവർത്തനങ്ങൾക്ക് ആധുനികരീതിയിലുള്ള കവചിത വാഹനങ്ങൾ പുതുതായി വാങ്ങുന്നതാണ്. കവചിത വാഹനങ്ങളിൽ മാലിന്യനീക്കം നടത്തുക വഴി പൊതുജനങ്ങൾക്കും യാത്രികർക്കും ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ലഘൂകരിക്കപ്പെടും.

## ശുചീകരണവും മാലിന്യനീക്കവും രാത്രിയിലേക്ക്

110. നഗരത്തിലെ ശുചീകരണപ്രവർത്തനങ്ങളും മാലിന്യനീക്കവും നടക്കുന്നത് പകൽ സമയങ്ങളിലാണ്. നഗരത്തിൽ പകൽ സമയങ്ങളിലുള്ള മാലിന്യ നീക്കം പലപ്പോഴും പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് സൃഷ്ടിക്കാറുണ്ട്. ഇതിനൊരു പരിഹാരമായി ശുചീകരണജോലികളും മാലിന്യനീക്കവും പരീക്ഷണാടിസ്ഥാനത്തിൽ രാത്രിസമയത്തേക്ക് മാറ്റുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നതാണ്.

## ജൈവവളം വിൽപ്പനക്ക്

111. ബ്രഹ്മപുരം പ്ലാന്റിൽ സംസ്ക്കരിക്കപ്പെടുന്ന ജൈവമാലിന്യങ്ങൾ ജൈവവളമാക്കി മാറ്റുകയാണ് ചെയ്തുവരുന്നത്. ഈ ജൈവ വളം ബ്രാന്റ് ചെയ്ത് വിൽപ്പനക്കായി സജ്ജമാക്കും. പ്രധാന മാർക്കറ്റുകളിലെല്ലാം പാക്കറ്റുകളിലാക്കിയ ജൈവ വളം ലഭ്യമാക്കും. ജൈവ വളം ഡിവിഷൻ തോറും കുടുംബശ്രീ വഴി വില്പന നടത്തും.

## വികേന്ദ്രീകൃത മാലിന്യ സംസ്കരണ പദ്ധതി

112. ഏതൊരു പ്രദേശത്തേയും മാലിന്യപ്രശ്നത്തിന് ശാശ്വതമായ പരിഹാരം ഉറവിടത്തിൽത്തന്നെ മാലിന്യശേഖരണവും സംസ്ക്കരണവും നടത്തുക എന്നതാണ്. കൊച്ചി നഗരത്തിലും മാലിന്യം ഉറവിടത്തിൽത്തന്നെ സംസ്ക്കരിക്കാനുള്ള വിവിധ പ്രവർത്തനങ്ങൾ നഗരസഭ നടത്തിയിട്ടുണ്ട്. ഈ

രംഗത്ത് ഇനിയും നമുക്ക് മുന്നേറാനുണ്ട്. മുഴുവൻ വീടുകളിലും മാലിന്യ സംസ്ക്കരണ യൂണിറ്റ് എന്ന ലക്ഷ്യമാണ് നാം നേടേണ്ടത്. അതുവഴി ബ്രഹ്മപുരത്തേക്കുള്ള മാലിന്യത്തിന്റെ അളവ് കുറച്ചുകൊണ്ടു വരുവാനും നഗരവീഥികളെ മാലിന്യവിമുക്തമാക്കുവാനും സാധിക്കും. ഇതിനുള്ള ആദ്യഘട്ടം എന്ന നിലയിൽ വികേന്ദ്രീകരണ മാലിന്യ സംസ്ക്കരണ പദ്ധതിക്ക് തുടക്കം കുറിക്കുകയാണ്.

113. എല്ലാ ഡിവിഷനുകളിലും റസിഡൻസ് അസോസിയേഷനുകൾ കേന്ദ്രീകരിച്ചും ഫ്ളാറ്റുകൾ കേന്ദ്രീകരിച്ചും ബയോ ഗ്യാസ് പ്ലാന്റുകളും മറ്റ് മാലിന്യസംസ്ക്കരണ യൂണിറ്റുകളും സ്ഥാപിക്കും. സംസ്ഥാന സർക്കാരിന്റേയും ശുചിത്വമിഷന്റേയും സാമ്പത്തിക സഹായം കൂടാതെ നഗരസഭയും തനതായ വിഹിതം നൽകി സബ്സിഡിയോടെ മാലിന്യസംസ്ക്കരണ ഉപകരണങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കും.

## നന്മ അവാർഡ്

114. ഉറവിടമാലിന്യ സംസ്ക്കരണ രംഗത്ത് മികച്ച പ്രവർത്തനങ്ങൾ നടത്തുന്നവരെ നഗരസഭ ആദരിക്കും. ഉറവിടത്തിൽത്തന്നെ മികച്ച രീതിയിൽ മാലിന്യം സംസ്ക്കരിക്കുന്ന വ്യക്തികൾ, റസിഡന്റ് അസോസിയേഷനുകൾ, സ്ഥാപനങ്ങൾ എന്നിവരെ കണ്ടെത്തി മാലിന്യ സംസ്ക്കരണ രംഗത്തെ മികവിനും മാതൃകയ്ക്കും നന്മ അവാർഡ് നൽകി ആദരിക്കും.

## കൊതുകു നിവാരണ പ്രവർത്തനങ്ങൾ

115. കൊതുകുകൾ പെറ്റുപെരുകുന്നത് പലപ്പോഴും വൃത്തിഹീനമായ സാഹചര്യങ്ങളിൽ നിന്നുമാണ്. കൊച്ചിയെ കൊതുകിൽ നിന്നും രക്ഷിച്ചേ മതിയാകൂ. ഇതിനായി മുഴുവൻ കാനകളും നിശ്ചിത സമയത്ത് വൃത്തിയാക്കുന്നത് ഉറപ്പു വരുത്തും. കൂടാതെ ഹാന്റ് സ്പ്രേയിംഗ് മെഷീൻ ഉപയോഗിച്ച് മരുന്ന് തളിക്കുന്നതിന് ഓരോ ഡിവിഷനിലും രണ്ടു പേരെ നിയമിച്ചിട്ടുണ്ട്. ആവശ്യമെങ്കിൽ കൂടുതൽ ആളുകളെ നിയമിച്ചുകൊണ്ട് കൊതുകു നശീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തും. ഇതുപരിഹരിക്കുന്നതിനായി

നഗരസഭക്കൊപ്പം പൊതുജനങ്ങളും സഹകരിക്കേണ്ടതുണ്ട്. സ്വന്തം പരിസരം വൃത്തിയായി സൂക്ഷിക്കുകയാണ് ഇതിനുള്ള ആദ്യപടി. വീടുകളിൽ നിന്നുള്ള സെപ്ടിക് ടാങ്ക് അടക്കമുള്ള ഔട്ട്ലെറ്റുകൾ ഒരു കാരണവശാലും കാനകളിലേക്ക് നൽകാതിരിക്കുന്നതിന് പൊതുജനങ്ങൾ ഉറച്ച തീരുമാനം എടുക്കേണ്ടതാണ്.

116. മാലിന്യ ശേഖരണ സംസ്ക്കരണ കൊതുകു നിവാരണ പ്രവർത്തനങ്ങൾക്കും കവചിത വാഹനങ്ങൾ വാങ്ങുന്നതിനുമുള്ള പദ്ധതികൾക്കുമായി 10 കോടി രൂപ നീക്കി വെക്കുന്നു.

## പ്ലാസ്റ്റിക് ഫ്രീ കൊച്ചിൻ

117. പ്രകൃതിക്കും സകലജീവജാലങ്ങൾക്കും ഒരു പോലെ അപകടകാരിയായ പ്ലാസ്റ്റിക് കാലാകാലങ്ങളോളം സംസ്ക്കരിക്കപ്പെടാതെ ഭൂമിയിൽ കിടക്കും. ഭൂമിക്കടിയിലെ ജലസ്രോതസ്സിനേയും നീരൊഴുക്കിനേയും പ്ലാസ്റ്റിക് തടയുന്നു. കാനകളിൽ കെട്ടിക്കിടക്കുന്ന പ്ലാസ്റ്റിക് കാനകളിലൂടെ ഒഴുകുന്ന മലിനജലത്തെ തടസ്സപ്പെടുത്തുന്നു.

118. പ്ലാസ്റ്റിക് വസ്തുക്കളുടെ സംസ്ക്കരണം വലിയ പ്രതിസന്ധിയാണ് സൃഷ്ടിക്കുന്നത്. സയന്റിഫിക് കാപ്പിംഗ്, റോഡ് നിർമ്മാണത്തിനുപയോഗിക്കുക തുടങ്ങിയ ശാസ്ത്രീയ മാർഗ്ഗങ്ങളിലൂടെ പ്ലാസ്റ്റിക് കുറെയൊക്കെ സംസ്ക്കരിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. എന്നിരുന്നാലും പ്ലാസ്റ്റിക്കിന്റെ ഉപയോഗം നാം നിയന്ത്രിച്ചേ മതിയാകൂ. കേരള സർക്കാർ നിയമം മൂലം നിരോധിച്ച 40 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗവും വില്പനയും ഇപ്പോഴും നടക്കുന്നുണ്ട്. 40 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ക്യാരിബാഗുകൾ നഗരസഭാ പ്രദേശത്ത് നിരോധിച്ച് കൊച്ചിയെ പ്ലാസ്റ്റിക് വിമുക്തമാക്കാനുള്ള ക്യാംപെയിൻ സംഘടിപ്പിക്കും.

## സെൻട്രലൈസ്ഡ് സ്ലോട്ടർ ഹൗസ്

119. നഗരത്തിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തി കേന്ദ്രഭക്ഷ്യവകുപ്പിന്റെ സഹായത്തോടെ അത്യാധുനികമായ സെൻട്രലൈസ്ഡ് സ്ലോട്ടർ ഹൗസ് നിർമ്മിക്കും. ഇതിനായി 50 ശതമാനത്തോളം തുക ഗ്രാന്റായി കേന്ദ്ര ഭക്ഷ്യ

വകുപ്പിൽ നിന്നും ലഭിക്കുന്നതാണ്. മീറ്റ് പ്രൊഡക്റ്റുകൾ വിദേശരാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുവാനുതകുന്ന രീതിയിലുള്ള സംവിധാനങ്ങൾ ഉൾപ്പെടെ ഇതിൽ സജ്ജമാക്കും.

120. മട്ടാഞ്ചേരി അറവുശാല ആധുനിക രീതിയിൽ നിർമ്മിക്കുന്നതിനുള്ള പ്രൊജക്ട് തയ്യാറാക്കി സാങ്കേതികാനുമതിക്കായി ശുചിത്വമിഷന് സമർപ്പിച്ചിട്ടുണ്ട്. സർക്കാർ ഫണ്ട് അനുവദിപ്പിച്ച് ഈ സാമ്പത്തിക വർഷം തന്നെ പദ്ധതി പൂർത്തീകരിക്കുന്നതാണ്.

121. കലൂർ, ചമ്പക്കര, ഇടപ്പള്ളി എന്നിവിടങ്ങളിലും ആധുനിക അറവുശാലകൾ സ്ഥാപിക്കുന്നതാണ്.

## കൊച്ചിൻ സിറ്റി സാനിറ്റേഷൻ പ്ലാൻ

122. നഗരങ്ങളിലെ പൊതുശുചിത്വ നിലവാരം ഉയർത്തുക എന്ന ഉദ്ദേശ്യത്തോടെ ബഹു. ഭാരത സർക്കാരിന്റെ നാഷണൽ അർബൻ സാനിറ്റേഷൻ പോളിസി (NUSP) അനുസരിച്ച് തെരെഞ്ഞെടുക്കപ്പെടുന്ന നഗരങ്ങൾക്കായി സിറ്റി സാനിറ്റേഷൻ പ്ലാൻ തയ്യാറാക്കുന്ന നഗരങ്ങളുടെ പട്ടികയിൽ നമ്മുടെ കൊച്ചിയേയും ഉൾപ്പെടുത്തിയിട്ടുണ്ട്. ജലവിതരണം, മലിനജലത്തിന്റെ മാനേജ്മെന്റ്, വെള്ളക്കെട്ട്, ഖരമാലിന്യ സംസ്ക്കരണം, ടോയ്‌ലറ്റുകൾ എന്നിവയുമായി ബന്ധപ്പെട്ട വിഷയങ്ങളിലാണ് വിശദമായ പ്ലാൻ തയ്യാറാക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് കൊച്ചി നഗരത്തിനായി വിശദമായ ഒരു സാനിറ്റേഷൻ പ്ലാൻ തയ്യാറാക്കുന്നതിനായി ജർമ്മൻ ഗവൺമെന്റ് ഏജൻസിയായ GIZ (Gesellschaft für Internationale Zusammenarbeit) ന്റെ പ്രവർത്തനം ഏറെ പുരോഗമിച്ചു വരികയും ഒരു ഡ്രാഫ്റ്റ് സാനിറ്റേഷൻ പ്ലാൻ തയ്യാറാക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഈ പ്രവർത്തനങ്ങളിൽ GIZ നെ സഹായിക്കാൻ RODICO എന്ന ജർമ്മൻ കമ്പനിയും പ്രവർത്തിക്കുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട മുഴുവൻ പ്രവർത്തനങ്ങൾക്കും എല്ലാവിധ സഹായങ്ങളും നഗരസഭയുടെ ഭാഗത്തു നിന്നും നൽകി സാനിറ്റേഷൻ പ്ലാൻ ഉടൻ നടപ്പിൽ വരുത്തുന്നതാണ്.

## ഐലന്റിൽ പുതിയ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ്

123. വില്ലിങ്ടൺ ഐലന്റിൽ രണ്ടര ഏക്കർ സ്ഥലത്ത് കെ.എസ്.യു.ഡി.പി സാമ്പത്തിക സഹായത്തോടെ ഒരു ആധുനിക സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണം ഈ വർഷം തന്നെ ആരംഭിക്കും.

## ബൗണ്ടറി കനാൽ നെറ്റ് കെട്ടി സംരക്ഷിക്കും

124. ബ്രിട്ടീഷ് ഭരണകാലത്തും രാജഭരണകാലത്തും ഗതാഗത ആവശ്യത്തിനായി ഏറെ ഉപയോഗപ്പെടുത്തിയിരുന്ന ചരിത്രപ്രസിദ്ധമായ പശ്ചിമകൊച്ചിയിലെ ബൗണ്ടറി കനാൽ ഇന്ന് നാശോന്മുഖമായ അവസ്ഥയിലാണ്. ഏകദേശം ബൗണ്ടറി കനാലിന്റെ 6 കിലോമീറ്ററോളം ദൂരത്തിൽ മാലിന്യം നീക്കി ശുചീകരിക്കുകയുണ്ടായി. ഈ കനാലിന്റെ രണ്ട് വശങ്ങളും ആധുനികരീതിയിൽ ഭിത്തികെട്ടി ഉറപ്പിച്ച് മാലിന്യം കനാലിലേക്ക് നിക്ഷേപിക്കാനാകാത്ത വിധത്തിൽ നെറ്റ് കെട്ടി സംരക്ഷിക്കും. ഈ പ്രവർത്തനങ്ങൾക്കായി 2 കോടി രൂപ നീക്കി വെക്കുന്നു.

## സ്വീവേജ് പദ്ധതി

125. നമ്മുടെ നഗരം നേരിടുന്ന പ്രധാന വെല്ലുവിളികളിൽ ഒന്നാണ് പകർച്ച വ്യാധികളും ജലജന്യരോഗങ്ങളും കൊതുകു ശല്യവും. ഇതിൽ നിന്ന് കൊച്ചിയെ പൂർണ്ണമായും വിമുക്തമാക്കണമെങ്കിൽ സ്വീവേജ് പദ്ധതി നടപ്പിൽ വരുത്തുക എന്നതാണ് പരിഹാരം.

126. JnNURM പദ്ധതിയിൽ ഉൾപ്പെടുത്തി എളംകുളത്ത് സ്ഥാപിക്കുന്ന സ്വീവേജ് ട്രീറ്റ്മന്റ് പ്ലാന്റിന്റേയും അനുബന്ധ പ്രവർത്തനങ്ങളുടേയും പുതുക്കിയ പദ്ധതി രേഖ ഗവൺമെന്റ് ഓഫ് ഇന്ത്യയിൽ സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭിയ്ക്കുന്ന മുറക്ക് 151 കോടി രൂപയുടെ സ്വീവേജുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കും.

## കുടിവെള്ളം

127. അടിസ്ഥാന സൗകര്യവികസനത്തിൽ ഏറ്റവുമധികം ശ്രദ്ധപതിയേണ്ട മേഖലയാണ് കുടിവെള്ളം. പ്രതിവർഷം മഴ കുറഞ്ഞുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഭാവിയിലെ ഏറ്റവും വലിയ പ്രശ്നമായി കുടിവെള്ളം മാറും. ഈ സാഹചര്യം മുന്നിൽക്കണ്ടുകൊണ്ടുള്ള ദീർഘവീക്ഷണത്തോടെയുള്ള പ്രവർത്തനങ്ങൾ നാം നടത്തേണ്ടതുണ്ട്. കൊച്ചിയിലെ കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരം എന്ന ലക്ഷ്യത്തിലേക്കുള്ള പ്രവർത്തനങ്ങൾ ഈ ബജറ്റിൽ ഉൾക്കൊള്ളിക്കുന്നു.

## പുതിയ കുടിവെള്ള പദ്ധതി

128. നഗരത്തിലെ കുടിവെള്ള വിതരണത്തിന് കൂടുതൽ കാര്യക്ഷമത കൈവരാൻ പുതിയൊരു കുടിവെള്ള പദ്ധതി ഈ ബജറ്റ് വിഭാവനം ചെയ്യുന്നു. പെരിയാറിൽ നിന്നും ശേഖരിക്കുന്ന ജലം കളമശ്ശേരിയിൽ പ്ലാന്റ് നിർമ്മിച്ച് ശുദ്ധീകരിച്ച് നഗരത്തിലേക്കെത്തിക്കും. നഗരത്തിൽ വിവിധയിടങ്ങളിലായി ഓവർഹെഡ് ടാങ്കുകൾ സ്ഥാപിച്ചുകൊണ്ട് ജലവിതരണം ഊർജ്ജിതപ്പെടുത്തും. ബഹു. സംസ്ഥാന സർക്കാർ നേതൃത്വത്തിൽ കേരള വാട്ടർ അതോറിറ്റിയുടെ സഹകരണത്തോടെയായിരിക്കും പദ്ധതി നടപ്പിലാക്കുക.

## ആലുവ ശുദ്ധീകരണ ശാലയുടെ നവീകരണം പൂർത്തിയാക്കും.

129. കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ചിരുന്നതും പ്രവർത്തനങ്ങൾ തുടരുന്നതുമായ ആലുവ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്, ഇൻടേക്ക് ട്രാൻസ്മിഷൻ ലെയിൻ എന്നിവയുടെ നവീകരണ പ്രവൃത്തികൾ പൂർത്തീകരിക്കും. 14.35 കോടി രൂപ കരാർ തുകയുള്ള പ്രസ്തുത പ്രവൃത്തിയുടെ 75% പ്രവൃത്തികൾ പൂർത്തികരിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം ജൂൺ മാസത്തിൽ പൂർത്തീകരിക്കാനുദ്ദേശിക്കുന്ന പദ്ധതിക്കായി കെ.എസ്.യു.ഡി.പി. പദ്ധതിയിലൂടെ 8.77 കോടി രൂപ ചെലവഴിക്കും.

130. ആലുവ ട്രീറ്റ്മന്റ് പ്ലാന്റ് (പ്ലാന്റ് 1, പ്ലാന്റ് 2) എന്നിവയുടെ ഓട്ടോമേഷൻ പ്രവൃത്തികൾ പൂർത്തീകരിക്കും. 3.62 കോടി രൂപ കരാർ തുകയുള്ള

പ്രസ്തുത പ്രവൃത്തിയുടെ 60% പ്രവൃത്തികൾ ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്. ഈ സാമ്പത്തികവർഷം തന്നെ പദ്ധതി പൂർത്തീകരിക്കും.

## ജലവിതരണ ശൃംഖല മെച്ചപ്പെടുത്തും

131. കൊച്ചി നഗരസഭയുടെ പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുന്ന പൈപ്പ് ലൈനുകളുടെ നവീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടന്നുവരുന്നു. പാലാരിവട്ടം മുതൽ സംസ്ക്കാര ജംഗ്ഷൻ വരെയും, എളംകുളം ജംഗ്ഷൻ മുതൽ ചിലവന്നൂർ റോഡ് വരെയും വെണ്ണല മുതൽ എളമക്കര വരെയുമുള്ള കാലഹരണപ്പെട്ട പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിച്ചിട്ടുണ്ട്.

132. എസ്. എ. റോഡിലെ കാലഹരണപ്പെട്ട പൈപ്പ് മാറ്റി പുതിയ പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തിക്കുവേണ്ടി നാളിതുവരെ 73 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്. ആയതിനുവേണ്ടി കെ.എസ്.യു.ഡി.പി. ഫണ്ടിൽ നിന്ന് 2.91 കോടി രൂപ ചെലവഴിച്ച് പദ്ധതി പൂർത്തീകരിക്കും.

## ടാങ്കർകുടിവെള്ളത്തിന്റെ ശുദ്ധത ഉറപ്പുവരുത്താൻ ലാബുകൾ

133. നഗരത്തിലെ ഫ്ളാറ്റുകളിലും ഹോട്ടലുകളിലും ജലദൗർലഭ്യം അനുഭവപ്പെടുന്ന പ്രദേശങ്ങളിലും കുടിവെള്ളം വിതരണം ചെയ്യുന്നത് ടാങ്കറുകളിലാണ്. വിതരണം ചെയ്യുന്ന ജലത്തിന്റെ ശുദ്ധത ഉറപ്പുവരുത്തുന്നതിനായി വിവിധ നിയമങ്ങൾ നിലവിലുണ്ടെങ്കിലും പലപ്പോഴും അവ പ്രയോഗത്തിൽ വരാറില്ല. ജലത്തിൽ ബാക്ടീരിയകൾ, രാസമാലിന്യങ്ങൾ, വിസർജ്ജന മാലിന്യങ്ങൾ എന്നിവ ഉൾപ്പെടെയുള്ള രോഗവാഹക വസ്തുക്കൾ കാണപ്പെടുന്ന അതീവഗുരുതരമായ വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നഗരത്തിൽ വിതരണം ചെയ്യുന്ന മുഴുവൻ കുടിവെള്ള ടാങ്കറുകളേയും കർശനമായി നിരീക്ഷിക്കും. കുടിവെള്ളം പമ്പു ചെയ്യുന്ന സ്ഥലത്തെ ശുദ്ധി ഉറപ്പുവരുത്തും. ടാങ്കർ കുടിവെള്ളത്തിന്റെ ശുദ്ധത പരിശോധിക്കാനുള്ള ലാബുകൾ

സ്ഥാപിക്കുന്നതാണ്. തേവര എസ്.എച്ച് കോളേജിൽ പ്രവർത്തിക്കുന്ന സർക്കാർ അംഗീകൃത ലാബായ ജലശ്രീ-ഹരിതശാല ലാബുമായി ഈ വിഷയത്തിൽ സഹകരിച്ച് പ്രവർത്തിക്കുന്നതാണ്. വ്യക്തമായ ശുദ്ധി ഉറപ്പുവരുത്താത്ത കുടിവെള്ളം വിതരണം ചെയ്യുന്നവർക്കെതിരെ കർശനമായ നിയമ നടപടിയെടുക്കും.

ഇതിനായി 20 ലക്ഷം രൂപ അനുവദിക്കുന്നു.

## വെള്ളക്കെട്ട് നിവാരണ പദ്ധതി

134. നഗരമധ്യത്തിലെ വെള്ളക്കെട്ട് നിവാരണത്തിന്റെ ഭാഗമായി നഗരത്തിലെ പ്രധാന റോഡുകളുടെ വശങ്ങളിലൂടെയുള്ള കാന പണി നഗരസഭയുടെ കെ.എസ്.യു.ഡി.പി. JnNURM പദ്ധതിയിലുൾപ്പെടുത്തി വിവിധ ഘട്ടങ്ങളിലായി പൂർത്തീകരിച്ചു.

135. 9 മുഖ്യ റോഡുകളുടെ വശങ്ങളിലൂടെയുള്ള കാനനിർമ്മാണ പ്രവൃത്തിയിൽ 3.40 കി.മീ. ചിറ്റൂർ റോഡിലും, 1.713 കി.മീ ടി.ഡി റോഡിലും, 1.694 കി.മീ. മാർക്കറ്റ് റോഡിലും, 0.875 കി.മീ രാജാജി റോഡിലും, 0.543 കി.മീ. പുല്ലേപ്പടി റോഡിലും, 0.269 കി.മീ കോൺവെന്റ് റോഡിലും പ്രവൃത്തികൾ പൂർത്തീകരിക്കുകയും വി.ആർ.എം. റോഡിലെ 0.428 കി.മീ ഭാഗികമായി പൂർത്തീകരിക്കുകയും ചെയ്തു. മേൽപ്രവൃത്തികൾക്കായി ആകെ 11.22 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ബാക്കിയുള്ള ഭാഗം ഉടനടി പൂർത്തീകരിക്കുന്നതാണ്.

136. JnNURM പദ്ധതിയിൽ കിഴവന റോഡ്, രവിപുരം ബൈലെയിൻ, ഗിരിനഗർ ടു പേരണ്ടൂർ കനാൽ, ചെട്ടിച്ചിറ കൽവർട്ട്, കടവന്ത്ര ജംഗ്ഷനിലെ കാനയും കൽവർട്ടും എന്നിവയ്ക്കായി 9.78 കോടി രൂപ അനുവദിച്ചതിൽ 6.45 കോടി രൂപ ഇതിനകം ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ബാലൻസ് തുകയായ 3.33 കോടി രൂപ ചിലവഴിച്ച് പ്രവൃത്തി പൂർത്തീകരിക്കും.

137. എം.കെ.കെ നായർ റോഡിലെ വെള്ളക്കെട്ടും കേരള ചേംബർ മുതൽ ജെയിൻ ടെമ്പിൾ വരെയുള്ള റോഡിലെ വെള്ളക്കെട്ടും ഒഴിവാക്കുന്നതിനുള്ള പദ്ധതി അടിയന്തിരമായി നടപ്പിലാക്കും.

## കനാൽ ശുദ്ധീകരണം

138. നിരവധി കനാലുകളുള്ള നഗരമാണ് കൊച്ചി. വൻനഗരമായുള്ള കൊച്ചിയുടെ വളർച്ചയിൽ കനാലുകൾ പലതും അവഗണിക്കപ്പെട്ടു. ഒഴുക്കില്ലാതെ മലിനജലം കെട്ടിക്കിടക്കുന്ന അവസ്ഥയായിരുന്നു ഭൂരിഭാഗം കനാലുകൾക്കും. ഈ ദുരവസ്ഥയിൽ നിന്നും കനാലുകളെ മോചിപ്പിക്കുമെന്ന കഴിഞ്ഞ സാമ്പത്തിക വർഷത്തെ ബജറ്റ് പ്രഖ്യാപനത്തിനു ശേഷം കനാലുകളുടെ പുനരുജ്ജീവന പ്രവർത്തനങ്ങളുമായി നഗരസഭ വളരെയേറെ മുന്നോട്ടു പോയിട്ടുണ്ട് .തേവര-പേരണ്ടൂർ കനാൽ ഉൾപ്പെടെയുള്ള നഗരത്തിലെ പ്രധാന കനാലുകളിലെ മാലിന്യം നീക്കി ശുദ്ധീകരിച്ചു.

139. ഡി.എം.ആർ.സി. യുടേയും കെ.എം.ആർ.എൽ ന്റേയും സഹായത്തോടെ കലൂർ പി.വി.എസ് ആശുപത്രിക്ക് സമീപമുള്ള കനാൽ പൊളിച്ച് ഉയർത്തി നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നതാണ്. നഗരത്തിലെ മറ്റ് പ്രധാന കനാലുകൾ നബാർഡ് ഫണ്ട്, മറ്റ് കേന്ദ്ര-സംസ്ഥാന ഫണ്ട് എന്നിവ ഉപയോഗിച്ച് ശുദ്ധീകരിച്ച് നീരൊഴുക്ക് സുഗമമാക്കുന്നതാണ്.

## വിദ്യാഭ്യാസം

140. വിദ്യാഭ്യാസത്തിന് ഏറ്റവുമധികം പ്രാധാന്യം നൽകുന്ന സംസ്ഥാനമാണ് കേരളം. കേരളത്തിൽ ഏറ്റവും മികച്ച വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉൾക്കൊള്ളുന്ന പ്രദേശമാണ് കൊച്ചി. വിദ്യാഭ്യാസരംഗത്ത് ഗുണപരമായും മാതൃകാപരമായും മാറ്റങ്ങൾ വരുത്തുന്നതിന് നഗരസഭ വിവിധ പദ്ധതികളാണ് ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നത്. ആധുനിക സാങ്കേതിക വിദ്യയുടെ മുഴുവൻ സാധ്യതകളും ഉപയോഗപ്പെടുത്തി നമ്മുടെ കുട്ടികൾ

വിദ്യാഭ്യാസം ചെയ്യണമെന്ന തീരുമാനത്തിന്റെ ഫലമായി ഈ വർഷം നഗരസഭയുടെ കീഴിലുള്ള 10 സ്കൂളുകളിൽ പുതുതായി സ്മാർട്ട് ക്ലാസ്സ് റൂമുകൾ അനുവദിക്കുന്നതാണ്. സ്പോൺസർഷിപ്പിലൂടെ ഇതിനുള്ള തുക കണ്ടെത്തിയിട്ടുണ്ട്.

## സ്കൂളുകളിൽ അടിസ്ഥാന സൗകര്യവികസനം

141. മറ്റേതൊരു വിദ്യാഭ്യാസ സ്ഥാപനത്തോടും കിടപിടിക്കത്തക്ക വിധം നമ്മുടെ സർക്കാർ സ്കൂളുകളെ മാറ്റിയെടുക്കേണ്ടതുണ്ട്. ഒട്ടനവധി വികസന പ്രവർത്തനങ്ങൾ സർക്കാർ സ്കൂളുകളിൽ നടത്തുന്നുണ്ടെങ്കിലും അടിസ്ഥാന വികസന രംഗത്ത് ഇനിയും മുന്നേറാനുണ്ടെന്നത് നിലനിൽക്കുന്ന യാഥാർത്ഥ്യമാണ്. വിദ്യാലയങ്ങളിലെ അടിസ്ഥാന വികസനസൗകര്യങ്ങൾ മെച്ചപ്പെടുത്താനുള്ള പദ്ധതികൾ ഈ ബജറ്റ് വിഭാവനം ചെയ്യുന്നു.

142. സ്കൂളുകളിൽ ശുദ്ധജല സംവിധാനം, ടോയിലറ്റ് സൗകര്യങ്ങൾ, സ്കൂൾ ഗ്രൗണ്ട് നവീകരണ പ്രവർത്തനങ്ങൾ, ബഞ്ചുകളും ഡസ്ക്കുകളും കേടുപാട് തീർത്ത് നന്നാക്കുക, ലൈബ്രറികളുടെ സൗകര്യം മെച്ചപ്പെടുത്തുക തുടങ്ങിയ അടിസ്ഥാനസൗകര്യവികസന പ്രവർത്തനങ്ങൾക്ക് ഈ ബജറ്റ് 2 കോടി രൂപ നീക്കി വെക്കുന്നു

## കൊച്ചിൻ ജോബ് ഫെയർ

143. ഉന്നത വിദ്യാഭ്യാസം നേടിയ നിരവധി വിദ്യാർത്ഥികളും നിരവധി തൊഴിലവസരങ്ങളും കൊച്ചിയിലുണ്ട്. ഇവരെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് 'കൊച്ചിൻ ജോബ് ഫെയർ' എന്ന പേരിൽ ഒരു തൊഴിൽമേള നഗരസഭയുടെ നേതൃത്വത്തിൽ എല്ലാ വർഷവും സംഘടിപ്പിക്കും. കേരളത്തിലെ ഏത് വിദ്യാഭ്യാസ സ്ഥാപനത്തിൽ നിന്നുള്ള അവസാന വർഷ വിദ്യാർത്ഥികൾക്കും ഏതൊരു തൊഴിൽ അന്വേഷകനും ഇതിൽ രജിസ്റ്റർ ചെയ്യാം. സാധ്യമായ മുഴുവൻ തൊഴിൽദായകരേയും ഇതിൽ പങ്കെടുപ്പിച്ചുകൊണ്ട് കേരളത്തിലെ ഏറ്റവും മികച്ച ജോബ് ഫെയറായി കൊച്ചിൻ ജോബ് ഫെയറിനെ മാറ്റും.

## അംഗനവാടികൾ

144. നമ്മുടെ നഗരത്തിലെ സാധാരണക്കാരായവരുടെ കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസം നേടുന്നതിനുള്ള അംഗനവാടികളെ കൂടുതൽ മികച്ച നിലവാരത്തിലേക്കുയർത്തും. ഒരു കുട്ടി ആദ്യമായി വിദ്യാഭ്യാസം നേടുന്നത് അംഗനവാടിയിൽ നിന്നുമാണ്. കുട്ടിക്ക് ലഭിക്കുന്ന ആദ്യത്തെ വിദ്യാഭ്യാസത്തെ അവന്റെ ജീവിതകാലം മുഴുവൻ മനസ്സിൽ തങ്ങി നിൽക്കുന്ന അനുഭവമാക്കി മാറ്റാനുള്ള സൗകര്യങ്ങൾ അംഗനവാടികൾ കേന്ദ്രീകരിച്ച് ഒരുക്കും.

145. അംഗനവാടികൾക്ക് ആവശ്യമായ ഫർണീച്ചറുകൾ നല്കും. പോഷകാഹാര വിതരണം മെച്ചപ്പെട്ട രീതിയിൽ നടപ്പിലാക്കും. കെട്ടിടങ്ങളിലെ പോരായ്മകൾ അറ്റകുറ്റപ്പണി ചെയ്ത് പരിഹരിക്കും. ബാലസഭക്ക് വേണ്ടി സ്ഥിരം ക്ലബ്ബുകൾ രൂപീകരിക്കും.

അംഗനവാടികളുടെ മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 1 കോടി രൂപ അനുവദിക്കുന്നു.

## അന്യസംസ്ഥാനതൊഴിലാളികളുടെ കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസ സൗകര്യങ്ങൾ

146. അവിദഗ്ദ്ധ തൊഴിൽമേഖലയിൽ ജോലി ചെയ്യുന്ന നിരവധി അന്യസംസ്ഥാന തൊഴിലാളികളാണ് കേരളത്തിൽ പ്രത്യേകിച്ച് കൊച്ചിയിലുള്ളത്. 'അന്യസംസ്ഥാന തൊഴിലാളികളുടെ ഗൾഫ് ' എന്നു കൊച്ചിയെ വിശേഷിപ്പിക്കാവുന്ന സ്ഥിതിയിലേക്കാണ് തൊഴിലാളികളുടെ ഒഴുക്ക് തുടരുന്നത്. തൊഴിലിന് കിട്ടുന്ന മികച്ച വേതനമാണ് കൊച്ചിയിലേക്ക് അന്യസംസ്ഥാന തൊഴിലാളികളെ ആകർഷിക്കുന്ന പ്രധാന ഘടകം. തൊഴിലിനു വേണ്ടി സകുടുംബം കൊച്ചിയിൽ സ്ഥിരമായി താമസിക്കുന്ന ധാരാളം പേരുണ്ടെങ്കിലും ഇവരുടെ കുട്ടികൾക്ക് വേണ്ട വിധത്തിലുള്ള പ്രാഥമിക വിദ്യാഭ്യാസം കിട്ടുന്നില്ല എന്നത് ഖേദകരമാണ്. സ്ക്കൂളുകളിൽ ഇവർക്ക് വിദ്യാഭ്യാസത്തിന് അവസരമുണ്ടെങ്കിലും കൂടുതൽപേരും ഈ സൗകര്യം ഉപയോഗപ്പെടുത്തു

ന്നില്ല. 'വിദ്യാധനം സർവ്വധനാൽ പ്രധാനം' എന്ന ശ്രീനാരായണ ദർശനം ഹൃദയത്തിലേറ്റുന്ന മലയാളികളായ നാം നമുക്ക് വേണ്ടി തൊഴിലെടുക്കുന്ന അന്യസംസ്ഥാന തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസവും മുഖവിലയ്ക്കെടുക്കേണ്ടതുണ്ട്.

147. അന്യസംസ്ഥാന തൊഴിലാളികളുടെ കുട്ടികൾക്കായി നഗരത്തിലെ തെരെഞ്ഞെടുക്കപ്പെടുന്ന സ്ക്കൂളുകളിൽ സായാഹ്ന ക്ലാസ്സുകൾ നടത്തുന്നതാണ്. സന്നദ്ധ പ്രവർത്തകർ, വിദ്യാഭ്യാസ പ്രവർത്തകർ, ക്ലബ്ബുകൾ എന്നിവരുടെ സഹായത്തോടെയാണ് ക്ലാസ്സുകൾ സംഘടിപ്പിക്കുക. അതാത് വിഷയങ്ങളിലെ പ്രഗത്ഭരായ അധ്യാപകർ കുട്ടികൾക്ക് ക്ലാസ്സുകൾ എടുക്കുന്നതായിരിക്കും. ക്ലാസ്സിൽ പങ്കെടുക്കുന്നതിന് കുട്ടികളിൽ നിന്നും യാതൊരുവിധ ഫീസും ഈടാക്കുന്നതായിരിക്കില്ല. യൂനിസെഫ് (UNICEF) സഹായത്തോടെയായിരിക്കും പദ്ധതി നടപ്പിലാക്കുക.

ഈ പ്രവർത്തനങ്ങൾക്കായി 10 ലക്ഷം രൂപനീക്കി വെക്കുന്നു.

## കായികം

148. കായിക രംഗത്തിന്റെ വളർച്ചയ്ക്കും അടിസ്ഥാന സൗകര്യവികസനത്തിനും കൊച്ചി നഗരസഭ എന്നും അർഹമായ പരിഗണന നൽകി വന്നിട്ടുണ്ട്. എന്നിരുന്നാലും ഈ രംഗത്തെ അടിസ്ഥാന സൗകര്യവികസനത്തിനായി ഒട്ടേറെ പദ്ധതികൾ നാം ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ടതുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ബഹു. സംസ്ഥാന സർക്കാരിന്റേയും നഗരത്തെ പ്രതിനിധീകരിക്കുന്ന എം.എൽ.എ മാരുടേയും സഹകരണത്തോടെ നിരവധി പുതിയ പദ്ധതികൾക്ക് ഈ സാമ്പത്തിക വർഷം തുടക്കം കുറിക്കും.

## പള്ളുരുത്തിയിൽ ആധുനിക ക്രിക്കറ്റ്-ഫുട്ബോൾ ഗ്രൗണ്ട്

149. പള്ളുരുത്തിയിലെ കോർപ്പറേഷൻ വക സ്ഥലത്ത് എല്ലാ ആധുനിക സംവിധാനങ്ങളോടും കൂടിയ ഒരു ക്രിക്കറ്റ്-ഫുട്ബോൾ ഗ്രൗണ്ട് നിർമ്മിക്കും. ബഹുമാനപ്പെട്ട തുറമുഖ എക്സൈസ് വകുപ്പ് മന്ത്രി ശ്രീ. കെ. ബാബു

വിന്റെ ഫണ്ട് ഉപയോഗിച്ച് ബഹു. സംസ്ഥാന സർക്കാർ സഹായത്തോടെ 2 കോടി രൂപ ചെലവഴിച്ചായിരിക്കും ഈ ആധുനിക ക്രിക്കറ്റ്-ഫുട്ബോൾ ഗ്രൗണ്ടിന്റെ നിർമ്മാണം പൂർത്തീകരിക്കുക.

## ഫോർട്ടുകൊച്ചി വെളിയിൽ ട്രാക്ക് ആന്റ് ഫീൽഡ് കം ഫുട്ബോൾ ഗ്രൗണ്ട്

150. പശ്ചിമകൊച്ചിയിലെ കായികരംഗത്തിന് വൻകുതിപ്പേകുന്ന തരത്തിൽ ഫോർട്ടുകൊച്ചി വെളി ഗ്രൗണ്ടിൽ 400 മീറ്റർ ട്രാക്കോട് കൂടിയ ആധുനിക ഗ്രൗണ്ട് തയ്യാറാക്കും. ഫുട്ബോളിനായുള്ള ആധുനിക സൗകര്യങ്ങളും ഇതിൽ ഏർപ്പെടുത്തും. ബഹുമാനപ്പെട്ട പള്ളുരുത്തി എം.എൽ.എ. ശ്രീ. ഡൊമിനിക് പ്രസന്റേഷന്റെ സഹായത്തോടെ ബഹു. സംസ്ഥാന സർക്കാരിന്റെ അസെറ്റ് ഫോർമേഷൻ ഫണ്ടിൽ നിന്നും 5 കോടി രൂപ വിനിയോഗിച്ചാണ് ഈ പദ്ധതി നടപ്പിലാക്കുക.

## എളമക്കര പ്ലേ ഗ്രൗണ്ട് നവീകരണം

151. ബഹു. എറണാകുളം എം.എൽ.എ ശ്രീ. ഹൈബി ഈഡന്റെ സഹായത്തോടെ ബഹു. സംസ്ഥാന സർക്കാറിന്റെ അസെറ്റ് ഫോർമേഷൻ ഫണ്ടിൽനിന്നും 1 കോടി രൂപ ചെലവഴിച്ച് എളമക്കര പ്ലേ ഗ്രൗണ്ട് നവീകരിക്കും.

## എളംകുളം വെസ്റ്റ് യു.പി സ്ക്കൂൾ സ്പോർട്സ് ട്രെയിനിംഗ് സെന്ററാക്കും

152. ബഹു. തൃക്കാക്കര എം.എൽ.എ ശ്രീ. ബെന്നി ബഹനാന്റെ സഹായത്തോടെ ബഹു. സംസ്ഥാന സർക്കാറിന്റെ അസെറ്റ് ഫോർമേഷൻ ഫണ്ട് ഉപയോഗിച്ചു കൊണ്ട് എളംകുളം വെസ്റ്റ് യു.പി സ്ക്കൂളിനെ സ്പോർട്സ് ട്രെയിനിംഗ് സെന്ററാക്കി മാറ്റും. 1 കോടി രൂപ ഇതിനായി ചെലവഴിക്കും.

## വാലുമ്മേൽ സ്റ്റേഡിയം

153. ബഹു. കേന്ദ്ര ഭക്ഷ്യ പൊതുവിതരണ വകുപ്പുമന്ത്രി പ്രൊഫ. കെ.വി. തോമസിന്റെ ഫണ്ട് ഉപയോഗപ്പെടുത്തി ദ്രുതഗതിയിൽ പുരോഗമിക്കുന്ന വാലുമ്മേൽ സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഈ സാമ്പത്തിക വർഷം തന്നെ പൂർത്തിയാക്കും.

## ഗ്രീൻ സിറ്റി കൊച്ചിൻ

154. പരിസ്ഥിതിയോടും പ്രകൃതിയോടും ഇണങ്ങാതെ ഒരു ജീവിക്കും മുന്നോട്ടു പോകാനാവില്ല. അനുദിനം വികസിക്കുന്ന കൊച്ചിയിൽ ദൗർഭാഗ്യകരമെന്നു പറയട്ടെ ഒരു ഗ്രീൻ ഇനിഷ്യേറ്റീവ് ഇതുവരെ ഉണ്ടായിട്ടില്ല. വികസനമെന്ന ഒരൊറ്റ ലക്ഷ്യത്തിനിടയിൽ നമ്മെ നാമാക്കിയ പ്രകൃതിയെ നാം മറക്കുന്നു. ഇതിന്റെ ദുരന്തഫലങ്ങൾ നാം അനുഭവിച്ചു കൊണ്ടിരിക്കുന്നു. മനുഷ്യന്റെ കണക്കുകൂട്ടലുകളെ തെറ്റിച്ചുകൊണ്ടുള്ള കാലാവസ്ഥാ വ്യതിയാനവും ദിനംപ്രതി കണ്ടുപിടിക്കപ്പെടുന്ന പുതിയ രോഗങ്ങളും നമ്മുടെ ഫാസ്റ്റ് ലൈഫ് രീതിയുടെ ഫലമാണ്. നാം കണ്ടതും അനുഭവിച്ചതുമായ പ്രകൃതിയെ നമ്മുടെ മക്കൾക്കും വരും തലമുറകൾക്കു വേണ്ടിയും നാം കരുതി വെക്കേണ്ടതുണ്ട്. അതിനായി പ്രകൃതിയോടിണങ്ങിയുള്ള പ്രവർത്തനങ്ങൾ നാം നടത്തേണ്ടതുണ്ട്.

155. നഗരത്തിന് ജീവ വായു നൽകുന്ന മരങ്ങളും ചെടികളും കുറഞ്ഞുവരുന്നത് ഏറെ ഉൽക്കണ്ഠ നൽകുന്ന വസ്തുതയാണ്. പുതിയ മരങ്ങൾ നടാൻ എല്ലാവരുമുത്സാഹം കാണിക്കാറുണ്ടെങ്കിലും അവയുടെ സംരക്ഷണത്തിനോ പരിപാലനത്തിനോ യാതൊരു പരിഗണനയും നൽകാറില്ല. നിലവിലുള്ള വൃക്ഷങ്ങളെ സംരക്ഷിക്കുന്നതിന് പകരം മുറിച്ച് മാറ്റുതിനും നശിപ്പിക്കുന്നതിനുമുള്ള പ്രവണത വളരെ ഏറെയാണ്.

156. കായൽ തീരത്ത് അവശേഷിക്കുന്ന കണ്ടൽ തുരുത്തുകൾ പോലും നശിപ്പിക്കൽ ഭീഷണിയിലാണ്. പരിസ്ഥിതി സൗഹൃദ നഗരം എന്നൊക്കെയുള്ള

മുദ്രാവാക്യങ്ങൾ ഉയർത്തുന്നുണ്ടെങ്കിലും പ്രാഥമികമായ സംരക്ഷണ പ്രവർത്തനങ്ങൾ പോലും ഏറ്റെടുത്ത് നടത്തുന്നതിൽ പരാജയപ്പെടുന്നു. ഈ പശ്ചാത്തലത്തിലാണ് കൊച്ചിയെ പരിസ്ഥിതി സൗഹാർദ്ദ നഗരമാക്കി മാറ്റുവാൻ 'ഗ്രീൻ സിറ്റി കൊച്ചിൻ' എന്ന ഒരാശയം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

## ക്വീൻ സിറ്റി - ഗാർഡൻ സിറ്റി

157. 'ക്വീൻ ഓഫ് അറേബ്യൻ സീ' എന്ന പേരിനെ അന്വർത്ഥമാക്കുന്ന വിധം കൊച്ചിയെ പൂക്കൾ കൊണ്ട് അലങ്കരിച്ച് ഗാർഡൻ സിറ്റിയാക്കി മാറ്റും. നമ്മുടെ പൊതുസ്ഥലങ്ങളും റോഡ് വശങ്ങളും മീഡിയനുകളും കാഴ്ചക്ക് മനോഹരമായ രീതിയിൽ ഇതുവരെ പരിപാലിച്ചിട്ടില്ല എന്നത് ദുഖകരമാണ്. ചെടികളും പൂക്കളും സ്വയമേ വളരാൻ അനുയോജ്യമായ സാഹചര്യം നമുക്കുണ്ടായിരുന്നിട്ടും അത്തരമൊരു മുന്നേറ്റത്തിന് നാം തുടക്കം കുറിച്ചിട്ടില്ല. ടൂറിസത്തിലൂടെ കൊച്ചി കൂടുതൽ ലോകശ്രദ്ധയാകർഷിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ നഗരവും പൊതുസ്ഥലങ്ങളും കൂടുതൽ മനോഹരമായി അലങ്കരിക്കേണ്ടതുണ്ട്. കൊച്ചിയെ ക്വീൻ സിറ്റി ഗാർഡൻ സിറ്റിയാക്കി മാറ്റുന്ന പ്രവർത്തനങ്ങൾക്ക് ഈ ബജറ്റ് തുടക്കം കുറിക്കുന്നു.

158. നഗരത്തിലെ പ്രധാന കായൽത്തീരങ്ങളും പൊതുസ്ഥലങ്ങളും റോഡിലെ മീഡിയനുകളും പുഷ്പിക്കുന്ന ചെടികൾ നട്ടുവളർത്തി പരിപാലിച്ച് ഗാർഡൻ സിറ്റിയാക്കി മാറ്റും. റോഡ് വശങ്ങളിൽ ചപ്പുചവറുകളും മറ്റും വലിച്ചെറിയുന്നതിനെതിരെ കർശന നടപടിയെടുക്കും. റോഡിനോട് ചേർന്ന് സ്ഥിതിചെയ്യുന്ന സ്വകാര്യ സ്ഥാപനങ്ങളുടെ ഭൂമികളിലും പൂക്കളുള്ള ചെടികൾ നടാൻ പ്രേരിപ്പിക്കും.

159. ഹോർട്ടി കൾച്ചർ സൊസൈറ്റി, ടൂറിസം വകുപ്പ്, പൊതുമരാമത്ത് വകുപ്പ് എന്നിവയോട് സഹകരിച്ചായിരിക്കും പദ്ധതി നടപ്പാക്കുക.

## സോളാർ സിറ്റി പ്രൊജക്ട്

160. ഊർജ്ജപ്രതിസന്ധി അങ്ങേയറ്റം രൂക്ഷമായിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. പരമ്പരാഗതമായ ഊർജ്ജോത്പാദന മേഖലകളിൽ നിന്നും മാറി പുന:സ്ഥാപിക്കാൻ കഴിയുന്ന ഊർജ്ജസ്രോതസ്സുകളിൽ നാം ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതായിട്ടുണ്ട്. ഊർജ്ജത്തിന്റെ ഏറ്റവും വലിയ സ്രോതസ്സായ സൂര്യനിൽ നിന്നും ലഭ്യമാകുന്ന സൗരോർജ്ജത്തെ കൂടുതൽ ഉപയോഗപ്പെടുത്തുന്ന രീതിയിലേക്ക് ലോകരാജ്യങ്ങൾ എത്തിച്ചേർന്നുകൊണ്ടിരിക്കുന്നു. ഈ രീതിയിലേക്ക് ചിന്തിച്ചു തുടങ്ങിയതിന്റെ ഫലമായി ഇന്ത്യയിലെ വിവിധ നഗരങ്ങളിൽ സോളാർ സിറ്റി പ്രൊജക്ട് നടപ്പിലാക്കുന്ന പദ്ധതിക്ക് ബഹു. ഭാരത സർക്കാർ തുടക്കം കുറിക്കുകയും ആയതിലേക്ക് കൊച്ചി നഗരത്തെ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ടുള്ള പ്രാഥമിക പ്രവർത്തനങ്ങൾ ഇതിനകം തന്നെ നഗരസഭ ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്. നമ്മുടെ നഗരത്തെ സോളാർ സിറ്റിയാക്കി മാറ്റുന്ന ഈ പദ്ധതി പ്രാവർത്തികമാക്കുന്നതിന് നഗരസഭ നേതൃത്വം വഹിക്കുന്നതാണ്.

## ഗ്രീൻ ബിൽഡിംഗുകൾ

161. കോൺക്രീറ്റ് സൗധങ്ങൾ അനുദിനം ഉയർന്നുപൊങ്ങുന്ന കൊച്ചിയിൽ പരിസ്ഥിതി സൗഹാർദ്ദ ഹരിതകെട്ടിടങ്ങൾ പ്രോത്സാഹിപ്പിക്കും. ശരിയായ മാലിന്യ സംസ്ക്കരണ യൂണിറ്റുകൾ, ബയോഗ്യാസ് പ്ലാന്റ്, മഴവെള്ള സംഭരണി, സോളാർ പാനലുകൾ എന്നിവ ഗ്രീൻ ബിൽഡിംഗിന്റെ പ്ലാനുകളിൽ നിർബന്ധമാക്കും. പരിസ്ഥിതിക്ക് അനുയോജ്യമായ വിധത്തിലായിരിക്കണം ഇതിന്റെ രൂപഘടന. ഇത്തരം കെട്ടിടങ്ങൾ നിർമ്മിക്കുന്നവരെ പ്രോത്സാഹിപ്പിക്കുന്നതിനായി നികുതിയിളവ് ഉൾപ്പെടെയുള്ള കാര്യങ്ങൾ നിയമാനുസൃതം പരിഗണിക്കുന്നതാണ്.

## ഗ്രീൻ സോൺ

162. രാജേന്ദ്രമൈതാനം ജംഗ്ഷൻ മുതൽ ബ്രോഡ് വേ വരെയുള്ള പരിസ്ഥിതി-

പൈതൃകമേഖലയായ ഭാഗം ഗ്രീൻ സോൺ ആയി പ്രഖ്യാപിക്കുന്നു. ഈ ഭാഗത്തെ മുഴുവൻ വൃക്ഷങ്ങളേയും അടയാളപ്പെടുത്തി സംരക്ഷിക്കുന്നതാണ്. ഇവിടെ നടപ്പാതകൾ പൂർത്തിയാക്കി പരിസ്ഥിതി സൗഹാർദ്ദ പ്രദേശമായി മാറ്റിയെടുക്കും. ഹോസ്പിറ്റലുകൾ, പാർക്കുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ സ്ഥിതി ചെയ്യുന്ന ഈ ഗ്രീൻ സോണിൽ പ്ലാസ്റ്റിക് ഉത്പന്നങ്ങൾ പൂർണ്ണമായും നിരോധിക്കുകയും ശബ്ദമലിനീകരണം കുറയ്ക്കുകയും ചെയ്യും. വൃത്തിയുള്ള അന്തരീക്ഷം ഗ്രീൻ സോണിൽ ഉറപ്പുവരുത്തും.

## സ്ക്കൂളുകളിൽ ഗ്രീൻ കോർണർ

163. നഗരത്തിലെ എല്ലാ സ്ക്കൂളുകളിലും പച്ചക്കറി, മറ്റു ചെടികൾ എന്നിവ നട്ടുപിടിപ്പിച്ച് പരിപാലിക്കും. കുട്ടികളിൽ ചെടികളോടുള്ള താത്പര്യം വളർത്തുന്നതിനും സർവ്വോപരി നഗരത്തിലെ വായു ശുദ്ധീകരിക്കുന്നതിനുള്ള മാർഗ്ഗം വിപുലീകരിക്കുന്നതിനും ഈ പദ്ധതി ഉപകരിക്കും. കൃഷി വകുപ്പ്, സ്ക്കൂൾ പി.ടി.എ എന്നിവരുടെ സഹകരണത്തോടെയായിരിക്കും പദ്ധതി നടപ്പിലാക്കുക.

## വീടുകളിൽ ഔഷധസസ്യ പരിപാലനം

164. തുളസി, ആരിവേപ്പ്, കുറുന്തോട്ടി എന്നിങ്ങനെയുള്ള ഔഷധ സസ്യങ്ങൾ പഴയകാലത്ത് എല്ലാ വീടുകളിലും ലഭ്യമായിരുന്നു. പെട്ടെന്നുണ്ടാകുന്ന ചെറിയ അസുഖങ്ങൾക്ക് അവ ഒരു പരിധി വരെ പരിഹാരവുമായിരുന്നു. പിന്നീട് കാലക്രമത്തിലെപ്പോഴോ നമുക്ക് അവയെല്ലാം കൈമോശം വന്നു. ഔഷധ സസ്യങ്ങളെ വീടുകളിൽ നട്ടുവളർത്തി പരിപാലിക്കുന്ന പദ്ധതിക്ക് നഗരസഭ തുടക്കം കുറിക്കുന്നു. വിവിധ വകുപ്പുകളുടെ സഹകരണത്തോടെ എല്ലാ വീടുകളിലും ഔഷധ സസ്യങ്ങൾ നട്ടുവളർത്താനായി വിതരണം ചെയ്യും. കുടുംബശ്രീ പ്രവർത്തകരുടെ സേവനം ഇതിനായി ഉപയോഗപ്പെടുത്തുന്നതാണ്.

## റെയിൻ വാട്ടർ ഹാർവെസ്റ്റിംഗ്

165. ജലസമൃദ്ധിയുടെ നാടാണ് കേരളം. ശുദ്ധജലത്തിന്റെ വിലയറിയാതെ പലപ്പോഴും നാമത് പാഴാക്കിക്കളയുമ്പോഴും ലോകത്തിന്റെ പല ഭാഗങ്ങളിലും ശുദ്ധജലം വിലപിടിപ്പുള്ള വസ്തുവാണെന്നത് നാമറിയാറില്ല. പക്ഷേ ഈ അടുത്തകാലത്തായി കേരളത്തിലും ഭൂഗർഭജലത്തിന്റെ അളവ് ക്രമാതീതമായി കുറഞ്ഞുവരുന്ന ആശങ്കാജനകമായ സാഹചര്യമാണ് നിലവിലുള്ളത്. ഈ അവസ്ഥയിൽ നമുക്ക് ലഭിക്കുന്ന ഏറ്റവും ശുദ്ധമായ മഴവെള്ളത്തെ സൂക്ഷിച്ച് വെക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഈ ഒരു സാഹചര്യത്തിൽ നിന്നുകൊണ്ടാണ് നഗരസഭ റെയിൻ വാട്ടർ ഹാർവെസ്റ്റിംഗ് പദ്ധതി പ്രഖ്യാപിക്കുന്നത്. റെസിഡൻസ് അസോസിയേഷനുകളും ക്രെഡായി പോലുള്ള ബിൽഡേഴ്സ് അസോസിയേഷനും ഇൻസ്പിരേഷൻ പോലെ ഈ മേഖലയിൽ വിജയകരമായി പ്രവർത്തിച്ചിട്ടുള്ള സ്ഥാപനങ്ങളുടേയും സഹകരണത്തോടെ റെയിൻ വാട്ടർ ഹാർവെസ്റ്റിംഗ് സംവിധാനം എല്ലാ പൊതു സ്വകാര്യ കെട്ടിടങ്ങളിലും നിർബന്ധമാക്കും. ഇതിനായി നിയമാവലി തയ്യാറാക്കും. അതുവഴി നാം പാഴാക്കിക്കളയുന്ന മഴവെള്ളത്തെ സംരക്ഷിച്ച് കുടിവെള്ളമാക്കി ഉപയോഗിക്കാൻ നമുക്ക് സാധിക്കും.

## കാലാവസ്ഥാ വ്യതിയാനം

166. കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട് ആഗോളതാപനില ക്രമാതീതമായി ഉയർന്നുകൊണ്ടിരിക്കുകയാണ്. ഇന്ന് ലോകരാജ്യങ്ങളെല്ലാം ഒരു പോലെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന പ്രതിസന്ധിയും കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ടുള്ളതാണ്. വിവിധ രാജ്യങ്ങളിൽ കാലാവസ്ഥാ വ്യതിയാനം വരുത്തുന്ന മാറ്റങ്ങളെപ്പറ്റി വിശദമായി പഠിക്കുകയും മുൻകരുതലുകൾ ഏറ്റെടുത്ത് നടത്തുവാനും ആരംഭിച്ചിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തിലും നഗരത്തിലും കാലാവസ്ഥാ വ്യതിയാനത്തിന്റെ അനന്തര ഫലങ്ങൾ പ്രകടമാണ്. ഓരോ വർഷവും ഭൂഗർഭജലത്തിന്റെ അളവിൽ കുറവ് അനുഭവപ്പെടുന്നതും മഴയുടെ അളവ് കുറഞ്ഞ് വേനലിന്റെ കാഠിന്യം കൂടി വരികയും ചെയ്യുന്നത് കാലാസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ടാ

ണെന്നതിൽ സംശമയില്ല. ഈ വിഷയങ്ങളുമായി ബന്ധപ്പെട്ട് നഗരസഭയ്ക്ക് വേണ്ടി ഇന്റർനാഷണൽ കൗൺസിൽ ഫോർ ലോക്കൽ എൻവയോൺ മെന്റൽ ഇനിഷ്യേറ്റീവ് (ICLEI) ന്റെ നേതൃത്വത്തിൽ ഒരു പഠനം നടന്നു വരുന്നുണ്ട്. ഈ പഠനം ഈ വർഷം തന്നെ പൂർത്തീകരിച്ച് കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ചെയ്യാവുന്ന മുൻകരുതലുകൾ യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കും.

## ഡ്യുവൽ ഫ്ളഷ് ടോയിലറ്റുകൾ നിർബന്ധമാക്കും

167. കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ടും പാരിസ്ഥിതികമായ പ്രശ്നങ്ങളാലും കേരളത്തിലെ ജലസ്രോതസ്സുകൾ വറ്റിക്കൊണ്ടിരിക്കുകയും ഭൂമിയിലെ ജലത്തിന്റെ അളവിൽ കുറവ് സംഭവിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ഒരു കാലഘട്ടമാണിത്. അതിനാൽ ജലത്തിന്റെ ഉപയോഗം നാം പരിമിതപ്പെടുത്തേണ്ടതുണ്ട്. ടോയിലറ്റുകളിലെ സിംഗിൾ വാട്ടർ ഫ്ളെഷുകളിലൂടെ ധാരാളം ജലം നഷ്ടപ്പെടുന്ന അവസ്ഥയാണ് ഇന്ന് പലയിടത്തും നിലവിലുള്ളത്. ഉപയോഗത്തിനനുസരിച്ച് ജലത്തിന്റെ അളവ് ക്രമീകരിക്കുന്ന ഡ്യുവൽ ഫ്ളഷ് ടോയിലറ്റുകൾ എല്ലാ വീടുകളിലും വാണിജ്യ സ്ഥാപനങ്ങളിലും നിർബന്ധമാക്കും. ഇതുവഴി ജലത്തിന്റെ ദുരുപയോഗം വൻതോതിൽ കുറയ്ക്കാൻ സാധിക്കും.

## ദൃശ്യമലിനീകരണ നിയന്ത്രണ പദ്ധതി (വിഷ്വൽ പൊലൂഷ്യൻ കൺട്രോൾ)

168. ശബ്ദ മലിനീകരണം, വായു മലിനീകരണം എന്നിവ പോലെ തന്നെയുള്ള ഒന്നാണ് വിഷ്വൽ പൊലൂഷ്യനും. കൊച്ചിയുടെ നഗരസൗന്ദര്യത്തെ മങ്ങലേൽപ്പിക്കുന്ന രീതിയിൽ അരോചകമായി തലങ്ങും വിലങ്ങും പരസ്യബോർഡുകളും കൊടിതോരണങ്ങളും ബാനറുകളും പോസ്റ്ററുകളും സ്ഥാപിക്കുന്ന ദയനീയമായ സ്ഥിതിവിശേഷമാണ് ഇന്ന് നിലവിലുള്ളത്. ഇന്ത്യയിലെ മറ്റെല്ലാ നഗരങ്ങളും നഗരഭംഗി നിലനിർത്തുന്നതിനായി പരസ്യത്തിന് ശക്തമായ നിയന്ത്രണങ്ങളേർപ്പെടുത്തിക്കൊണ്ട് നഗരത്തിന്റെ ദൃശ്യഭംഗി കാത്തുസൂക്ഷിക്കുന്നു. നഗരാസൂത്രണ നിയമങ്ങളിലൊക്കെത്തന്നെ

പൊതുസ്ഥലത്തും സ്വകാര്യസ്ഥലത്തും പരസ്യങ്ങൾ നിയന്ത്രിക്കുന്നതിന്റെ ആവശ്യകത എടുത്തു പറയുന്നുണ്ട്.

169. ആർക്കും എവിടെയും പരസ്യങ്ങൾ പതിക്കാം എന്ന ഇന്നത്തെ സ്ഥിതി മാറ്റിക്കൊണ്ട് നഗരസഭ നിർദ്ദേശിക്കുന്ന സ്ഥലങ്ങളിൽ മാത്രം പരസ്യം പതിക്കുന്ന തരത്തിൽ നിയമങ്ങൾ കൊച്ചിയിൽ നടപ്പിലാക്കും. നിർദ്ദേശിക്കപ്പെടാത്ത സ്ഥലങ്ങളിൽ സ്ഥാപിക്കുന്ന പരസ്യങ്ങൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കും. രാഷ്ട്രീയ സമുദായിക വാണിജ്യ മേഖലകളുൾപ്പെടെയുള്ള എല്ലാവിധ പരസ്യങ്ങൾക്കും ഈ നിയമം ബാധകമാക്കും.

## ടൂറിസം

170. കൊച്ചിയുടെ പ്രധാന ധനാഗമ വ്യവസായങ്ങളിലൊന്നാണ് ടൂറിസം. ഇന്ന് ലോകമറിയുന്ന ടൂറിസ്റ്റ് സ്പോട്ടുകളിൽ കൊച്ചിക്ക് സ്വന്തമായ ഒരിടമുണ്ട്. പ്രകൃത്യാ സുന്ദരമായ കായലുകളാൾ ചുറ്റപ്പെട്ട അറബിക്കടലിന്റെ റാണിയായ കൊച്ചി സന്ദർശിക്കാൻ ഒട്ടനവധിപ്പേരാണ് ദിനംപ്രതി എത്തുന്നത്. ടൂറിസത്തിനുണ്ടാകുന്ന വികസനം കൊച്ചിയുടെ സമസ്ത മേഖലകളേയും വികസിപ്പിക്കും എന്നതിൽ സംശയമില്ല. ടൂറിസം രംഗത്ത് കൂടുതൽ ഉണർവ്വേകുന്ന പ്രവർത്തനങ്ങൾ ഈ ബജറ്റ് ലക്ഷ്യം വെക്കുന്നു.

## ടൂറിസം മേള

171. ടൂറിസം മേഖലയുടെ പ്രധാന ആകർഷണ കേന്ദ്രം കൊച്ചിയാണെങ്കിലും കൊച്ചി കേന്ദ്രീകരിച്ച് ടൂറിസ്റ്റുകളെ ആകർഷിക്കാനായി പ്രത്യേക പരിപാടികൾ സംഘടിപ്പിക്കാറില്ല. എല്ലാ മാസവും ഡിസംബർ മാസം അവസാന വാരം കൊച്ചിയിൽ ടൂറിസ്റ്റുകൾ കൂടുതലായി എത്താറുണ്ട്. കേരള സർക്കാരിന്റെ ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ, ക്രിസ്തുമസ്, ന്യൂ ഇയർ, കൊച്ചിൻ കാർണിവൽ എന്നിങ്ങനെ ഉത്സവസമാനമായ ഡിസംബർ അവസാന വാരത്തിൽ കൊച്ചി കേന്ദ്രീകരിച്ച് ടൂറിസം മേള എല്ലാ വർഷവും സംഘടിപ്പിക്കും. ടൂറിസം വകുപ്പ്, വിവിധ സർക്കാർ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവരുമായി സഹകരിച്ചായിരിക്കും പരിപാടി.

## Annual Cochin Regatta

172. ഏറ്റവും കുടുതൽ ആളുകൾ പങ്കെടുക്കുന്ന കായിക ഇനമാണല്ലോ കേരളത്തിന്റെ സ്വന്തം വള്ളം കളി. ആലപ്പുഴയിലെ നെഹ്റു ട്രോഫി വള്ളം കളി കാണാൻ വേണ്ടി മാത്രം നിരവധി ടൂറിസ്റ്റുകളാണ് ആ സീസണിൽ കേരളത്തിലെത്തുക. കൊച്ചിയിൽ എല്ലാ വർഷവും ആന്യുൽ കൊച്ചിൻ റെഗറ്റ എന്ന പേരിൽ വള്ളം കളി മത്സരം സംഘടിപ്പിക്കും. കേരളത്തിലുള്ള പ്രശസ്ത ടീമുകളെ പങ്കെടുപ്പിക്കും. ബജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്ന ടൂറിസം മേളയോടനുബന്ധിച്ചായിരിക്കും വള്ളംകളി സംഘടിപ്പിക്കുക. ടൂറിസം വകുപ്പ്, ഇന്ത്യൻ നേവി, കൊച്ചിൻ പോർട്ട് എന്നിവരുടെ സഹകരണത്തോടെയായിരിക്കും വള്ളംകളി സംഘടിപ്പിക്കുക.

## നഗരസന്ധ്യ

173. രാത്രിയും നഗരം സജീവമായി നിലനിർത്തുന്നതിനുള്ള നടപടിയിലേക്കുള്ള പ്രാരംഭ പ്രവർത്തനമാണ് നഗരസന്ധ്യ. ഈ പദ്ധതിയുടെ പൈലറ്റ് പ്രൊജക്ട് എന്ന നിലയിൽ പനമ്പിള്ളി നഗറിൽ രാത്രിസമയത്ത് റോഡിന്റെ ഒരുഭാഗം ഗതാഗതം നിയന്ത്രിച്ചുകൊണ്ട് നൈറ്റ് ഷോപ്പിംഗിനുള്ള അവസരമൊരുക്കും. പനമ്പിള്ളി നഗർ ഭാഗത്തുള്ള പാർക്കുകളിലെ സൗകര്യം മെച്ചപ്പെടുത്തും. തെരുവുവിളക്കുകൾ, ഇരിപ്പിടങ്ങൾ, പാർക്കിംഗ് സൗകര്യം എന്നിവ ഒരുക്കി നഗരസന്ധ്യക്കായി ഈ പ്രദേശത്തെ സജ്ജമാക്കും. കുടുംബശ്രീയുടെ നാടൻ ഫുഡ് സ്റ്റാളുകൾ നഗരസന്ധ്യയുടെ ഭാഗമായി ഏർപ്പെടുത്തും. ബഹു. തൃക്കാക്കര എം.എൽ.എ. ബെന്നി ബഹന്നാന്റെ സഹായത്തോടെ ടൂറിസം വകുപ്പിന്റെ പിന്തുണയോടെ 9 കോടി രൂപ ചെലവഴിച്ചാണ് ഈ പദ്ധതി നടപ്പിലാക്കുക.

174. രണ്ടാം ഘട്ടത്തിൽ പി.ടി ഉഷ റോഡ്, ഫൈൻ ആർട്സ് അവന്യൂ റോഡ് എന്നിവിടങ്ങളിൽക്കൂടി നഗരസന്ധ്യ പദ്ധതി നടപ്പിലാക്കുന്നതാണ്.

## വെണ്ടുരുത്തി പഴയപാലത്തിൽ മാർക്കറ്റ്

175. ചരിത്രപ്രാധാന്യമുള്ള വെണ്ടുരുത്തി പഴയപാലത്തിൽ പുരാവസ്തുക്കളും കരകൗശല വസ്തുക്കളും മറ്റും വിൽക്കുന്ന സായാഹ്ന മാർക്കറ്റ് ആരംഭിക്കുന്നതിനുള്ള സാധ്യത ആരായും. അതുവഴി വെണ്ടുരുത്തി പാലത്തെ കൊച്ചിയുടെ ടൂറിസം ഭൂപടത്തിലേക്ക് ഉയർത്താനാകും. ഇതിനായി ടൂറിസം വകുപ്പ്, പൊതുമരാമത്ത് വകുപ്പ് എന്നിവരുടെ സഹായം തേടും.

## മട്ടാഞ്ചേരി സ്പൈസ് മ്യൂസിയം

176. കേരളത്തിന്റെ സുഗന്ധവ്യഞ്ജനങ്ങൾക്ക് വിദേശരാജ്യങ്ങളിലെങ്ങും ആവശ്യക്കാർ ഏറെയുണ്ട്. കേരളത്തിൽ നൂറ്റാണ്ടുകൾക്കു മുന്നേ വിദേശീയർ എത്തിയത് ഇവിടുത്തെ സുഗന്ധവ്യഞ്ജനങ്ങളുടെ പെരുമ അറിഞ്ഞിട്ടാണ്. കൊച്ചി സുഗന്ധവ്യഞ്ജനങ്ങളുടെ കയറ്റുമതി രംഗത്തെ പ്രധാന സാന്നിധ്യവുമായിരുന്നു. ഇപ്പോഴും മട്ടാഞ്ചേരി കേന്ദ്രീകരിച്ച് സുഗന്ധവ്യഞ്ജനങ്ങളുടെ വ്യാപാരം മികച്ചരീതിയിൽ നടക്കാറുണ്ട്. ഇത്തരം വ്യാപാരങ്ങൾ കൊച്ചിയുടെ വാണിജ്യരംഗത്ത് മികച്ച സംഭാവനകളും നൽകുന്നുണ്ട്. ഈ പശ്ചാത്തലത്തിൽ കൊച്ചിക്കായി ഒരു സ്പൈസ് മ്യൂസിയം ഈ ബജറ്റിൽ വിഭാവനം ചെയ്യുന്നു. ഇതുമായി ബന്ധപ്പെട്ടുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടത്തുന്നതിന് സി-ഹെഡിനെ ചുമതലപ്പെടുത്തുന്നു.

## മൈക്രോ ലെവൽ ടൂറിസം

177. ദൈവത്തിന്റെ സ്വന്തം നാട് എന്ന പേരിൽ പ്രശസ്തമായ കേരളത്തിലേക്ക് ടൂറിസ്റ്റുകൾ എത്തുന്നത് കൂടുതലും കൊച്ചിയിലൂടെയാണ്. കേരളത്തിന്റെ ടൂറിസം ഗേറ്റ് വേ എന്ന വിശേഷണം കൊച്ചിക്ക് അനുയോജ്യമാണ്.

178. ഫോർട്ടുകൊച്ചി, മട്ടാഞ്ചേരി എന്നീ പ്രദേശങ്ങളാണ് കൊച്ചി ടൂറിസം ഭൂപടത്തിന്റെ പ്രധാന ആകർഷണീയത. നമ്മുടെ നഗരത്തിലെത്തുന്ന ടൂറിസ്റ്റുകളെ കൂടുതൽ ദിവസം ഇവിടെത്തന്നെ താമസിപ്പിക്കുന്ന തരത്തിൽ കൂടുതൽ ടൂറിസം മേഖലകളുണ്ടാക്കിയാൽ അത് നമ്മുടെ സമ്പദ് വ്യവസ്ഥക്ക്

നേട്ടമുണ്ടാക്കും. ആയതിലേക്കുള്ള കാൽവെപ്പായി മൈക്രോലെവൽ ടൂറിസം പദ്ധതി തയ്യാറാക്കും. ടൂറിസം വകുപ്പുമായി സഹകരിച്ച് കൂടുതൽ ടൂറിസ്റ്റ് പ്രാധാന്യമുള്ള മേഖലകൾ കണ്ടെത്തി വികസിപ്പിക്കാനാവശ്യമായ ദീർഘവീക്ഷണത്തോടെയുള്ള പ്ലാനിംഗ് നടത്തും.

## സ്വപ്ന തീരം

179. അറബിക്കടലിന്റെ റാണിയുടെ ഏറ്റവും ആകർഷണീയമായ മുഖമാണ് ഫോർട്ടുകൊച്ചി ബീച്ച്. സ്വദേശത്തു നിന്നും വിദേശത്തു നിന്നും ദിനംപ്രതി അനവധി ടൂറിസ്റ്റുകളാണ് ഫോർട്ടുകൊച്ചി പ്രദേശത്തിന്റെ സൗന്ദര്യം ആസ്വദിക്കാൻ എത്തുന്നത്. അതേപോലെ തന്നെ ചരിത്രപരമായും സൗന്ദര്യപരമായും ശ്രദ്ധിക്കപ്പെടുന്ന ബീച്ചാണ് വൈപ്പിൻ പ്രദേശവും. ഈ രണ്ടു പ്രദേശങ്ങളേയും ബന്ധപ്പെടുത്തി സ്വപ്നതീരം എന്ന പേരിൽ വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കും.

180. ആധുനികമായ നടപ്പാതകൾ, സോളാർ ലൈറ്റുകൾ, ഇരിപ്പിടങ്ങൾ, കുടുംബശ്രീ ഭക്ഷണ സ്റ്റാളുകൾ എന്നിവ സ്വപ്നതീരത്തിന്റെ ഭാഗമായുണ്ടാകും. ഫോർട്ടുകൊച്ചി, വൈപ്പിൻ ബീച്ചുകളുടെ പൂർണ്ണമായ വികസനത്തിനുതകുന്ന പരിപാടികൾ ഇതിൽ ഉൾപ്പെടുത്തുന്നതാണ്.

181. ടൂറിസം വകുപ്പിന്റെ സഹകരണത്തോടെയായിരിക്കും പദ്ധതി നടപ്പിലാക്കുക.

## സാംസ്ക്കാരിക രംഗം

182. സാംസ്ക്കാരികരംഗത്ത് കൊച്ചി പുരാതനകാലം മുതൽക്കേ സ്വന്തമായ മുഖമുദ്ര പതിപ്പിച്ചിട്ടുണ്ട്. കൊച്ചിയിൽ നിന്നും പ്രശസ്തിയിലേക്കുയർന്ന നിരവധി കലാകാരന്മാർ നമുക്കുണ്ട്. നാടകവും സിനിമയും സംഗീതവും ഗസലും കൊച്ചിയുടെ മണ്ണിൽ ഇഴുകിച്ചേർന്നിട്ടുണ്ട്. കൊച്ചിയുടെ സംസ്ക്കാരവും കലാബോധവും ഭാവി തലമുറകൾക്ക് പകർന്നു നൽകാൻ നാം പ്രതിജ്ഞാബന്ധരാണ്.

## പി.ജെ ആന്റണി മെമ്മോറിയൽ സെന്റർ ഫോർ പെർഫോർമിംഗ് ആർട്സ് ആന്റ് റിസർച്ച്

183. ഭരത് അവാർഡ് നേടിയ പി.ജെ. ആന്റണിയുടെ സ്മരണാർത്ഥം പച്ചാളത്ത് പി.ജെ ആന്റണി മെമ്മോറിയൽ സെന്റർ ഫോർ പെർഫോർമിംഗ് ആർട്സ് ആന്റ് റിസർച്ച് സ്ഥാപിക്കും. ആധുനിക രീതിയിലുള്ള ഓപ്പൺ എയർ തിയേറ്റർ, ട്രെയിനിംഗ് സെന്റർ എന്നിവ ഇതിന്റെ ഭാഗമായി നിർമ്മിക്കും. ഇതിനായുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ഈ സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കും. ബഹു. ഭാരത സർക്കാരിന്റെ നാഷണൽ കൾച്ചറൽ ഫണ്ട് ഉപയുക്തമാക്കിക്കൊണ്ട് പദ്ധതി നടപ്പിലാക്കും.

## ജി സ്മാരക സാംസ്ക്കാരിക സമുച്ചയം

184. ആധുനിക കവിത്രയത്തിനു ശേഷം മലയാളകാവ്യരംഗത്ത് തന്റേതായ പാദമുദ്രകൾ പതിപ്പിച്ച കവിയായ ശ്രീ. ജി. ശങ്കരക്കുറുപ്പ് നമ്മുടെ നഗരത്തിന്റെ അഭിമാനമാണ്. പക്ഷേ അദ്ദേഹത്തിനായി ഒരു സ്മാരകം ഇതേവരെ നഗരത്തിൽ നിർമ്മിക്കപ്പെട്ടിട്ടില്ല എന്നത് ദു:ഖകരമാണ്.

185. ഗോശ്രീ പാലത്തിനു സമീപം അദ്ദേഹത്തിന്റെ സ്മാരകത്തിനായി ബഹു. കേരള സർക്കാർ അനുവദിച്ച ഭൂമി നഗരസഭയുടെ പേരിലേക്ക് മാറ്റം ചെയ്യപ്പെടുന്ന പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. നഗരസഭക്ക് ഈ ഭൂമി ലഭിക്കുന്ന മുറക്ക് ഇതിനകം തന്നെ ആധുനിക രീതിയിൽ രൂപകല്പന ചെയ്തിട്ടുള്ള കൾച്ചറൽ കോംപ്ലക്സിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കും.

186. ബഹു. കേന്ദ്ര ഭക്ഷ്യ പൊതുവിതരണ വകുപ്പുമന്ത്രി പ്രൊഫ. കെ.വി. തോമസ്, ബഹു. കേരള സാംസ്ക്കാരിക വകുപ്പ് മന്ത്രി ശ്രീ. കെ.സി. ജോസഫ് എന്നിവർ ഈ പദ്ധതിയുടെ നടത്തിപ്പിന് സാമ്പത്തികമടക്കമുള്ള എല്ലാ സഹായങ്ങളും വാഗ്ദാനം ചെയ്തിട്ടുണ്ട്. ഇവ ഉപയോഗപ്പെടുത്തി ജി സ്മാരക സാംസ്കാരിക സമുച്ചയം നഗരസഭയുടെ നേതൃത്വത്തിൽ നിർമ്മിക്കുന്നതാണ്.

## ഭാഷാ സാംസ്ക്കാരിക വൈവിധ്യങ്ങൾ പരിപാലിക്കുന്നതിനായി ബൃഹത് പദ്ധതി

187. വിവിധ സംസ്ക്കാരങ്ങളുടേയും ഭാഷകളുടേയും സംഗമസ്ഥാനമാണ് കൊച്ചി. പോർട്ടുഗീസ്, ഫ്രഞ്ച്, അറബ്, ഡച്ച്, ബ്രിട്ടീഷ് സംസ്ക്കാരങ്ങളുടെ ശേഷിപ്പുകൾ ഇന്നും കൊച്ചിയിലുണ്ട്. മാത്രമല്ല ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും നൂറ്റാണ്ടുകൾക്ക്മുമ്പ് കച്ചവടാവശ്യത്തിനും മറ്റുമായി കുടിയേറിപ്പാർത്തവരുടെ തലമുറയും കൊച്ചിയുടെ സമ്പത്താണ്. ഈ സംസ്ക്കാരങ്ങളുടെ കൊടുക്കൽ വാങ്ങലുകളുടെ ആകെത്തുകയാണ് നമ്മുടെ സംസ്ക്കാരം. ഇത്തരം വിവിധ വിഭാഗങ്ങളുടെ കലാരൂപങ്ങളും പ്രത്യേക ഭാഷയും അവരുടെ വസ്ത്രവിധാനങ്ങളും അവർക്കിടയിൽ ഇപ്പോഴും സജീവമാണ്. ഗുജറാത്തി, കൊങ്കിണി, തുളു, കന്നട ഉൾപ്പെടെ ഏകദേശം 13 ഭാഷകളും അവയുടെ അവാന്തര വിഭാഗങ്ങളും ഇന്നു കൊച്ചിയിൽ നിലനിൽക്കുന്നു. വേണ്ടവിധം അംഗീകാരം ലഭിക്കാതെ ചിലപ്പോൾ അത്തരം ഭാഷകളും കലാരൂപങ്ങളും മൺമറഞ്ഞു പോയേക്കാം എന്ന അവസ്ഥയാണിന്നുള്ളത്.

188. ഇത്തരം സംസ്ക്കാരങ്ങളെ നമുക്ക് നിലനിർത്തേണ്ടതുണ്ട്. പുതിയ തലമുറക്ക് അവയെ അറിയാനും പഠിക്കാനുമുള്ള അവസരമൊരുക്കുക എന്നതിലുപരി കൊച്ചിയുടെ വിവിധ സംസ്ക്കാരങ്ങൾ പരിപാലിക്കേണ്ടത് നമ്മുടെ ഓരോരുത്തരുടേയും കടമയുമാണ്. വിവിധ ഭാഗങ്ങളിലായി ചിതറിക്കിടക്കുന്ന വിവിധ ഭാഷകൾ സംസാരിക്കുന്നവരെ, വിവിധ ദേശക്കാരെ, വിവിധ കലാരൂപങ്ങൾ കൈമുതലായിട്ടുള്ളവരെ, വിവിധ വസ്ത്രധാരണരീതികൾ പിന്തുടരുന്നവരെ കണ്ടെത്തിക്കൊണ്ട് അവരുടെ സംസ്ക്കാരങ്ങളെ സംരക്ഷിക്കാനുള്ള ഒരു ബൃഹത് പദ്ധതി തയ്യാറാക്കാൻ തീരുമാനിക്കുന്നു. വിവിധ സംസ്ഥാനങ്ങളിലെ ഭാഷാ വകുപ്പിന്റെ കൂടി സഹകരണം ഇതിനായി ലഭ്യമാക്കും. ഇതിന്റെ കോർഡിനേഷൻ സി-ഹെഡിനായിരിക്കും.

ഇതിനായി 10 ലക്ഷം രൂപ വകയിരുത്തുന്നു.

## പൈതൃക പദ്ധതികൾ

189. കൊച്ചിയുടെ പൈതൃക-പരിസ്ഥിതി സമ്പത്തിന്റെ സംരക്ഷണത്തിന് കൊച്ചി നഗരസഭ മുഖ്യ പരിഗണന നൽകുന്നു. യുനസ്ക്കോയുടെ (UNESCO) സഹായത്തോടെയുള്ള കൺസർവേഷൻ ആന്റ് ഡവലപ്പ്മെന്റ് പ്ലാൻ-ഫോർ ഹെറിറ്റേജ് സോൺ ഓഫ് ഫോർട്ടുകൊച്ചി ആന്റ് മട്ടാഞ്ചേരി, JnNURM ഫണ്ടിൽ ഉൾപ്പെടുത്തിയ ബ്രോഡ്‌വേ നവീകരണവും എറണാകുളം മാർക്കറ്റ് കനാൽ നവീകരണവും എന്ന പ്രോജക്ട്, കൊച്ചിയുടെ പാരമ്പര്യപരവും പ്രകൃത്യായുള്ളതുമായ പൈതൃക-പരിസ്ഥിതി മേഖലകളെ കണ്ടെത്തുവാനും അടയാളപ്പെടുത്തുവാനുമുള്ള ഹെറിറ്റേജ് ബേസ് മാപ്പ് പ്രൊജക്ട്, പൈതൃക കെട്ടിടങ്ങളെ പരിപാലിക്കുന്നതിനുള്ള പ്രൊജക്ട് എന്നീ പദ്ധതികൾ സമയബന്ധി തമായി പൂർത്തീകരിക്കുന്നതാണ്. ഈ പ്രൊജക്ടുകളുടെ കോർഡിനേഷനു വേണ്ടി സി-ഹെഡിനായി 20 ലക്ഷം രൂപ നീക്കി വെക്കുന്നു.

## ലൈബ്രറികൾ

190. പുതുതലമുറയിൽ നിന്നും വായന അന്യമായിക്കൊണ്ടിരിക്കുന്നു എന്നത് അങ്ങേയറ്റം ഖേദകരമായ വസ്തുതയാണ്. ആവശ്യമായ വായനശാലകൾ ഒരുക്കുന്നതിൽ പരാജയപ്പെടുന്നതാണ് വായനയെ മരണത്തിലേക്ക് തള്ളിവിടുന്നതിനുള്ള പ്രധാന കാരണം. നഗരസഭയുടെ കീഴിലുള്ള ലൈബ്രറികൾ പലതും മികച്ച രീതിയിൽ പ്രവർത്തിക്കുന്നില്ല എന്നതിന്റെ അടിസ്ഥാനത്തിൽ ഇതിനൊരു പരിഹാരം കാണുന്നതിനായി നഗരസഭ ലൈബ്രറികളുടെ നടത്തിപ്പിന്റെ ചുമതല കഴിഞ്ഞ ബജറ്റിൽ സി-ഹെഡിനെ ഏല്പ്പിക്കുന്നതിന് തീരുമാനിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ നഗരസഭാ ലൈബ്രറികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള ഒരു പ്രൊജക്ട് റിപ്പോർട്ട് സി-ഹെഡ് സമർപ്പിക്കുകയുണ്ടായി. ലൈബ്രറിയേന്മാരെ നിയമിച്ചും, ലൈബ്രറികൾ കാലോചിതമായി ആധുനികവൽക്കരിച്ചും ലൈബ്രറിയുടെ പ്രവർത്തനം മെച്ചപ്പെടുത്താനാകും എന്നാണ് റിപ്പോർട്ട് വിശദമാക്കുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ ലൈബ്രറികളുടെ നടത്തിപ്പും

മാനേജ്മെന്റും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റിയുടെ മേൽനോട്ടത്തിൽ സി-ഹെഡിനെ ചുമതലപ്പെടുത്തുന്നു.

ലൈബ്രറികളുടെ നടത്തിപ്പിനായി 12 ലക്ഷം രൂപ നീക്കി വെക്കുന്നു.

## വിദേശ നഗരങ്ങളുമായുള്ള സഹകരണം

191. വിവരസാങ്കേതിക വിദ്യയുടേയും വാർത്താവിനിമയ സൗകര്യങ്ങളുടേയും അതിവേഗത്തിലുള്ള വളർച്ചയിൽ ലോകം കൂടുതൽ അടുക്കുകയാണുണ്ടായത്. അറിവുകളും ആശയങ്ങളും ഒരു രാജ്യത്തുനിന്നും മറ്റൊരു രാജ്യത്തേക്ക് പകർന്നു നൽകാൻ കൂടുതൽ സൗകര്യം നിലവിൽ വന്നു. ഇത് ഗുണപരമായി എടുത്തുകൊണ്ട് കൊച്ചി നഗരസഭ വിദേശ നഗരങ്ങളുമായും സ്ഥാപനങ്ങളുമായും സഹകരണം മെച്ചപ്പെടുത്തി വിദ്യാഭ്യാസം, മാലിന്യ സംസ്ക്കരണം, കുടിവെള്ള വിതരണം, പൈതൃകം എന്നീ മേഖലകളിൽ കൂടുതലായി സഹകരിച്ചു വരുന്നുണ്ട്.

192. മിൽവാക്കീ സിസ്റ്റർ സിറ്റി പ്രോഗ്രാം, മിയാമി സിസ്റ്റർ സിറ്റി പ്രോഗ്രാം, ലോറിയന്റ് സിറ്റി, ബവേറിയ സംസ്ഥാനം, ബ്രൈറ്റൺ ആന്റ് ഹോവ് സിറ്റി, പ്യാതിഗോർസ്ക്ക് എന്നീ നഗരങ്ങളുമായി സഹകരിച്ചുള്ള പ്രവർത്തനങ്ങൾ, യുനസ്കോ, സ്വീഡിഷ് ഇന്റർനാഷണൽ സെന്റർ ഫോർ ലോക്കൽ ഡെമോക്രസി, കോമൺവെൽത്ത് ലോക്കൽ ഗവൺമെന്റ് ഫോറം തുടങ്ങിയ സംഘടനകളുമായി സഹകരിച്ചുള്ള പ്രവർത്തനങ്ങൾ, സ്വീഡനിലെ കുംല മുനിസിപ്പാലിറ്റി, ഹരിഡ മുനിസിപ്പാലിറ്റി, വാംലാന്റ് മുനിസിപ്പാലിറ്റി, മാൽമോ മുനിസിപ്പാലിറ്റി എന്നിവയുമായി സഹകരിച്ചുള്ള വിവിധ പ്രവർത്തനങ്ങൾ, എന്നിങ്ങനെ വിദേശത്തുള്ള നഗരങ്ങളുമായി പരസ്പര സഹകരണത്തോടെയുള്ള പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലാണ്.

193. മാലിന്യ സംസ്ക്കരണം, കുടിവെള്ള വിതരണം എന്നിവയിൽ പുതിയ ടെക്നോളജികളും ഈ വിദേശ നഗരങ്ങളിലെ വിദഗ്ധരുടെ സഹായസഹകരണങ്ങളും കൊച്ചിക്ക് ലഭ്യമാകും. വിദ്യാഭ്യാസ മേഖലയിൽ വിദേശത്തുള്ള വിവിധ സ്ക്കൂളുകളും നമ്മുടെ സ്ക്കൂളുകളും തമ്മിൽ സഹകരിച്ച് പ്രവർ

ത്തിക്കും. നിരവധി വികസന പ്രവർത്തനങ്ങളിൽ കൊച്ചിക്ക് വിദേശ നഗരങ്ങളുടെ സഹായസഹകരണങ്ങൾ മുതൽക്കൂട്ടാകും.

194. വിദേശ നഗരങ്ങളുമായുള്ള സഹകരണപ്രവർത്തനങ്ങളുടെ മുഴുവൻ കോർഡിനേഷനും സി-ഹെഡിന്റെ ചുമതലയിലായിരിക്കും.

## സാമൂഹ്യ സുരക്ഷാ പദ്ധതികൾ

### എല്ലാ ജനങ്ങൾക്കും അപകടമരണ ഇൻഷ്വറൻസ്

195. നമ്മുടെ നഗരത്തിൽ ദിനംപ്രതി നിരവധിപേരാണ് അപകടത്തിൽപ്പെട്ട് മരണമടയുന്നത്. ഇതുമൂലം നിരവധി കുടുംബങ്ങൾ നിരാലംബരാകുന്നു. ഇത്തരം കുടുംബങ്ങൾക്കുള്ള സഹായമെന്ന നിലയിൽ ഒരു പുതിയ അപകടമരണ ഇൻഷ്വറൻസ് പദ്ധതിക്ക് തുടക്കം കുറിക്കുന്നു. നഗരസഭയുടെ പരിധിയിൽ സ്ഥിരതാമസമുള്ള മുഴുവൻ പൗരന്മാർക്കും പ്രയോജനപ്പെടുന്ന രീതിയിലാണ് ഈ ഇൻഷ്വറൻസ് സ്കീം തയ്യാറാക്കുന്നത്. ഈ ഇൻഷ്വറൻസ് പദ്ധതിക്കായുള്ള ജനങ്ങളുടെ വിഹിതം നഗരസഭ അടക്കുന്നതാണ്. ഈ പദ്ധതിക്കായി 1 കോടി രൂപ നീക്കി വെക്കുന്നു.

## പട്ടികജാതി വികസനം

196. പട്ടികജാതി വിഭാഗത്തിൽപ്പെട്ട മുഴുവൻ ജനങ്ങളുടേയും ക്ഷേമത്തിനായുള്ള ബഹു. കേന്ദ്ര സംസ്ഥാന സർക്കാർ പദ്ധതികൾ സമയബന്ധിതമായും കാര്യക്ഷമമായും നിർവ്വഹിക്കും. നഗരസഭ നേരിട്ട് ഏറ്റെടുത്ത് നടത്തുന്ന ഭവന രഹിതർക്കായുള്ള ഭവന പദ്ധതികൾ, കുടിവെള്ള പദ്ധതികൾ, വിദ്യാഭ്യാസ പദ്ധതികൾ എന്നിവയും സമയബന്ധിതമായി പൂർത്തീകരിക്കും. മേൽപ്പറഞ്ഞ മുഴുവൻ പദ്ധതികൾക്കായും ലഭ്യമാകുന്ന ഫണ്ട് കാര്യക്ഷമമായി വിനിയോഗിക്കും.

## ഇതെന്റെ വീട്

197. നഗരത്തിൽ സൗധങ്ങൾ ഉയർന്നുപൊങ്ങുമ്പോഴും സ്വന്തമായി വീടോ സ്ഥലമോ ഇല്ലാതെ ജീവിക്കുന്ന ജനങ്ങളുമുണ്ട്. അവരുടെ ദുഖം കൗൺസിൽ

തിരിച്ചറിയുകയും ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്ന വീടില്ലാത്ത മുഴുവൻ പേർക്കും സ്വന്തമായി വീട് നിർമ്മിച്ചു കൊടുക്കുവാനായി രൂപീകരിക്കുന്ന പദ്ധതിയാണ് ഇതെന്റെ വീട്.

ഈ പദ്ധതിക്കായി 1 കോടി രൂപ നീക്കി വെക്കുന്നു.

## കമ്മ്യൂണിറ്റി ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട്

198. കെ.എസ്.യു.ഡി.പി. പദ്ധതിയിലൂടെ സാമൂഹ്യ വികസനം ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന കോളനി നവീകരണ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തി 71 കോളനികളിൽ 65 എണ്ണം പൂർത്തികരിച്ചു. പുതിയതായി 17 കോളനികൾ തെരഞ്ഞെടുത്ത് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതാണ്.

## വയോജനങ്ങൾക്കായി പകൽവീടുകളും വയോക്ലബ്ബുകളും

199. വയോജനങ്ങൾ ഏതൊരു നാടിന്റേയും സമ്പത്താണ്. ആ സത്യം അംഗീകരിച്ചുകൊണ്ട് അനുഭവസമ്പത്ത് കൊണ്ടും ആശയങ്ങൾ കൊണ്ടും സമ്പുഷ്ടമായ വയോജനങ്ങളുടെ കഴിവുകൾ നഗരസഭ പ്രയോജനപ്പെടുത്തും. വയോജനങ്ങൾക്ക് ഒത്തുകൂടാനും ആശയങ്ങൾ പങ്കുവെക്കാനും പകൽവീടുകൾ പ്രയോജനപ്പെടുത്തും. കൂടുതൽ മേഖലകളിൽ പകൽവീടുകൾ നിർമ്മിക്കും.

200. എല്ലാ ഡിവിഷനുകളിലും കൗൺസിലർമാരുടെ നേതൃത്വത്തിൽ വയോക്ലബ്ബുകൾ രൂപീകരിക്കും. വയോമിത്രം പ്രവർത്തകർ, ആരോഗ്യവിഭാഗം പ്രവർത്തകർ, സീനിയർ സിറ്റിസൺമാരുടെ സംഘടനാ പ്രതിനിധികൾ എന്നിവർ വയോക്ലബ്ബുകളെ നയിക്കും. പകൽവീടുകൾ കേന്ദ്രീകരിച്ചായിരിക്കും വയോക്ലബുകൾ പ്രവർത്തിക്കുക.

201. എല്ലാ മാസങ്ങളിലും പകൽ വീടുകൾ കേന്ദ്രീകരിച്ച് വയോക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ വിവിധ വിഷയങ്ങളിൽ സംവാദങ്ങളും ചർച്ചകളും നടത്തുന്നതാണ്.

## ആധുനിക മത്സ്യ വിപണന കേന്ദ്രങ്ങൾ

202. നഗര പ്രദേശത്ത് മത്സ്യവിപണന സാധ്യത വർദ്ധിപ്പിക്കുന്നതിനുമായി ആധുനിക രീതിയിലുള്ള 10 ഫിഷ് സ്റ്റാളുകൾ വിവിധ മേഖലകളിൽ തുടങ്ങുന്നതാണ്. വിവിധ പ്രദേശങ്ങളിൽ കടവുകളും നിർമ്മിക്കുന്നതാണ്. 2013 ഡിസംബറിൽ പദ്ധതി പൂർത്തീകരിക്കും

കെ.എസ്.യു.ഡി.പി. പദ്ധതി വഴി 50 ലക്ഷം രൂപ ഇതിനായി ചെലവഴിക്കും.

## തൊഴിലധിഷ്ഠിത പരിശീലനം

203. നഗരപ്രദേശത്തെ സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന കുടുംബങ്ങളിലെ അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് വരുമാനദായക പ്രവൃത്തികളിലേർപ്പെടുന്നതിന് ഉതകുന്ന തരത്തിൽ വിവിധ തരത്തിലുള്ള തൊഴിലധിഷ്ഠിത പരിശീലനങ്ങൾ നടപ്പിലാക്കും. ഇതിനായി വ്യക്തിഗതമായി 10,000/- രൂപ വരെ കെ.എസ്.യു.ഡി.പി ഫണ്ട് വഴി ഉപയോഗപ്പെടുത്തും. ഇത്തരത്തിൽ പരിശീലനം ലഭ്യമായവർക്ക് തൊഴിൽ ലഭ്യത ഉറപ്പുവരുത്തും. ടൂറിസ്റ്റ് ഗൈഡ്, ഫിസിയോതെറാപ്പി, ഹോട്ടൽ മാനേജ്മെന്റ്, കമ്പ്യൂട്ടർ പരിശീലനം, ഫാഷൻ ഡിസൈനിംഗ് എന്നി മേഖലകളിൽ പരിശീലനം നൽകും.

## നഗരസഭ സ്നേഹഭവനങ്ങൾ

204. അനാഥരും നിരാംലബരുമായ കുട്ടികളുടേയും സ്ത്രീകളുടേയും വയോജനങ്ങളുടേയും സംരക്ഷണത്തിനായി കൊച്ചി നഗരസഭയുടെ നേതൃത്വത്തിൽ സഹായമനസ്ക്കരെ സഹകരിപ്പിച്ചുകൊണ്ട് നടത്തിവരുന്ന സ്നേഹഭവനുകൾ വിവിധ പ്രദേശങ്ങളിൽ സ്തുത്യർഹമായ രീതിയിൽ പ്രവർത്തിച്ചുവരുന്നുണ്ട്. പള്ളുരുത്തി റിലീഫ് സെറ്റിൽമെന്റ്, പള്ളുരുത്തി സ്നേഹഭവൻ, പ്രത്യാശാ ഭവൻ, കരിത്തല ശാന്തിഭവൻ, വൃദ്ധമന്ദിരം, വികലാംഗ വനിതാമന്ദിരം, നൈറ്റ് ഷെൽറ്റർ, ഗുഡ് ഹോപ് ഭവനങ്ങൾ തുടങ്ങിയ വിവിധ സ്ഥാപനങ്ങൾ കാരുണ്യപ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

205. നഗരസഭയുടെ കീഴിലുള്ള മുഴുവൻ സ്നേഹഭവനുകളുടേയും അടിസ്ഥാന സൗകര്യവികസനത്തിന് 50 ലക്ഷം രൂപ അനുവദിക്കുന്നു.

**കെന്നൽ - ശ്വാനസംരക്ഷണ കേന്ദ്രം**

206. തെരുവുനായകൾ നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ അലഞ്ഞുതിരിഞ്ഞ് നടക്കുന്നത് പൊതുജനങ്ങൾക്കും സ്ക്കൂൾ കുട്ടികൾക്കും ബുദ്ധിമുട്ട് അനുഭവപ്പെടാറുണ്ട്. മുൻവർഷങ്ങളിൽ തെരുവുനായകളെ പിടികൂടി കൊല്ലുന്ന സംവിധാനം നിലവിലുണ്ടായിരുന്നു. തെരുവു നായകൾ ഉൾപ്പെടെയുള്ള മൃഗങ്ങളെ കൊല്ലുവാൻപാടില്ല എന്ന നിയമം നിലവിൽ വന്നതോടെ ഇവ നഗരത്തിൽ പെരുകിക്കൊണ്ടിരിക്കുകയാണ്. ഇതിനൊരു പരിഹാരമായി തെരുവു നായകളെ സംരക്ഷിക്കാനായി കെന്നൽ എന്ന പേരിൽ ഒരു കേന്ദ്രം പ്രവർത്തനമാരംഭിക്കുന്നതാണ്.

**ചേരി വികസനം - രാജീവ് ഗാന്ധി ആവാസ് യോജന**

207. ഓരോ ചേരികളുടെയും പുനരുദ്ധാരണത്തിനായും വികസനത്തിനായും തൽസ്ഥലത്തുള്ളതോ പുനരധിവസിപ്പിക്കുന്നതോ ആയ സ്ഥലത്ത് അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങളും സാമൂഹ്യ സൗകര്യങ്ങളും ഒരുക്കിക്കൊടുക്കാൻ നഗരസഭ ബാധ്യസ്ഥരാണ്. രാജീവ് ഗാന്ധി ആവാസ് യോജന (ആർ എ വൈ) പദ്ധതിപ്രകാരം ചേരികളുടെ വികസനത്തിന് നഗരസഭ ക്രിയാത്മകമായി ഇടപെടുന്നതാണ്.

208. നിശ്ചിതപ്പെടുത്തിയ പ്ലിന്ത് ഏരിയയുള്ള ഭവനങ്ങളുടെ നിർമ്മിതിയും പുനരുദ്ധാരണവും, വീടുകളിലേക്ക് കുടിവെള്ള വിതരണം, മലിനജല നിർഗ്ഗമന സൗകര്യങ്ങൾ, ഓടകൾ, കലുങ്കുകൾ, റോഡുകൾ, ഖരമാലിന്യ നിർമ്മാർജ്ജന മാർഗ്ഗങ്ങൾ, എല്ലാ വീടുകൾക്കും വൈദ്യുതി, എല്ലാ ചേരികളിലും വഴിവിളക്കുകൾ, ചേരികൾക്കുള്ളിലേയും ചേരികളിലേക്കുള്ളതുമായ റോഡുകളുടെ നിർമ്മാണം എന്നിവ ഈ പദ്ധതിയുടെ ഭാഗമായുണ്ടാകും.

209. കൊച്ചി നഗരസഭ തെരഞ്ഞെടുത്ത 441 കോളനികളിൽ 243 എണ്ണം സംസ്ഥാന നോഡൽ ഏജൻസി അംഗീകാരം നൽകി. അതിൽ എല്ലാ കോളനികളിലും

വിശദമായ സാമൂഹിക സാമ്പത്തിക സർവേ തുടങ്ങുകയും 170 കോളനികളിൽ ഇതുവരെ അടിസ്ഥാനവികസനം പൂർത്തിയാവുകയും ചെയ്തിട്ടുണ്ട്.

### പച്ചാളം ശാന്തി കുടീരം

210. ശ്രീ. ഹൈബി ഈഡൻ എം.എൽ.എ. യുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും 1 കോടി രൂപ ചെലവഴിച്ചുകൊണ്ട് പച്ചാളം ശ്മശാനം ഏറ്റവും ആധുനിക സൗകര്യങ്ങളോട് കൂടി പുനർനിർമ്മിക്കും. മുഴുവൻ സ്ഥലവും ഏറ്റവും മനോഹരമായ രീതിയിൽ ലാന്റ് സ്ക്കേപ്പിംഗ് ചെയ്ത് പാർക്ക് സൗകര്യങ്ങളോട് കൂടി മനോഹരമാക്കി 'പച്ചാളം ശാന്തി കുടീരം' എന്നു പുനർനാമകരണം ചെയ്യും.

### ഇടപ്പള്ളി സ്മൃതിവനം

211. ഇടപ്പള്ളി ശ്മശാനം ആധുനിക സംവിധാനങ്ങളോടു കൂടി രൂപകൽപ്പന ചെയ്ത് 'ഇടപ്പള്ളി സ്മൃതിവനം' എന്ന പേരിൽ പുനർനാമകരണം ചെയ്യും. ഇതിനായി ബഹു. തൃക്കാക്കര എം.എൽ.എ ശ്രീ. ബെന്നി ബഹന്നാന്റെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും 80 ലക്ഷം രൂപ വിനിയോഗിക്കും.

### മറ്റു പൊതു ശ്മശാനങ്ങളുടെ നവീകരണം

212. നഗരസഭയുടെ കീഴിലുള്ള മറ്റെല്ലാ പൊതു ശ്മശാനങ്ങളുടേയും നവീകരണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തും. കൂവപ്പാടം, ഇടക്കൊച്ചി, ഫോർട്ടുകൊച്ചി, പുല്ലേപ്പടി, പള്ളുരുത്തി ശ്മശാനങ്ങൾ പരിപാലിച്ച് സംരക്ഷിക്കും. കൂടുതൽ ആധുനികമായ സൗകര്യങ്ങൾ ഈ ശ്മശാനങ്ങളിൽ ഏർപ്പെടുത്തും.

### ഇ-ഗവേർണൻസ്

213. കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ചിരുന്ന ഇ-ഗവേർണൻസിന്റെ തുടർപ്രവർത്തനങ്ങൾ ഈ സാമ്പത്തികവർഷവും തുടരുന്നതായിരിക്കും. കൊച്ചി നഗരസഭ

യിൽ JnNURM പദ്ധതിയിൽ ഉൾപ്പെടുത്തി ഇ-ഗവേർണൻസ് നടപ്പിലാക്കുന്നതിന് ഭാരത സർക്കാർ 8.70 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. പദ്ധതിയുടെ കൺസൽട്ടൻസിയായി വിപ്രോയേയും സിസ്റ്റം ഇന്റഗ്രേറ്റർ പ്രവർത്തനങ്ങൾക്കായി ടി.സി.എസ്സിനേയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

214. ആദ്യ ഘട്ടത്തിന്റെ യൂസർ അക്സപ്റ്റൻസ് ടെസ്റ്റ് ഏകദേശം പൂർത്തിയായിട്ടുണ്ട്. പേമന്റ് ഗേറ്റ് വേ പ്രൊവൈഡർ, സെർവർ ഡേറ്റാ സെന്റർ എന്നീ പ്രവർത്തനങ്ങൾ കാലതാമസം കൂടാതെ ചെയ്തു തീർക്കുന്നതായിരിക്കും. പ്രസ്തുത പ്രോജക്ടിന്റെ ഭാഗമായി 373 പുതിയ കമ്പ്യൂട്ടറുകൾ നഗരസഭയുടെ എല്ലാ സോണൽ ഓഫീസുകളിലും സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു. പ്രവർത്തനങ്ങൾ വേഗത്തിലാക്കി ഈ സാമ്പത്തിക വർഷം തന്നെ ഇ-ഗവേർണൻസ് പദ്ധതി നടപ്പിലാക്കും. അതോടെ ഓൺ ലൈൻ സേവനങ്ങൾ ലഭ്യമാകുന്ന കേരളത്തിലെ ആദ്യത്തെ നഗരസഭ എന്ന സ്ഥാനം കൊച്ചിയുടെ സ്വന്തമാകും.

## CDP പരിഷ്ക്കരണം

215. നഗരങ്ങളുടെ വികസനം ലഭ്യമാക്കി കേന്ദ്രസർക്കാർ ആവിഷ്ക്കരിച്ച ജവഹർലാൽ നാഷണൽ അർബൻ റിന്യൂവൽ മിഷന്റെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്ക് ഉടൻ തുടക്കമാകും. JnNURM രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി കൂടുതൽ പദ്ധതികൾ നമ്മുടെ നഗരത്തിന് ലഭ്യമാക്കേണ്ടതുണ്ട്. അതിനുള്ള ആദ്യപടി നിലവിലെ സിറ്റി ഡവലപ്പ്മെന്റ് പ്ലാൻ പരിഷ്ക്കരിക്കുക എന്നതാണ്. സി.ഡി.പി. പരിഷ്ക്കരിച്ച് നമ്മുടെ ആവശ്യങ്ങൾ കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ നിലവിലെ സി.ഡി.പി. പരിഷ്ക്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതാണ്.

## SME രജിസ്ട്രേഷൻ വേഗത്തിലാക്കാൻ ഏകജാലക സംവിധാനം

216. കേരളത്തിന്റെ വാണിജ്യതലസ്ഥാനമാണല്ലോ നമ്മുടെ നഗരം. ചെറുതും വലുതുമായ നിരവധി വ്യവസായ സ്ഥാപനങ്ങൾ കൊച്ചിയിലുണ്ട്. പുതു

തായി വ്യവസായ ബിസിനസ്സ് രംഗത്തേക്ക് കൂടുതൽ ആളുകൾ കടന്നു വരുന്നു എന്നത് സ്വാഗതാർഹമാണ്. പക്ഷേ ഒരു വ്യവസായം നഗരസഭയിൽ രജിസ്റ്റർ ചെയ്യുന്നതിന് നേരിടുന്ന കാലതാമസം പലരും ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. ഇതിനൊരു പരിഹാരമെന്ന നിലയിൽ SME (Small and Medium Enterprises) രജിസ്ട്രേഷനായി ഏകജാലക സംവിധാനം ഏർപ്പെടുത്തും. രജിസ്ട്രേഷനു മാത്രമായി ഒരു ഓഫീസർക്ക് ചാർജ് നൽകും. പുതിയ വ്യവസായം രജിസ്റ്റർ ചെയ്യേണ്ടവർ നഗരസഭയിൽ ഈ ഓഫീസറുമായി മാത്രം ബന്ധപ്പെട്ടാൽ മതിയാകും. നഗരസഭയുടെ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് നേടേണ്ടവയെല്ലാം ഈ ഓഫീസർ വഴി ലഭ്യമാകും. വ്യവസായങ്ങൾ എളുപ്പത്തിൽ രജിസ്റ്റർ ചെയ്യാനുള്ള സാഹചര്യം ഇതിലൂടെ ലഭ്യമാകും.

## Retirees for the Benefit of Cochin

**(റിട്ടയേർഡ് ഉദ്യോഗസ്ഥരുടെ സേവനം നഗരവികസനത്തിന്)**

217. കേരളത്തിൽ റിട്ടയർമെന്റ് പ്രായം 56 ഉം കേന്ദ്രത്തിൽ 60 ഉം ആണ്. ജോലിയിൽ നിന്ന് വിരമിക്കുന്നതോടെ സാധാരണഗതിയിൽ ഈ ഉദ്യോഗസ്ഥർ വിശ്രമജീവിതം നയിക്കാറാണ് പതിവ്. വർഷങ്ങളുടെ അനുഭവ സമ്പത്ത് കൊണ്ടും പരിശ്രമം കൊണ്ടും ഇവർ നേടിയെടുത്ത അറിവുകളും കഴിവുകളും വിരമിക്കലോടെ ഉപയോഗമില്ലാതെയാകുന്നു. ഇവരുടെ കഴിവുകളും ആശയങ്ങളും അറിവുകളും നഗരത്തിന്റെ വികസനത്തിനായി ഉപയോഗിക്കുന്ന പദ്ധതിക്ക് ഇവിടെ തുടക്കം കുറിക്കുന്നു. റിട്ടയേർഡ് ഉദ്യോഗസ്ഥരുടെ കഴിവുകളെ ഉപയോഗപ്പെടുത്തുന്ന പ്രവർത്തനങ്ങളുമായി നഗരസഭ മുന്നിട്ടിറങ്ങുന്നു.

218. ഉദ്യോഗത്തിൽ നിന്നും വിരമിച്ച നഗരവികസനത്തിൽ താത്പര്യമുള്ളവരെ കണ്ടെത്തിക്കൊണ്ട് ഡിവിഷൻതോറും കൂട്ടായ്മകൾ സംഘടിപ്പിക്കും. പ്രാദേശികമായ വികസനങ്ങൾ, പുതിയ ആശയങ്ങൾ, ഫണ്ടുകൾ കിട്ടാനുള്ള മാർഗ്ഗങ്ങൾ എന്നിവ ചർച്ച ചെയ്യും. ഡിവിഷനിൽ നിന്നും തെരെഞ്ഞെടു

ക്കപ്പെടുന്നവരുടെ കമ്മറ്റി കോർപ്പറേഷൻ തലത്തിൽ രൂപീകരിക്കുകയും മികച്ച ആശയങ്ങൾ നഗരത്തിൽ നടപ്പിലാക്കുകയും ചെയ്യും.

219. കൗൺസിലർമാരുടെ നേതൃത്വത്തിൽ ഇത്തരം കൂട്ടായ്മകൾ ഉണ്ടാക്കുന്നതിന് റസിഡന്റ് അസോസിയേഷനുകൾ, സീനിയർ സിറ്റിസൺ സംഘടനകൾ, റിട്ടയേർഡ് ഉദ്യോഗസ്ഥ സംഘടനകൾ എന്നിവരുടെ സഹകരണത്തോടെ പ്രവർത്തിക്കും.

## NRC (Non Resident Cochiites) For the Benefit of Cochin

220. കൊച്ചിയിൽ ജനിച്ച് വളർന്ന് വിദ്യാഭ്യാസം നേടി വിദേശരാജ്യങ്ങളിൽ താമസിക്കുന്ന നിരവധിപ്പേരുണ്ട്. പലപ്പോഴും നമ്മുടെ നാടിന്റെ വികസനപ്രവർത്തനങ്ങളിൽ ഇവർക്ക് പ്രാതിനിധ്യം ലഭിക്കാറില്ല. ഇതിനൊരു പരിഹാരം ഈ ബജറ്റ് വിഭാവനം ചെയ്യുന്നു. വികസനപ്രവർത്തനങ്ങളിൽ NRC ക്ക് നേരിട്ട് പങ്കാളികളാകാൻ അവസരം ഒരുക്കും. NRC യുടെ അനുഭവസമ്പത്തും പ്രാഗത്ഭ്യവും നഗരവികസനത്തിന് ഉതകുന്ന രീതിയിൽ ഉപയോഗപ്പെടുത്തും. വികസന പദ്ധതികൾക്ക് ഫണ്ട് കണ്ടെത്തുന്നതിനും നടപ്പിലാക്കുന്നതിനും NRC യുടെ സേവനം ഉപയോഗപ്പെടുത്തും.

## ഡിസാസ്റ്റർ മാനേജ്മെന്റ് സെൽ

221. നഗരസഭയുടെ കീഴിൽ പ്രവർത്തിച്ചുവരുന്ന ഡിസാസ്റ്റർ സെല്ലിന്റെ പ്രവർത്തനം ജനങ്ങൾക്കിടയിലേക്ക് വ്യാപിപ്പിക്കും. അടിയന്തിര സാഹചര്യങ്ങളിൽ നേരിടേണ്ട മുൻകരുതലുകളെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കും. ഡിസാസ്റ്റർ മാനേജ്മെന്റ് സെല്ലിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തും. ശാസ്ത്രീയമായ മാർഗ്ഗങ്ങളുപയോഗിച്ച് ഡിസാസ്റ്റർ മാനേജ്മെന്റ് സെല്ലിനെ പുനഃസംഘടിപ്പിക്കും.

## വരുമാന വർദ്ധനവ്

222. വികസനപ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താനും സമയബന്ധിതമായി പൂർത്തീകരിക്കാനും നഗരസഭയുടെ തനത് വരുമാനത്തിൽ വർദ്ധനവുണ്ടാകേണ്ടിയിരിക്കുന്നു. സാധാരണക്കാരെ അധികം ബാധിക്കാത്ത തരത്തിൽ വരുമാനവർദ്ധനവ് ലക്ഷ്യം വെച്ചുള്ള പ്രവർത്തനങ്ങളാണ് നഗരസഭ ഏറ്റെടുത്ത് നടത്തുന്നത്. ദീർഘകാല ലീസിനെടുത്ത നഗരസഭയുടെ കെട്ടിടങ്ങളിൻമേൽ വാടക ലഭിക്കാത്തവ കണ്ടെത്തി കുടിശ്ശിക പിരിക്കും. രജിസ്റ്റർ ചെയ്യാത്ത സ്ഥാപനങ്ങളെ രജിസ്റ്റർ ചെയ്യിപ്പിച്ചും ഓണർഷിപ്പ് റീ അസസ്സ്മെന്റ് നടത്തിയും അധികവരുമാനം കണ്ടെത്തും. നഗരസഭ വക കെട്ടിടങ്ങളുടെ വാടക പുനഃക്രമീകരിക്കുകയും പ്രൊഫഷണൽ ടാക്സ് പിരിവ് ഊർജ്ജിതപ്പെടുത്തിയും വസ്തു നികുതി പരിഷ്ക്കരിച്ചും ഗാർഹികാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങൾ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നത് കണ്ടെത്തി നടപടി സ്വീകരിച്ചുകൊണ്ടും അനധികൃത കെട്ടിടങ്ങൾക്കും ഉപയോഗത്തിനുമെതിരെ കർശന നടപടികൾ സ്വീകരിച്ചും വരുമാന വർദ്ധനവ് കണ്ടെത്തും.

223. വാണിജ്യ സ്ഥാപനങ്ങളുടെ മാലിന്യശേഖരണത്തിൽ ഫീസ് ഏർപ്പെടുത്തിയും നഗരത്തിൽ പരസ്യം സ്ഥാപിക്കാനനുവദിക്കുന്ന തെരഞ്ഞെടുക്കുന്ന സ്ഥലങ്ങളിൽ വാണിജ്യമൂല്യത്തിനനുസരിച്ച് ഫീസ് ഈടാക്കിയും കൂടുതൽ വരുമാനമാർഗ്ഗം കണ്ടെത്തും.

224. ഈ നീക്കങ്ങളിലൂടെ ഈ സാമ്പത്തിക വർഷം 20 കോടി രൂപ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

## വാണിജ്യസ്ഥാപനങ്ങളിൽ നിന്നുള്ള മാലിന്യശേഖരണത്തിന് ഫീസ്

225. ഹോട്ടലുകളും കല്ല്യാണമണ്ഡപങ്ങളും ഉൾപ്പെടെയുള്ള വാണിജ്യസ്ഥാപനങ്ങളുടെ മാലിന്യം നിലവിൽ നഗരസഭ സൗജന്യമായാണ് ശേഖരിക്കുന്നത്. മാലിന്യസംസ്ക്കരണവുമായി ബന്ധപ്പെട്ട് നഗരസഭക്ക് വലിയ തുക ചെലവഴിക്കേണ്ടി വരാറുണ്ട്. ഈ സാഹചര്യത്തിൽ വാണിജ്യ സ്ഥാപനങ്ങളുടെ

മാലിന്യം ശേഖരിക്കുന്നതിന് നിശ്ചിതനിരക്കിലുള്ള ഫീസ് ഏർപ്പെടുത്തും. ഫീസ് അടയ്ക്കുന്ന സ്ഥാപനങ്ങളിൽ നേരിട്ട് ചെന്ന് മാലിന്യം ശേഖരിക്കുന്ന ഉത്തരവാദിത്വം നഗരസഭ ഏറ്റെടുക്കും. റോഡിൽ മാലിന്യം തള്ളുന്ന വാണിജ്യസ്ഥാപനങ്ങൾക്കെതിരെ കർശന നടപടികൾ കൈക്കൊള്ളുന്നതാണ്.

226. ഇതിലൂടെ ഈ സാമ്പത്തിക വർഷം 50 ലക്ഷം രൂപ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

## ഉപസംഹാരം

227. നമ്മുടെ നഗരത്തിന്റെ വികസനമെന്നത് ഒരു കൂട്ടായ ശ്രമത്തിലൂടെയാണ് സാധ്യമാവുക. നിരവധി വിശിഷ്ട വ്യക്തികളുടെ ആത്മാർത്ഥമായ ഇടപെടലുകളും സഹകരണവും കൊച്ചിയുടെ വികസനത്തിന് ആക്കം കൂട്ടിയിട്ടുണ്ട്. ബഹുമാനപ്പെട്ട കേന്ദ്ര-സംസ്ഥാന സർക്കാറുകൾക്ക് ഈ കൗൺസിലിന്റെ പേരിലുള്ള നന്ദി ഈ അവസരത്തിൽ ഞാൻ രേഖപ്പെടുത്തുന്നു. കൊച്ചി നഗരത്തിന്റെ സർവ്വതോന്മുഖമായ വികസനത്തിന് എന്നും മുന്നിൽ നിന്ന് നയിച്ച ബഹു. കേന്ദ്ര പ്രതിരോധമന്ത്രി ശ്രീ. എ.കെ ആന്റണി, ബഹു. മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി, കേന്ദ്ര ഭക്ഷ്യ പൊതുവിതരണ വകുപ്പു മന്ത്രി പ്രൊഫ. കെ.വി തോമസ്, മന്ത്രിമാരായ ശ്രീ. കെ. ബാബു, ശ്രീ. ഇബ്രാംഹിം കുഞ്ഞ്, ശ്രീ. മഞ്ഞളാംകുഴി അലി എം.പി. മാരായ ശ്രീ. ചാൾസ് ഡയസ്, ശ്രീ. പി. രാജീവ്, എം.എൽ.എ മാരായ ശ്രീ. ഡൊമിനിക് പ്രസന്റേഷൻ, ശ്രീ. ബെന്നി ബഹന്നാൻ, ശ്രീ. ഹൈബി ഈഡൻ, ശ്രീ. ലൂഡി ലൂയിസ്, ബഹു. ജില്ലാ കളക്ടർ ശ്രീ. ഷെയിക് പരീത് ഐ.എ.എസ്. എന്നിവരോട് കൊച്ചി നിവാസികൾക്കും കൊച്ചി നഗരസഭക്കുമുള്ള അകൈതവമായ നന്ദി ഈ അവസരത്തിൽ ഞാൻ രേഖപ്പെടുത്തട്ടെ. കഴിഞ്ഞ വർഷങ്ങളിൽ കൊച്ചിയുടെ വികസനത്തിനായി ഞങ്ങളോടൊപ്പം സഹകരിച്ച കേന്ദ്ര സംസ്ഥാന ഗവർമെന്റ് സെക്രട്ടറിമാർ, ഉദ്യോഗസ്ഥർ, വിവിധ സർക്കാർ വകുപ്പുകൾ, വകുപ്പ് തലവന്മാർ, വിവിധ സംഘടനകൾ, വാണിജ്യ വ്യവയായ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരോഗ്യ കലാ സാഹിത്യ

രംഗങ്ങളിൽ പ്രവർത്തിക്കുന്ന സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, നഗരസഭ ജീവനക്കാർ എന്നിവ രേയും നന്ദിയോടെ സ്മരിക്കുന്നു. കൊച്ചിയുടെ വികസനത്തിനുവേണ്ടി എന്നും മുന്നിൽ നിൽക്കുന്ന മുഴുവൻ മാധ്യമങ്ങളോടും മാധ്യമപ്രർത്തകരോടും സർവ്വോപരി കൊച്ചിയിലെ മുഴുവൻ പൗരാവലിയോടും ഈ കൗൺസിലിന്റെ പേരിലുള്ള ഹൃദയം നിറഞ്ഞ നന്ദി ഞാൻ രേഖപ്പെടുത്തുന്നു.

228. കഴിഞ്ഞ ബജറ്റിന്റെ തുടർച്ച എന്ന നിലയിലുള്ള ജനപക്ഷ ബജറ്റാണ് നിങ്ങളുടെ മുമ്പാകെ അവതരിപ്പിച്ചത്. ഇതിലെ നിർദ്ദേശങ്ങളും പദ്ധതികളും കൊച്ചിയുടെ വരും കാല വികസനങ്ങളെ മുന്നിൽ കണ്ടുകൊണ്ട് തയ്യാറാക്കപ്പെട്ടവയാണ്. കുടിവെള്ളം കിട്ടാക്കനിയായവരുടേയും ബസ്സുകളിലും കാൽനടയായും യാത്ര ചെയ്ത് ജീവിതത്തെ കരുപിടിപ്പിക്കുന്നവരുടേയും കൊച്ചിയിലെ ബഹുഭൂരിപക്ഷം വരുന്ന സാധാരണക്കാരുടെയും പ്രശ്നങ്ങൾക്കുള്ള പരിഹാരമാണ് ഈ ബജറ്റ്. സ്ത്രീകൾക്ക് ഭയപ്പാട് കൂടാതെ നഗരത്തിൽ ജീവിക്കാനിടവരുത്തുന്നതും പാരിസ്ഥിതിക സൗഹാർദ്ദവുമായ നിർദ്ദേശങ്ങളാണ് ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. അതുകൊണ്ടുതന്നെ ഈ ബജറ്റ് പ്രാവർത്തികമാക്കേണ്ടത് നാം ഓരോരുത്തരുടേയും കടമയാണ്. ജനങ്ങൾ നമ്മളിലേൽപ്പിച്ച ഉത്തരവാദിത്വം വളരെ വലുതാണ്. അത് പരിപൂർണ്ണമായ, ശരിയായ അർത്ഥത്തിൽ നിറവേറ്റാൻ നമുക്കൊരുമിച്ച് പ്രവർത്തിക്കാം.

സ്നേഹാദരങ്ങളോടെ,

നികുതി-ധനകാര്യ
സ്റ്റാന്റിംഗ് കമ്മറ്റിക്കുവേണ്ടി,

**ചെയർപേഴ്സൺ**
**ഭദ്ര ബി.**
**ഡെപ്യൂട്ടി മേയർ**

കൊച്ചി-11
23.03.2013